

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ


1997-2002

42-9

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത്
വികസന രേഖ



തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് ഭൂപടം



ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി ജനപ്രകൃതി

സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം, മത്സ്യകൃഷി

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളവും പൊതുജനാരോഗ്യവും

ഗതാഗതം, ഊർജം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സംസ്കാരം

വനിതാക്ഷേമം

സഹകരണം


പട്ടികജാതി, പട്ടികവർഗക്ഷേമം

വിഭവസമാഹരണം

ഉപസംഹാരം

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

ഭരണസമിതി



പ്രസിഡന്റ്
ജിജി ഏബ്രഹാം കറുകേലിൽ




വൈസ് പ്രസിഡന്റ്
മേഴ്സി ജോസഫ്



ചെയർമാൻ സ്റ്റാൻഡിംഗ് കമ്മറ്റി
ജയ്മോൻ തോമസ്

ശ്രീ. ഏബ്രഹാം കെ. ഒ.	(മെമ്പർ)
ശ്രീ. ചെറിയാൻ കുതിരവട്ടം	(മെമ്പർ)
ശ്രീമതി. പി. കെ. ജഗദമ്മ	(മെമ്പർ)
ശ്രീമതി. ലിസ്സി തോമസ്	(മെമ്പർ)
ശ്രീ. ടൈറ്റസ് ജി. വാണിയപ്പുരയ്ക്കൽ	(മെമ്പർ)
ശ്രീ. വി. റ്റി. തങ്കപ്പൻ	(മെമ്പർ)



1

ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അധികാര വികേന്ദ്രീകരണം ഒരു സ്വപ്നമായി അവശേഷിച്ചിരുന്നു. നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" സാക്ഷാൽകരിക്കുവാൻ 1993ൽ പഞ്ചായത്ത് രാജ് നിയമം പാസ്സാകുന്നതുവരെ കാത്തിരിക്കേണ്ടി വന്നു. 73-ാം ഭരണഘടന ഭേദഗതി പ്രകാരം ജനങ്ങൾക്ക് ഒട്ടേറെ അധികാരങ്ങൾ കൈവന്നിട്ടുണ്ട്. അതനുസരിച്ച് ഒൻപതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ഒൻപതാം പഞ്ചവൽസരപദ്ധതിയുടെ (1997-2002) മുഖമുദ്ര വികേന്ദ്രീകരണവും ജനപങ്കാളിത്തവും ആയിരിക്കും. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ കേരളം വളരെ മുന്നിലാണ്. ജീവിത നിലവാരം ഇത്രത്തോളം ഉയർന്ന സംസ്ഥാനം വേറെയില്ല. കേരളാ മോഡൽ വികസനം ഇന്ന് ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കണ്ടെത്തുന്നതിന് തങ്ങളുടെ പഞ്ചായത്തുകളുടെ സാഹചര്യങ്ങൾക്ക് അനുസൃതമായ വികസനത്തിന് ആവശ്യമായ പദ്ധതികൾ ജന പങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും ജനങ്ങൾക്ക് അവയുടെ മേൽനോട്ടം വഹിക്കുവാനുമുള്ള അധികാരം നൽകുന്നതിന്റെ ഭാഗമാണ് ജനകീയ ആസൂത്രണ പദ്ധതി.

നാം ഇതുവരെ സ്വീകരിച്ചു പോന്ന വികസന സമീപനങ്ങൾ കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെയോ, കേരളത്തിന്റെയോ പിന്നോക്കാവസ്ഥയ്ക്കു പരിഹാരമാവില്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിലാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങളുടെ വർദ്ധമാനമായ പങ്കാളിത്തം ആവശ്യമാണ്.

തീരുമാനമെടുക്കുന്നതിനുള്ള നിർണ്ണായകമായ അധികാരം ജനതയ്ക്കു പകർന്നു നൽകുവാനുള്ള ഈ തുടക്കം കേരളത്തിലെ ജനാധിപത്യത്തിന് സാർത്ഥകമായ മാനങ്ങൾ രചിക്കും. ഒരു പുത്തൻ വികസന രാഷ്ട്രീയത്തിന്റെ കക്ഷിഭേദത്തിനതീതമായ അലയൊലികൾ ഉയർന്നു കേൾക്കുന്നുണ്ട്.

ആസൂത്രണ പരിപാടിയിൽ ഗ്രാമീണ ജനങ്ങൾ പങ്കെടുക്കുന്നതോടെ ജനാധിപത്യവത്കരണത്തിന്റെ ഒരു പുതിയ യുഗം പിറക്കുകയാണ്. ഗ്രാമതല ആസൂത്രണത്തിലൂടെ ഒരു പുതിയ വികസന സംസ്കാരം നമുക്ക് വളർത്തിയെടുക്കാം.

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടികൾ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഗ്രാമസഭകൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. രണ്ടാംഘട്ടപരിപാടികൾ മുന്നേറികൊണ്ടിരിക്കുന്നു. വിവിധ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരങ്ങളും പഠനപര്യടനത്തിലൂടെ ലഭിച്ച വിവരങ്ങളും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ള രേഖകൾ.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനയജ്ഞത്തിൽ ഇന്നാട്ടിലെ എല്ലാ ബഹുമാന്യ വ്യക്തികളുടേയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു.


നമ്മുടെ ജനപ്രതിനിധികൾ

പ്രൊഫ. പി. ജെ. കുര്യൻ എം.പി.

ശ്രീമതി ശോഭനാ ജോർജ് എം. എൽ. എ.

ശ്രീമതി കെ. സരസ്വതിയമ്മ (ജില്ലാപഞ്ചായത്തംഗം)

ശ്രീ. സജി വെള്ളവന്താനം (ബ്ലോക്കുപഞ്ചായത്തംഗം)



2

പഞ്ചായത്ത് പൊതുവിവരങ്ങൾ

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് വികസന രേഖ -1996

പഞ്ചായത്തിന്റെ പേര്	:	തിരുവൻവണ്ടൂർ
ഉൾപ്പെടുന്ന വില്ലേജുകൾ	:	വടക്കേക്കര (ചെങ്ങന്നൂർ) തിരുവൻവണ്ടൂർ
ബ്ലോക്ക് പഞ്ചായത്ത്	:	ചെങ്ങന്നൂർ
താലൂക്ക്	:	ചെങ്ങന്നൂർ
അസംബ്ലി മണ്ഡലം	:	ചെങ്ങന്നൂർ
ജില്ല	:	ആലപ്പുഴ
അതിരുകൾ		
വടക്ക്	:	കുറ്റൂർ, നെടുമ്പ്രം പഞ്ചായത്തുകൾ
കിഴക്ക്	:	ചെങ്ങന്നൂർ നഗരസഭ
തെക്ക്	:	പാണ്ടനാട്, ചെങ്ങന്നൂർ നഗരസഭ
പടിഞ്ഞാറ്	:	പാണ്ടനാട്, കടപ്ര പഞ്ചായത്തുകൾ
ജനസംഖ്യ	:	15663
വാർഡുകൾ	:	9
പ്രസിഡന്റ്	:	ശ്രീ. ജിജി ഏബ്രഹാം കറുകേലിൽ
വൈ. പ്രസിഡന്റ്	:	ശ്രീമതി. മേഴ്സി ജോസഫ്
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ	:	ജയ്മോൻ തോമസ്

വാർഡ് മെമ്പറന്മാർ

ശ്രീ. കെ. ഒ. ഏബ്രഹാം	വാർഡ് I
ശ്രീമതി. മേഴ്സി ജോസഫ്	വാർഡ് II
ശ്രീ. ചെറിയാൻ കുതിരവട്ടം	വാർഡ് III
ശ്രീ. ജയ്മോൻ തോമസ്	വാർഡ് VI
ശ്രീ. ജിജി ഏബ്രഹാം കറുകേലിൽ	വാർഡ് V
ശ്രീമതി. പി. കെ. ജഗദമ്മ	വാർഡ് VI
ശ്രീമതി. ലിസി തോമസ്	വാർഡ് VII
ശ്രീ. ടൈറ്റസ് ജി. വാണിയപ്പുരക്കൽ	വാർഡ് VIII
ശ്രീ. വി. റ്റി. തങ്കപ്പൻ	വാർഡ് IX

പഞ്ചായത്ത് ഭരണ ചരിത്രം

തിരുവൻവണ്ടൂർ വില്ലേജ് യൂണിയൻ 1949-ൽ N.S.S. കരയോഗ മന്ദിരത്തിൽ വച്ച് പ്രസിഡണ്ട് ശ്രീമാൻ ആലുംമൂട്ടിൽ യോഹന്നാൻ ജയിക്കബ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. തിരുവല്ലാ കൃഷി ഇൻസ്പെക്ടറും യോഗത്തിൽ പങ്കെടുത്തിരുന്നു. അന്നത്തെ വില്ലേജ് യൂണിയൻ അംഗങ്ങൾ. എ. ജെ. ജയിക്കബ് (പ്രസിഡന്റ്), ജി. നാരായണ പിള്ള (വൈ. പ്രസിഡന്റ്), എൻ. കുഞ്ഞുകൃഷ്ണപിള്ള, കെ. എൻ. കൃഷ്ണപിള്ള, എൻ. നീലകണ്ഠൻ. മത്തായി വർക്കി എന്നിവരായിരുന്നു. ആകെ 345 രൂപയുടെ ബഡ്ജറ്റാണ് ഉണ്ടായിരുന്നത്. 1949-ലെ വില്ലേജ് യൂണിയൻ കമ്മറ്റി 1953 വരെ പ്രവർത്തിച്ചിരുന്നു. പാണ്ടനാട് പഞ്ചായത്ത് പൂർണ്ണമായും ഈ വില്ലേജ് യൂണിയന്റെ അധികാര പരിധിയിലായിരുന്നു.

തുടർന്ന് 1953-ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. റ്റി. റ്റി. കുരുവിള പ്രസിഡന്റായും ശ്രീ. ജി. എൻ. നമ്പൂതിരി വൈ. പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. കമ്മറ്റിയംഗങ്ങളായി ശ്രീ. വി. രാമചന്ദ്ര ഭട്ടതിരി, ശ്രീ. പി. വി. ഉണ്ണിത്താൻ, ശ്രീ. റ്റി. കെ. ചാക്കോ, ശ്രീ. പി. റ്റി. കണ്ണൻ, ശ്രീ. വറുഗീസ് നൈനാൻ, ശ്രീ. എ. ജെ. ജോൺ, ശ്രീ. റ്റി. കെ. ഏബ്രഹാം തുടങ്ങിയവർ തിരഞ്ഞെടുക്കപ്പെട്ടു. 1962 വരെ ഈ ഭരണസമിതി പ്രവർത്തിച്ചിരുന്നു.

1-1-1962 ലെ തിരുവൻവണ്ടൂർ പഞ്ചായത്ത് രൂപീകരണം നടന്നു. അതുവരെ വില്ലേജ് യൂണിയൻ ആയിരുന്നു. 1962-ൽ ശ്രീ. റ്റി. റ്റി. കുരുവിള പ്രസിഡണ്ടും, ശ്രീ. കെ. കെ. കോശി വൈസ്. പ്രസിഡണ്ടുമായുള്ള ഭരണസമിതി നിലവിൽ വന്നു. ശ്രീ. റ്റി. റ്റി. കുരുവിളയുടെ മരണശേഷം വൈസ് പ്രസിഡണ്ട് ശ്രീ. കെ. കെ. കോശി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.


(അവലംബം മിനിട്സ് രേഖകൾ 1949 മുതൽ 1962 വരെ)

തുടർന്ന് 1979-ൽ നടന്ന തിരഞ്ഞെടുപ്പിൽ പ്രസിണ്ടായി ശ്രീ. വാസുദേവപ്പണിക്കരും, വൈ. പ്രസിഡണ്ടായി ശ്രീ. കെ. ഐ. ചാണ്ടിയും തിരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാരായി ശ്രീമതി. രാജം എസ്സ്. നായർ, ശ്രീ. ചെറിയാൻ കുതിരവട്ടം, ശ്രീ. വിജയൻ സി. വി., ശ്രീ. കൃഷ്ണപിള്ള, ശ്രീ. ജനാർദ്ദനൻപിള്ള, ശ്രീ. പി. എസ്സ്. ഏബ്രഹാം എന്നിവരായിരുന്നു.

1988-ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. റ്റി. കെ. ഏബ്രഹാം താമരപ്പള്ളി പ്രസിഡണ്ടായും വൈസ്. പ്രസിഡണ്ടായി സുഭദ്രാ ബി. പിള്ളയും തിരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാരായി ശ്രീ. ചെറിയാൻ കുതിരവട്ടം, ശ്രീ. പി. എ. തോമസ്, ശ്രീ. റ്റി. കെ. ഫിലിപ്പ്, ശ്രീ. ഭാസ്കരൻ, ശ്രീ. കുഞ്ഞച്ചൻ ഏബ്രഹാം, ശ്രീ. ജനാർദ്ദനൻപിള്ള, ശ്രീമതി. റ്റി. കെ. പൊന്നമ്മ എന്നിവരായിരുന്നു. പ്രസിഡണ്ട് ശ്രീ. റ്റി. കെ. ഏബ്രഹാം താമരപ്പള്ളിയുടെ നിര്യാണത്തെത്തുടർന്ന് ശ്രീ. ചെറിയാൻ കുതിരവട്ടം പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1995-ൽനടന്ന പ്രഥമ ഗ്രാമപഞ്ചായത്തു തിരഞ്ഞെടുപ്പിൽ ശ്രീ. ജിജി ഏബ്രഹാം കറുകേലിൽ പ്രസിഡണ്ടായും ശ്രീമതി. മേഴ്സി ജോസഫ് വൈ. പ്രസിഡണ്ടായുമുള്ള ഭരണസമിതി നിലവിൽ വന്നു.

1962 മുതൽ നമ്മുടെ പഞ്ചായത്താഫീസ് കല്ലിശ്ശേരിയിലും തുടർന്ന് തിരുവൻവണ്ടൂരിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. നാട്ടുകാർ വിലകൊടുത്തു വാങ്ങിയ സ്ഥലത്ത് 1981 ൽ അന്നത്തെ പഞ്ചായത്തു ഡയറക്ടർ ശ്രീ. എം. സുബ്ബയൻ പുതിയ ഓഫീസിന്റെ ശിലാസ്ഥാപനം നടത്തി. 1984-ൽ ഇന്നു കാണുന്ന ഓഫീസ് ഉദ്ഘാടനം ചെയ്തു. അക്കാലത്തെ പ്രസിഡണ്ട് ശ്രീ. എം. ജി. വാസുദേവപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തു ഡയറക്ടർ ശ്രീ. എ. കെ. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ഒന്നാം നിലയുടെ ശിലാസ്ഥാപനം 5/12/94-ൽ പ്രസിഡണ്ട് ശ്രീ. ചെറിയാൻ കുതിരവട്ടം നിർവ്വഹിച്ചു. ഇപ്പോൾ ഇരുനില മന്ദിരത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്.



3

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

പൗരാണിക പ്രധാന്യമുള്ള തിരുവൻവണ്ടൂരിന് സമ്പന്നമായ സാംസ്കാരിക സാമൂഹ്യ ചരിത്ര പശ്ചാത്തലമാണുള്ളത്. അതിപുരാതനവും ചരിത്ര പ്രസിദ്ധവുമായ ക്ഷേത്രങ്ങളും ക്രിസ്തീയ ദേവാലയങ്ങളും തിരുവൻവണ്ടൂർ പഞ്ചായത്തിലുണ്ട്. ശംഖ്നാദങ്ങളും പള്ളിമണികളും നിറഞ്ഞു നിൽക്കുന്ന ഈ നാട്ടിൽ ഹൈന്ദവ ക്രൈസ്തവ ദേവാലയങ്ങൾ തോളോടു തോൾ ചേർന്നു നിൽക്കുന്നത് തിരുവൻവണ്ടൂരിന്റെ മഹനീയമായ മത സൗഹാർദ്ദത്തിന്റെയും ഉന്നതമായ സംസ്കാരത്തിന്റെയും മകുടോദാഹരണങ്ങളാണ്.

പുണ്യ നദിയായ പമ്പയിൽ തുടങ്ങി പമ്പയിൽത്തന്നെ അവസാനിക്കുന്ന ഈ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് പമ്പാ, മണിമല, വരട്ടാർ സംഗമം. ഈ നദികളുടെ സാമീപ്യം കൊണ്ട് ഫലഭൂയിഷ്ഠമാണ് ഇവിടുത്തെ മണ്ണ്.

തിരുവൻവണ്ടൂർ മഹാ ക്ഷേത്രത്തിന്റെ ചരിത്രം ഒഴിച്ചു നിർത്തി നമുക്ക് ഒരു ചരിത്രം രചിക്കുവാൻ സാധ്യമല്ല. പഞ്ച പാണ്ഡവന്മാരിൽ നകുലദേവൻ പ്രതിഷ്ഠിച്ച വൈഷ്ണവ ക്ഷേത്രമാണ് തിരുവൻവണ്ടൂരിലുള്ളത്. 1963-ൽ നടന്ന വിഗ്രഹ ലബ്ധി സ്മാരക യജ്ഞം ഈ പ്രദേശത്തിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമാണ്. ഈ പ്രദേശത്തിന്റെ പുരോഗതിക്കും പ്രശസ്തിക്കും കാരണമായ സംഭവ ബഹുലമായ ഈ ചരിത്രം വമ്പിച്ച സാമൂഹീക മാറ്റം ഈ പ്രദേശത്തുണ്ടാക്കി. ശ്രീ. ഗോശാലകൃഷ്ണ ക്ഷേത്ര നിർമ്മാണത്തോടുകൂടി തിരുവൻവണ്ടൂരിന് ആദ്ധ്യാത്മീക ചൈതന്യം കൈവന്നു.

പ്രശസ്തമായ കൂനൻകുരിശ് സത്യത്തിന് നേതൃത്വം നൽകിയ ഇട്ടിത്തൊമ്മൻ കത്തനാർ ചരിത്ര പ്രസിദ്ധമായ കല്ലിശ്ശേരി വലിയ പള്ളി ഇടവകാംഗവും അവിടെ കബറടങ്ങിയ ദിവ്യദേഹവുമാണ്.

സാംസ്കാരിക കേരളത്തിലെ ഉജ്വല നക്ഷത്രമായിരുന്ന ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് ഈ ഗ്രാമത്തിന്റെ മണ്ണിന് പവിത്രത കൈവന്നതായി പ്രൊഫ. എം. കെ. സാനുവിന്റെ ശ്രീനാരായണ ഗുരു സ്വാമി എന്ന ജീവചരിത്ര ഗ്രന്ഥത്തിലെ താഴെ കൊടുത്തിരിക്കുന്ന വരികളിൽ നിന്നും മനസ്സിലാക്കാം.

"പ്രസിദ്ധമായ ചിറപ്പുഴ പാലം കടന്നു വടക്കേക്കര ചെന്നപ്പോൾ ഏതാണ്ട് അഞ്ചരമണിയായിരുന്നു. അവിടെ മഴുക്കീർ എന്ന സ്ഥലത്തു റോഡിനരികിലുള്ള കുന്നംപ്രത്തു മി. നീലകണ്ഠന്റെ വക കോരക്കേരിൽ എന്ന വീട്ടിൽ സ്വാമിയോടൊന്നിച്ചു ഞങ്ങൾ താമസിച്ചു."

1904 ഇടവ മാസം 21-ന് ആയിരുന്നു ശ്രീനാരായണ ഗുരുദേവൻ ഇവിടം സന്ദർശിച്ചത്. കുരുക്കുവേലിൽ കുന്നംപ്രത്ത് മി. നീലകണ്ഠൻ 1949 മുതൽ തിരുവൻവണ്ടൂർ വില്ലേജ് യൂണിയൻ അംഗമായിരുന്നു.

സ്ഥലനാമ ചരിത്രം

തിരുവൻവണ്ടൂർ

തിരുവൻവണ്ടൂരിന്റെ പൂർവ്വ നാമം തിരുപാണ്ഡവയൂർ എന്നായിരുന്നു (അവലംബം ശ്രീഗോശാലകൃഷ്ണ സ്മരണിക 1985) പാണ്ഡവരുടെ പേരിലുള്ള പല സ്ഥല നാമങ്ങളും ഇത് ശരിവയ്ക്കുന്നു. ഏഴാം നൂറ്റാണ്ടിൽ തമിഴ് ഭക്ത കവിയായിരുന്ന നമ്മാഴ്വാർ ഇവിടം സന്ദർശിക്കുകയും ദേവനെക്കുറിച്ച് സ്തുതി ഗീതങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. പാണ്ഡവ ക്ഷേത്രങ്ങളായ തൃച്ചിച്ചാറ്റ്, തിരുവാറൻമുള തൃപ്പുലിയൂർ, തൃ

ക്കൊടിത്താനം എന്നിവയാണ് തിരുവൻവണ്ടൂരിനെ കൂടാതെയുള്ളത്. തിരുവൻവണ്ടൂർ എന്നാൽ മഹാവിഷ്ണു വന്ന സ്ഥലം എന്നും പറയപ്പെടുന്നു.

വനവാതുക്കര

പഞ്ച പാണ്ഡവർ വനവാസകാലത്തു പാർത്തിരുന്നുവെന്നു വിശ്വസിക്കുന്ന നാടാണ് വനവാതുക്കര. വനവാസക്കരയാണ് പിന്നീട് വനവാതുക്കരയായതെന്ന് ഐതീഹ്യം.

ഉമയാറ്റുകര

ആറ്റുതീരത്തുള്ള ഉമാദേവിയുടെ പാർവ്വതീദേവിയുടെ ക്ഷേത്രം സ്ഥിതി ചെയ്യുന്ന കരയ്ക്ക് ഉമയാറ്റുകരയെന്ന് പറയുന്നു. ഈ സ്ഥലം തിരുവൻവണ്ടൂർ പഞ്ചായത്തിലെ ഒൻപതാം വാർഡിലാണ്.

നന്നാട്

ഫലഭൂയിഷ്ടമായ നല്ല മണ്ണുള്ള നാട് നല്ലനാട് എന്നും പിന്നീട് നന്നാട് എന്നും അറിയപ്പെട്ടു.

കല്ലിശ്ശേരി

യഥാർത്ഥത്തിൽ കല്ലിശ്ശേരിയെന്നുള്ള സ്ഥല് ഇല്ലാ എന്നാണ് അറിയാൻ കഴിഞ്ഞത്. കല്ലിശ്ശേരി ഒരു പുരയിടത്തിന്റെ പേരായിരുന്നു. അവിടെ പള്ളി പണിതപ്പോൾ (AD 1580) കല്ലിശ്ശേരി പള്ളിയായും ആ സ്ഥലം പിന്നീട് കല്ലിശ്ശേരിയെന്നും അറിയപ്പെടുന്നു. റവന്യൂ റിക്കാർഡുകളിൽ ഉമയാറ്റുകരയെന്നും കല്ലിശ്ശേരി പള്ളി നിൽക്കുന്ന രണ്ടാം വാർഡ് മഴുക്കീർ മേൽ എന്നുമാണ് ഉള്ളത്. കല്ലിശ്ശേരി എന്ന പേരിൽ മാറിയ സ്ഥലനാമത്തിൽ ഒരു പോസ്റ്റോഫീസും ഒരു ഹൈസ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്.

മഴുക്കീർ

ശ്രീകൃഷ്ണൻ തുകലാസുരനെ വധിച്ച ശേഷം മഴുവെറിഞ്ഞുവെന്നു കരുതുന്ന സ്ഥലമാണ് മഴുക്കീർ. മഴുക്കീർ കീഴ് മഴുക്കീർ മേൽ എന്നീ രണ്ടു ഭാഗങ്ങളായിട്ടുള്ള തിരിവുമുണ്ട്. മഴുക്കീർ മേൽ ചെറിയ ചരിവോടുകൂടിയ മലമ്പ്രദേശമാണ്. ഒന്നാം വാർഡിലും മൂന്നാം വാർഡിലുമായിട്ടാണ് മഴുക്കീർ മേൽ.

ഇരമല്ലിക്കര

പമ്പാനദിയുടെയും മണിമലയുടേയും വരട്ടാറിന്റെയും സംഗമം കൊണ്ട് പവിത്രമാണ് ഇരമല്ലിക്കര. വടക്കു വശത്തുകൂടി മണിമലയും വരട്ടാറും. തെക്കുവശത്തുകൂടി പമ്പാനദിയും ഒഴുകി സംഗമിക്കുന്നു. അങ്ങനെ ഇരു നദികളുടെ മാലി അല്ലെങ്കിൽ ഇരുമാലികളുടെ കര ഇരമല്ലിക്കരയായെന്നും പറയുന്നു.


ദേശീയ സമര രംഗത്തും സാമൂഹ്യരംഗത്തും നിരവധി പ്രശസ്ത വ്യക്തികളെ സംഭാവന ചെയ്ത നാടാണ് തിരുവൻവണ്ടൂർ. 1918 ലെ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ചാക്കോ ചാക്കോ കല്ലിശ്ശേരി ഈ പഞ്ചായത്തു നിവാസിയായിരുന്നു. കൊച്ചുപാപ്പി പടിഞ്ഞാറേ പുരയ്ക്കൽ എന്ന പേരിലാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്. സാമൂഹീക പരിഷ്കർത്താവും സ്വാതന്ത്ര്യ സമര സേനാനിയുമായി രുന്നു. ചെങ്ങന്നൂർ മിൽസ് മൈതാനത്തു നടന്ന സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ലഹളയിൽ മൂന്നാം പ്രതിയുമായിരുന്നു. ചെങ്ങന്നൂർ റ്റി. ബി യുടെ കോൺട്രാക്ടറും അന്നത്തെ വലിയ സാമൂഹ്യപ്രവർത്തകനുമായിരുന്നു. മറ്റൊരു മഹാനായ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനായിരുന്നു ശ്രീ. കൊച്ചുതൊമ്മൻ താമരപ്പള്ളി ഇദ്ദേഹം എം. എൽ. സി. മെമ്പർ ആയിരുന്നു. സ്വാതന്ത്ര്യസമര സേനാനിയും അറിയപ്പെടുന്ന വ്യവസായിയും ആയിരുന്നു. തിരുവിതാംകൂറിലെ ആദ്യത്തെ തോട്ടമുടമയും ആയിരുന്നു.

(അവലംബം 100 years of legislative Bodies in Kerala 1888-1988)

. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 1946 കാലഘട്ടത്തിൽ പറയനാകുഴി പാലം പൊളിക്കലും തടിവെട്ടുകേസും എടുത്തു പറയാവുന്നവയാണ്. താമരപള്ളിൽ ശ്രീ. റ്റി. റ്റി. കുരുവിളയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ഒരു യൂണിറ്റും അന്നത്തെ കാലത്ത് പ്രവർത്തിച്ചിരുന്നു.

കൂടാതെ ഐ. എൻ. എ. ഭടനായിരുന്ന ശ്രീ. പി. സി. ഏബ്രഹാം മഠത്തിലേത്ത് പത്ത് വർഷത്തോളം ജപ്പാന്റെ തടവറയിൽ കഴിഞ്ഞ വ്യക്തിയാണ്. സ്വാതന്ത്ര്യ സമര സേനാനിയും ആയിരുന്നു. കൂടാതെ ഒട്ടനവധി സാമൂഹിക പ്രവർത്തകരേയും സംഭാവന ചെയ്ത നാടാണ് തിരുവൻവണ്ടൂർ.

അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഒരു കാലത്ത് നിലനിന്നിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ കടന്നു വരവും മറ്റ് സാമൂഹീക പരിവർത്തന പ്രക്ഷോഭങ്ങളും നിമിത്തം അവയ്ക്കറുതി വരുത്തുവാൻ കഴിഞ്ഞു. ജന്മി കുടിയാൻ വ്യവസ്ഥിതിയും മറ്റും ഭൂ പരിഷ്കരണ നിയമത്തോടുകൂടി ഇല്ലാതായി. സമ്പന്നമായ ഭൂതകാലത്തിന്റെ ആവേശം ഉൾക്കൊണ്ട് പുതിയൊരു വികസന സമീപനം ഉണ്ടാക്കുവാനുള്ള എളിയ പരിശ്രമം തുടങ്ങാം.



4

ഭൂപ്രകൃതി ജനപ്രകൃതി

അവലംബം

റവന്യൂ രേഖകൾ

കൃഷിഭവൻ രേഖകൾ, പഠന പര്യടനം

ഭൂപ്രകൃതി

ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതി 916 ഹെക്ടറാണ്. കൃഷിക്ക് ഉപയുക്തമായ ഭൂമി 816 ഹെക്ടറും, 100 ഹെക്ടറോളം ഭൂമി തരിശായി കിടക്കുന്നു. കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെറിയ ചരിവുണ്ടെന്ന് മാത്രം. കിഴക്ക് ഭാഗത്ത് ഒന്നും, രണ്ടും വാർഡുകളിൽ ചെമ്മൺ പ്രദേശങ്ങളാണ്. മറ്റ് പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായ പരിമരാശി മണ്ണാണ്. (താഴ്ന്ന ഭാഗങ്ങളിൽ വെള്ളപ്പൊക്കം മൂലം കൃഷിയിടങ്ങൾ ഫലഭൂയിഷ്ഠമാകാറുണ്ട്) പമ്പാ നദിയിൽ നിന്നും മണിമലയാറ്റിൽ നിന്നും ഉള്ള വെള്ളമാണ് നമ്മുടെ പഞ്ചായത്തിലേക്ക് വരുന്നത്.

രണ്ട് വാർഡുകളിൽ ചരിവാർന്ന ചെമ്മൺ പ്രദേശമാണുള്ളത്. ബാക്കി പ്രദേശങ്ങൾ നിരപ്പാർന്നതാണ്. അപ്പർ കുട്ടനാട് എന്നറിയപ്പെടുന്ന നെൽ കൃഷി പ്രദേശങ്ങളിൽ നമ്മുടെ വയലുകളും ഉൾപ്പെടും.

സസ്യങ്ങൾ

തെങ്ങ്, മാവ്, പ്ലാവ്, കമുക്, ശീമ പ്ലാവ്, ആഞ്ഞിലി, മരിച്ചീനി, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, ജാതി, കരിമ്പ് എന്നിവ വളരുന്നതിന് പറ്റിയ മണ്ണാണുള്ളത്. മിക്കവാറും എല്ലാ പുരയിടങ്ങളിലും തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതു കാണാം.

റബ്ബർ കൃഷി ഒന്ന് രണ്ട് വാർഡുകളിൽ പ്രചാരത്തിലുണ്ട്. കൂടുതൽ വാർഡുകളിൽ റബ്ബർ കൃഷി ആരംഭിക്കുവാൻ വേണ്ട പ്രോത്സാഹനം കർഷകർക്ക് കിട്ടുന്നില്ല.

വരട്ടാർ പൂർണ്ണമായും ഈ പഞ്ചായത്തിലാണ്. പമ്പാനദിയുടെ കൈവഴിയായ ഈ ആറിന്റെ നില പരിതാപകരമാണ്. ഒരു കാലത്ത് മഴുക്കീർ പള്ളിയോടവും, നിരവധി കരിമ്പ് വള്ളങ്ങളും കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന വരട്ടാർ ഇന്ന് ഭൂരിഭാഗവും കൃഷിയിടങ്ങളായി മാറി.

വരട്ടാറിന്റെ ശോച്യാവസ്ഥ കൃഷിയിടങ്ങളിലെ ജലദൗർലഭ്യം വർദ്ധിപ്പിച്ചു. കൃഷി കുറയുവാനുള്ള കാരണവും ഇതു തന്നെ.

നെൽപ്പാടങ്ങൾ മണ്ണിട്ടു നികത്തി പുരയിടമാക്കുകയും, വീടുകൾ പണിയുകയും ചെയ്യുന്നതുമൂലം കൃഷി കുറയുന്നുണ്ട്. പരിതസ്ഥിതി പ്രശ്നങ്ങളും ഇതുമൂലം ഉണ്ടാകുന്നുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട സംഗതി ഇഷ്ടിക നിർമ്മാണമാണ്. നെൽപ്പാടങ്ങളിൽ ഇഷ്ടിക നിർമ്മാണത്തിനുവേണ്ടി കുഴിക്കുകയും, ആ കുഴികളിൽ മറ്റ് കൃഷികൾ ഒന്നും ചെയ്യാൻ വയ്യാത്ത സ്ഥിതിയുമാണിന്നുള്ളത്. ഇതുമൂലം കാർഷിക മേഖലയിലെ തൊഴിൽ കുറയുകയും, നെൽകൃഷി വ്യാപകമായി കുറയുകയും

ചെയ്തു. ഇഷ്ടിക നിർമ്മാണ മൂലം പരോക്ഷമായി തൊഴിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഭൂപ്രകൃതിക്ക് എന്തായാലും കാര്യമായ മാറ്റം ഇതുമൂലം ഉണ്ടാവുന്നുണ്ട്.

പമ്പ, വരട്ടാർ, മണിമല തുടങ്ങിയ നദികളുടെ നദീതട പ്രദേശമായ തിരുവൻവണ്ടൂരിൽ വേനൽക്കാലത്ത് ശുദ്ധജല ക്ഷാമം അനുഭവപ്പെടാറുണ്ട്. ആറ്റിൽ നിന്നും ക്രമാതീതമായി മണൽ വാരുന്നതും, കൃഷിയിടങ്ങൾ കുഴിക്കുന്നതും, ജലനിരപ്പ് താഴുന്നതിനു കാരണമാണ്.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം	916 ഹെക്ടർ
വയലുകൾ	443 ഹെക്ടർ
പുരയിടം	466 ഹെക്ടർ
തെങ്ങ്	377 ഹെക്ടർ
വിരിപ്പ്, മുണ്ടകൻ	235 ഹെക്ടർ
പുഞ്ച	54 ഹെക്ടർ

ജനപ്രകൃതി

1991-ലെ കനേഷുമാരി കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 15663 ആണ്. 7955 സ്ത്രീകളും, 7708 പുരുഷന്മാരും, പുരുഷൻമാരേക്കാൾ 247 സ്ത്രീകൾ അധികമാണ്. വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം -10.05 ച. കീ.

വാർഡ്	ജനസംഖ്യ		ആകെ
നമ്പർ	പുരു	സ്ത്രീ	
I	683	580	1263
II	755	796	1551
III	861	900	1761
IV	826	917	1743
V	845	834	1679
VI	967	1008	1975
VII	899	967	1866
VIII	1053	1054	2107
IX	819	899	1718
ആകെ	7708	7955	15663

സംസ്ഥാന ജനസാന്ദ്രത ശരാശരി 749 ആലപ്പുഴ ജില്ലയിലാണ് ഉയർന്ന ജനസാന്ദ്രതയുള്ളത്. പഞ്ചായത്തിന്റെ സാന്ദ്രത 1559 ആണ്.

സാക്ഷരതാ ശതമാനം 85.1 ആകുന്നു. പുരുഷ സാക്ഷരത 85.57% ഉം, വനിതാ സാക്ഷരതാ 83.73% ആണ്. സാങ്കേതിക ബിരുദം, പ്രൊഫഷണൽ ബിരുദം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. വെക്കോഷണൽ ട്രയിനിങ്ങ് ലഭിച്ചവരുടെ എണ്ണത്തിൽ സ്ത്രീകളാണ് വളരെ പിന്നിൽ. ജനങ്ങളിൽ 33% ത്തോളം എസ്. എസ്. എൽ. സി. യോ അതിനു മുകളിലോ, വിദ്യാഭ്യാസം സിദ്ധിച്ചവരോ എന്നു കാണാം. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്.

വ്യവസായ സ്ഥാപനങ്ങളുടെ അപര്യാപ്തത തൊഴിൽ ഇല്ലായ്മ രൂക്ഷമാകുന്നുണ്ട്. നിരവധിയാളുകൾ സ്വയം തൊഴിൽ നേടിയവരാണ്. കാർഷിക മേഖലയിലെ തൊഴിലിനോടുള്ള താത്പര്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. വിദേശത്ത് പണിയെടുക്കുന്ന നിരവധിയാളുകളുണ്ട്. വിദേശത്ത് നിന്നെത്തുന്ന ഡ്രാഫ്റ്റുകളെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളുടെ എണ്ണവും കുറവല്ല.

കൂടുതൽ തൊഴിൽ അവസരങ്ങൾ കാർഷിക മേഖലയിലാണുള്ളത്. നെൽപ്പാടങ്ങളിലെ സ്ഥിതി ഒഴിച്ച് തൊഴിൽ രഹിതർ കൂടുതലും സ്ത്രീകളാണ്. പ്രത്യക്ഷമായ വരുമാനം ലഭിക്കുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. വ്യവസായ തൊഴിലാളികൾ ഇല്ല എന്നു തന്നെ പറയാം. സർക്കാർ ജീവ

വിവിധ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ പട്ടിക


തൊഴിൽ	പുരു	സ്ത്രീ
കാർഷികമേഖല	878	366
ഇഷ്ടിക വ്യവസായം	125	80
നാളികേരം കൊപ്രയാക്കൽ	70	
കരിമ്പാട്ടം	120	25
റൈസ് മില്ലുകൾ	12	-
മറ്റ് സേവന മേഖലകൾ	522	251

നക്കാരും, പെൻഷൻകാരും ഇട കലർന്നുണ്ട്. ഇഷ്ടിക വ്യവസായം നന്നാട്, തിരുവൻവണ്ടൂർ, ഇരമല്ലിക്കര പാടശേഖരങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും അതുമൂലമുള്ള പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. ഇഷ്ടിക നിർമ്മാണം, കാർഷിക മേഖലയിലെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഭീഷണിയാവുന്നു.


തൊഴിൽ രഹിതരിൽ 4026 പുരുഷന്മാരും 7075 സ്ത്രീകളുമാണുള്ളത്. സ്ത്രീകളുടെ സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കൂടുതൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പു വരുത്തണം.

ജാതിയുടെയും, സമുദായത്തിന്റെയും, സ്വാധീനം കുറഞ്ഞു വരികയാണ്. ചേരിതിരിവുകൾ കുറഞ്ഞിരിക്കുന്നു. മതസൗഹാർദ്ദം നിലനിൽക്കുന്നു. വിവിധ മതസ്ഥർ തമ്മിൽ സ്നേഹാദരങ്ങളോടെ കഴിയുന്നു. ഈ സാഹചര്യം നമ്മുടെ നാടിന്റെ പുരോഗതിക്ക് അനുപേക്ഷണീയമാണ്. പഞ്ചായത്തിന്റെ പുരോഗതിക്ക് സമുദായ സംഘടനകൾക്ക് വളരെ വലിയ പങ്ക് വഹിക്കുവാൻ കഴിയും. ജനങ്ങളുടെ സഹകരണമില്ലെങ്കിൽ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് പിന്നോട്ടടിയുണ്ടാകാം. കർമ്മോത്സുകരായ ജനങ്ങളുടെ പിന്തുണയോടു കൂടി മാത്രമേ വികസനപ്രവർത്തനങ്ങൾക്ക് സാധ്യമാകൂ.

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരം ഇതു മാത്രമാണ്.



സാമൂഹിക സാമ്പത്തിക മേഖലകൾ



5

കൃഷിയും ജലസേചനവും

അവലംബം

കൃഷിഭവൻ രേഖകൾ

കേരള ലാന്റ് യൂസ് ബോർഡ്

പഠന പര്യടനം

ഭൂമിശാസ്ത്രപരമായ വിസ്തൃതി: 916 ഹെക്ടർ

പുരയിടം : 466 ഹെക്ടർ

വയൽ : 450 ഹെക്ടർ

കിഴക്ക് തെക്കായി പമ്പാനദിയും, വടക്ക് പടിഞ്ഞാറായി വരട്ടാറും സമ്പുഷ്ടമാക്കുന്ന തീര സമതല പ്രകൃതിയുള്ള ഭൂമിയാണ്.

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയായ 916 ഹെക്ടർ പ്രദേശത്തിൽ 816 ഹെക്ടർ ഭൂമി കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഈ പ്രദേശങ്ങൾ ജലസമ്പുഷ്ടമായ പമ്പയിലൂടെ കാലങ്ങളായി ഒഴുകി എത്തി അടിഞ്ഞ എക്കൽ പ്രദേശമാണ് ഏറിയപങ്കും. എങ്കിലും I, II, III വാർഡുകളിലെ ചില പ്രദേശങ്ങൾ താരതമ്യേന ഉയർന്നു കാണപ്പെടുന്നു. ഈ മേഖലകളിലെ ചുരുക്കം ചില പ്രദേശങ്ങളിൽ റബ്ബർ കൃഷി കണ്ടു വരുന്നു. ജലസേചനത്തിനായി പമ്പയും, പമ്പാ ഇറിഗേഷൻ പദ്ധതിയും ആണ് പ്രധാനമായ് ആശ്രയിക്കുന്നത്. ഇവിടുത്തെ കാർഷിക കുടുംബങ്ങൾ 3238 ആണ്. അവരിൽ 3041 പ്രായോഗിക കർഷക കുടുംബങ്ങളാണ്.

നെൽകൃഷി

പഞ്ചായത്തിലെ നെൽകൃഷിക്ക് യോഗ്യമായ പ്രദേശം 443 ഹെക്ടർ ആണ്. ഇവിടെ ചുരുക്കം ചില പാടങ്ങൾ ഒഴിച്ചാൽ ഏറിയ പങ്കും ഒരു പൂ നിലങ്ങളാണ്. മുമ്പെന്നത്തേക്കാളും കാർഷികമേഖല ഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. നെൽ വയലുകളുടെ വിസ്തൃതി കുറഞ്ഞു വരുന്നു. പല മുടന്തൻ ന്യായങ്ങളുടെ പേരിലും നെൽവയൽ മറ്റാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്തു വരികയാണ്. നെൽ വയൽ കുഴിച്ച് ഇഷ്ടിക നിർമ്മാണത്തിനും, നികത്തി വീടുവയ്ക്കുന്നതിനും മറ്റ് നാണ്യ വിളകൾ വച്ചു പിടിപ്പിക്കുന്നതിനും ആയി ഉപയോഗിച്ചു വരുന്നു.

ഇവിടെ പരമ്പരാഗത വിത്തിനങ്ങൾക്കു പറമെ അത്യുൽപാദനശേഷിയുള്ള ജ്യോതി, ത്രിവേണി, മകം എന്നിവ ഉൾപ്പെടെ ഉള്ള വിത്തിനങ്ങളും കൃഷി ചെയ്തു വരുന്നു.

നെൽകൃഷിയുടെ ഉൽപാദന ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും, അനുപാതികമായ വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നെൽകൃഷി ലാഭകരമല്ല എന്ന പരാതി ഉണ്ട്. ഇതിന്റെ പേരിൽ ഏറിയ പങ്കും കൃഷിയിടങ്ങൾ തരിശിടുന്നതിനോ, മറ്റ് കൃഷികൾ ചെയ്യുന്നതിനോ താൽപര്യം കാട്ടുന്നു. കൂടാതെ മതിയായ ജലസേചന സൗകര്യങ്ങൾ ഇല്ലാത്തത് കൊണ്ട് രണ്ടാം കൃഷി ബുദ്ധിമുട്ടായി തീർന്നിരിക്കുന്നു. അതിനാൽ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തേണ്ടത് ആവശ്യമായിരിക്കുന്നു. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് തോടുകൾ, ചാലുകൾ, ബണ്ടുകൾ, ചീർപ്പുകൾ എന്നിവ പുനരുദ്ധരിക്കേണ്ടതാണ്. മികച്ചയിനം വിത്തുകൾ ഉപയോഗിക്കുന്നതോടൊപ്പം യന്ത്രവൽക്കരണവും സാദ്ധ്യമാകുക വഴി കൃഷി ചെലവുകൾ കുറച്ച് ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. നെല്ലിന് ന്യായമായ വില ലഭിക്കുന്നതിന് സംഭരണ വിപണന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തെങ്ങ്

ഈ പഞ്ചായത്തിൽ 377 ഹെക്ടർ പ്രദേശത്ത് തെങ്ങു കൃഷി നടത്തി വരുന്നു. ഇവയിൽ ഏറിയ പങ്കും പരമ്പരാഗത ഇനങ്ങളാണ്.

തെങ്ങിന് തിരുവിതാംകൂറിൽ കാണപ്പെടുന്ന രോഗ കാഠിന്യം ഇവിടെയും കാണുന്നു. നാളികേരത്തിന്റെ ഉൽപാദനക്ഷമത വളരെ കുറവാണ്. ഇവ വർദ്ധിപ്പിക്കുന്നതിലേക്ക് മികച്ചയിനം വിത്തുകളും, ജലസേചന സൗകര്യങ്ങൾ, ശാസ്ത്രീയ സംരക്ഷണങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ സാധ്യമാക്കേണ്ടതാണ്. കാറ്റ് വീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി നശിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

കരിമ്പ്

കേരളത്തിൽ പ്രധാന വിളകളിൽ പെടുന്ന കരിമ്പ് ഈ പഞ്ചായത്തിൽ പടിഞ്ഞാറൻ ഭാഗങ്ങളിൽ കൂടുതലായി കൃഷി ചെയ്തു വരുന്നു. വിപണന അനശ്ചിതത്വവും, ന്യായ വില ലഭിക്കാതിരിക്കുന്നതും, കരിമ്പു കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

റബ്ബർ

മറ്റ് കൃഷികളെ അപേക്ഷിച്ച് ഇവിടെ റബ്ബർ താരതമ്യേന കുറവായി കാണപ്പെടുന്നു. എങ്കിലും ഇതിനുള്ള സാധ്യത വളരെ വലുതാണ്. അതിനാൽ ഉയർന്ന ഭൂപ്രദേശങ്ങളായ 1, 2 ,3 വാർഡുകളിൽ ഉൾപ്പെടെ ഉള്ള ഭൂമികൾ റബ്ബർ കൃഷിക്ക് അനുയോജ്യമാണ്. സബ്സിഡികൾ ഉൾപ്പെടെ ഉള്ള പ്രോത്സാഹനങ്ങൾ നൽകിയാൽ കൂടുതൽ പുതിയ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാവുന്നതാണ്.

കുരുമുളക്

വരും കാല പഞ്ച വത്സരപദ്ധതികളിൽ മലയാളകരയുടെ കറുത്ത പൊന്നായ കുരുമുളകിന് വേണ്ടത്ര പ്രാധാന്യം നൽകി സ്വാഗതം ചെയ്യേണ്ടത് അനിവാര്യമാണ്. വേണ്ടത്ര പ്രാധാന്യം നൽകി മികച്ച് ഇടവിളയായ് ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായ് മികച്ച കുരുമുളക് വള്ളികൾ കൂടുതൽ അളവിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

കൊക്കോ

ഇട വിളയായ കൊക്കോ കൃഷി പല കർഷകരും വിലയിടിവിനെ തുടർന്ന് അവഗണിച്ചിരുന്നെങ്കിലും കർഷകർ ഈ കൃഷിയിലേക്ക് താത്പര്യം കാട്ടിത്തുടങ്ങിയിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റിൽ കൊക്കോ ഉൽപ്പന്നങ്ങൾക്ക് വളരെ അധികം സാധ്യതകൾ കാണുന്നതിനാൽ ഉൽപാദനക്ഷമത കുറഞ്ഞ നിലവിലുള്ള തോട്ടങ്ങൾ പുനഃരുദ്ധരിക്കുകയും പുതിയതായി കർഷകരെ ഈ മേഖലയിലേക്ക് കൊണ്ടു വരുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു.

പച്ചക്കറികൾ

ഉപഭോക്യത സംസ്ഥാനമായ കേരളം എന്ന നിലയിൽ പച്ചക്കറികൾക്കും മറ്റു സംസ്ഥാനങ്ങളെയാണ് നമ്മൾ ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ പച്ചക്കറി കൃഷികൾക്കായുള്ള സാധ്യതകൾ വളരെ വലുതാണ്. മികച്ചയിനം വിത്തുകളും, മറ്റ് ഉൽപാദനോപാദികളും നൽകി നിലവിലുള്ള കൃഷികളുടെ വ്യാപ്തി വർദ്ധിപ്പിക്കണം. സ്ത്രീകൾ, വിദ്യാർത്ഥികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബഹുത്പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

കശുമാവ്

നന്നേ ഏറിയ കുറവായ കശുമാവ് കൃഷിക്ക് ഉയർന്ന പ്രദേശങ്ങളിൽ വളരെ സാധ്യതകൾ കാണുന്നു. ഇവ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് മികച്ച നടീൽ വസ്തുക്കളും സാങ്കേതിക സഹായവും ലഭ്യമാക്കാവുന്നതാണ്.

മറ്റ് ഫല വർഗ്ഗങ്ങൾ

സംസ്ഥാനത്ത് പൊതുവെ പരമ്പരാഗത ഫലവർഗ്ഗങ്ങളായ പപ്പയാ, വാഴപ്പഴം,. കൈതച്ചക്ക, മാമ്പഴം, ചക്ക, പേര തുടങ്ങി മറ്റു ഫലങ്ങളുടെ ഉദ്പാദനം

നന്നേ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയുടെ ഉദ്പാദനം വർദ്ധിപ്പിച്ച് വിളവെടുപ്പ് കാലങ്ങളിൽ ഇവയെ സംഭരിച്ച് സംസ്കരണത്തിനുവേണ്ടി സഹായങ്ങൾ നൽകിയാൽ അനേകം തൊഴിൽ സാധ്യതകളുള്ള ഒരു പുതിയ മേഖലയെ നമുക്ക് വളർത്തി എടുക്കുവാൻ സാധിക്കും.

പയർവർഗ്ഗങ്ങൾ

പ്രധാന മാംസ്യാഹാരമായ പയർ വർഗ്ഗങ്ങളുടെ കൃഷി വിളവെടുപ്പിനുശേഷം നെൽപാടങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള സാധ്യതകൾ അനന്തമാണ്. മുതിര, ഉഴുന്ന് മുതലായ ഔഷധ പ്രാധാന്യമുള്ള പയർ വർഗ്ഗങ്ങൾ ഏകദേശം ഇല്ലാതിരിക്കുന്നു.

കിഴങ്ങു വർഗ്ഗങ്ങൾ

പരമ്പരാഗത കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, മധുരകിഴങ്ങ് എന്നിവയ്ക്ക് വ്യവസായികമായി വളരെ സാധ്യതകൾ ഉണ്ടെങ്കിലും നിലവിൽ ഇവയുടെ കൃഷി വ്യാപ്തി വളരെ കുറഞ്ഞു വരുന്നു.

എണ്ണക്കുരുക്കൾ

സസ്യ എണ്ണകളുടെ ഇന്നത്തെ പ്രാധാന്യം കണക്കിലെടുത്ത് ഇവിടെ കൃഷി യോഗ്യമായ എള്ള് പോലെയുള്ള എണ്ണക്കുരുക്കൾ കൃഷി ചെയ്യുന്നതിലേക്ക് കേന്ദ്രഗവൺമെന്റ് നൽകുന്ന ടെക്നോളജി മിഷ്യൻ പോലെയുള്ള സഹായങ്ങൾ ഇതിനും നൽകേണ്ടതാണ്. അതുപോല തന്നെ എണ്ണപ്പന, നിലക്കടല തുടങ്ങിയവയുടെ കൃഷി സാധ്യതകളും പരിശോധിക്കാവുന്നതാണ്.

പുഷ്പ കൃഷി

പുഷ്പ കൃഷിയുടെ പ്രാധാന്യം ഇന്നും നമ്മുടെ പഞ്ചായത്തിൽ എത്തിയിട്ടില്ല. വാണിജ്യ സിരാ കേന്ദ്രമായ ചെങ്ങന്നൂരിന് സമീപം കിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ സാധ്യതകൾ വളരെ വലുതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടിക്കൾച്ചർ കോപ്പറേഷൻ, കൃഷി വകുപ്പ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ഓർക്കിഡ്, അന്തൂറിയം, കുറ്റിമുല്ല, ജമന്തി തുടങ്ങിയവയുടെ കൃഷി വളർത്തിയെടുക്കാവുന്നതാണ്.

ഔഷധച്ചെടി വികസനം

നശിച്ചു കൊണ്ടിരിക്കുന്ന ഔഷധചെടികൾ സംരക്ഷിക്കുകയും അവ വാണിജ്യ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിനുള്ള സാധ്യതകളും വളർത്തിയെടുക്കേണ്ടതാണ്. ഇതിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് ഇവരെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

പ്രശ്നങ്ങൾ

1) നെല്ലുല്പാദനരംഗത്ത് ഒട്ടേറെ പ്രശ്നങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. വിത്ത്, വളം എന്നിവയുടെ അടിക്കടിയുള്ള വില വർദ്ധനവ് കർഷകരെ നെല്ലുൽപാദന മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നു. കൂടാതെ വർധിച്ച തോതിലുള്ള കൂലി ചെലവും, കർഷകർക്കും താങ്ങാനാവുന്നില്ല. സമയം സമയങ്ങളിൽ ജലം ലഭ്യമല്ലാത്തതിനാൽ കൃഷി നഷ്ടത്തിൽ കലാശിക്കുന്നു.

2) ആധുനിക കൃഷി രീതികൾ കർഷകർ പരിശീലിപ്പിക്കാത്തതും, നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നതും ഉൽപാദനത്തെ പിന്നോട്ടടിക്കുന്ന ഘടകങ്ങളാണ്.

3) സമയാസമയങ്ങളിൽ പി. ഐ. പി. കാനാലുകളിൽ കൂടി ജലം ലഭിക്കാത്തത് കർഷകരെ നിരാശരാക്കുന്നു.

4) തിരുവൻവണ്ടൂർ പഞ്ചായത്തിലെ മുഖ്യ ജല സ്രോതസ്സ് ആയിരുന്ന വരട്ടാറിന്റെ ഇന്നത്തെ അവസ്ഥ കൃഷി കുറയുന്നതിന് കാരണമായി.

5) തെങ്ങിന്റെ കാറ്റു വീഴ്ചയ്ക്ക് പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

6) നാളീകേര ഉൽപാദനം ഗണ്യമായി കുറഞ്ഞു. പുതിയ വിത്തിനം ലഭിക്കുന്നില്ല.

7) നല്ല നടീൽ വസ്തുക്കൾ കർഷകർക്ക് യഥാസമയം ന്യായവിലയ്ക്ക് കിട്ടുന്നില്ല.

8) ജൈവ വളങ്ങൾ വേണ്ടത്ര അളവിൽ ഉപയോഗിക്കാൻ കർഷകർക്ക് കഴിയുന്നില്ല.

9) കാർഷിക വായ്പ ലഭിക്കുവാൻ കർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നു.

10) വിള ഇൻഷ്വറൻസ് ആനുകൂല്യം അപര്യാപ്തമാണ്.

11) കൃഷിയെ ബാധിക്കുന്ന രോഗകിട ബാധകൾക്കെതിരെ ഫലപ്രദമായ പ്രതിരോധ നടപടികൾ

യഥാകാലം പ്രയോഗിക്കുവാൻ കർഷകർക്കു കഴിയുന്നില്ല.

12) നിലവിലുള്ള കൃഷി രീതികൾ പൊതുവെ അശാസ്ത്രീയമാണ്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം.

13) അശാസ്ത്രിയമായ രാസവള കീടനാശിനി പ്രയോഗം മണ്ണിന്റെ ജൈവസമൃദ്ധി നഷ്ടപ്പെടുത്തുന്നു.

14) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കർഷകർ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നു.

15) പച്ചക്കറി കൃഷി ഒറ്റപ്പെട്ട പ്രവർത്തനമായി ഒതുങ്ങി നിൽക്കുന്നു.

16) യുവജനങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറയുന്നു.

17) പുളിക്കീഴിലുള്ള പമ്പാ ഷുഗർ ഫാക്ടറി പഞ്ചസാര ഉൽപാദനം നിർത്തിയതുമൂലം കരിമ്പ് കർഷകർ ഇന്ന് വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

18) കരിമ്പ് കൃഷി മേഖലയിലുള്ള വർദ്ധിച്ച കൂലി ചിലവ് കരിമ്പ് കൃഷി കുറയുന്നതിന് കാരണമാകുന്നു.

സാധ്യതകൾ

1) കൃഷി ചെലവ് കുറക്കുന്നതിലേക്ക് ഗുണമേന്മയുള്ള ഉൽപാദനോപാധി ന്യായവിലക്ക് ലഭ്യമാക്കുക.

2) യന്ത്രവൽക്കരണം സാധ്യമാക്കുക.

3) ബൗദ്ധീകമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്ക് കൃഷി ആഫീസുകളിലും മറ്റും കമ്പ്യൂട്ടർവത്കരണം തുടങ്ങിയവ സാധ്യമാക്കുക.

4) ന്യായവില ലഭ്യമാക്കുന്നതിലേക്ക് കാർഷിക വില നിർണ്ണയ ബോർഡ്, കോ ഓപ്പറേറ്റീവ്, അഗ്രിക്കൾച്ചറൽ മാർക്കറ്റിങ്ങ് എന്നീ ധനതത്വശാസ്ത്രീയ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുകയും, ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണ കേന്ദ്രങ്ങൾ പൊതുവായി നടപ്പാക്കുകയും വേണം.


5) കൃഷികളുടെ ജീവ നാഡിയായ ജലദൗർലഭ്യം ഇല്ലാതാക്കാൻ ബന്ധപ്പെട്ട ജലസേചന പദ്ധതികളും, മണ്ണു സംരക്ഷണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

6) കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷക തൊഴിലാളികൾക്ക് കൃഷിയോട് ആഭിമുഖ്യം വരുന്ന പദ്ധതികളും അവരുടെ സാങ്കേതിക ജ്ഞാനം വർദ്ധിപ്പിക്കുന്നതിലേക്ക് പ്രത്യേക പരിശീലന പരിപാടികളും നടപ്പിലാക്കേണ്ടതാണ്.

7) മികച്ചയിനം വിത്തുകൾ ലഭ്യമാക്കുന്നതിലേക്ക് സ്വകാര്യ മേഖലയിൽ കൂടുതൽ നേഴ്സറികൾ സ്ഥാപിക്കണം.

പഞ്ചായത്തിൽ കൃഷി ചെയ്യുന്ന കൃഷികളുടെ വിവരവും വിസ്തൃതിയും

ആകെ വിസ്തീർണ്ണം	916 ഹെക്ടർ
തെങ്ങ്, കമുക്, നാടൻ വാഴകൾ	373 ഹെക്ടർ
നെല്ല് (ചിരിപ്പ്, മുങ്ങകൻ, പുഞ്ച)	443 ഹെക്ടർ
കരിമ്പ്	128 ഹെക്ടർ
കൊക്കോ	13 ഹെക്ടർ
കുരുമുളക്, പയർവർഗ്ഗങ്ങൾ	5 ഹെക്ടർ
പച്ചക്കറികൾ	6 ഹെക്ടർ
ഫലവർഗ്ഗങ്ങൾ	20.5 ഹെക്ടർ
മറ്റു വിളകൾ	21.5 ഹെക്ടർ



6

മൃഗസംരക്ഷണം

കാർഷീക മേഖലയുടെ അനുബന്ധമായി വികസിപ്പിച്ചെടുക്കേണ്ടതാണ് മൃഗസംരക്ഷണമേഖല. അതുകൊണ്ടു തന്നെ കാർഷീക മേഖലയിലുണ്ടാകുന്ന മുരടിപ്പ് സ്വാഭാവികമായും മൃഗസംരക്ഷണ മേഖലയേയും ബാധിക്കും.

കാർഷിക ബന്ധിതമായ സമ്പദ്ഘടനയുള്ള കേരളത്തിലെ ഗ്രാമവികസനത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ് കാർഷിക മൃഗസംരക്ഷണ മേഖലയിലെ പുരോഗതിയും വികസനവും. കേരളത്തിലെ അമ്പതു ലക്ഷത്തിലേറെ വരുന്ന തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിന് ഈ രംഗത്തെ ആശ്രയിക്കാതെ തരമില്ല. ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ദൈനംദിന വരുമാന വർദ്ധന, പോഷക പ്രധാന ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോൽപ്പാദനം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസ്സീയൻ, കൊഴുപ്പ് എന്നിവയുടെ ഉൽപ്പാദനം, കാർഷിക മേഖലയ്ക്കു ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിയക്കുന്നതിനുമുള്ള മൃഗശക്തി, ബയോഗ്യാസ് പോലെയുള്ള പാരമ്പര്യ ഊർജ സ്രോതസ്സ് എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. പേവിഷ ബാധാ നിയന്ത്രണം, നിർമാർജനം, മാംസ പരിശോധനയിലൂടെ സംശുദ്ധമായ മാംസോത്പാദനം എന്നിവ ഈ മേഖലയിലെ പൊതുജനാരോഗ്യ സേവനങ്ങളാണ്.

കന്നുകാലി സമ്പത്തിന്റെ 94% സംസ്ഥാനത്തിന്റെ ഗ്രാമ പ്രദേശങ്ങളെ കേന്ദ്രീകരിച്ചിരിക്കുന്നു. കന്നുകാലിയുടമകളിൽ ഭൂരിഭാഗവും ചെറുകിട നാമമാത്രകർഷകരും, കർഷക തൊഴിലാളികളും ആയതു കൊണ്ട് ഇത് ഗ്രാമീണ സമ്പത്ത് വ്യവസ്ഥ ശക്തമാക്കും. ഇതിൽ അദ്ധ്വാനത്തിന്റെ 60% ഗ്രാമീണ സ്ത്രീകളിൽ നിന്നുമാണ്. ഈ മേഖലയിൽ 5% വളർച്ചാ നിരക്ക് ഉണ്ടെന്നാണ് വിലയിരുത്തൽ. ആയതിനാൽ ഈ മേഖലയിലെ വളർച്ച ഗ്രാമീണ സമ്പദ്ഘടനയെ സുദൃഡമാക്കും.

മൃഗ സംരക്ഷണ മേഖലയിലെ പ്രധാന നേട്ടങ്ങൾ പാലുൽപ്പാദനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. (പാലുൽപ്പാദനം 1964-65- 2.21 ലക്ഷം ടൺ, 1995-96- 22.46 ലക്ഷം ടൺ) സമഗ്രമായ ആസൂത്രണത്തിൽ കൂടെ മുട്ട മാംസാലുപ്പാദന രംഗത്തും വിപ്ലവകരമായ മുന്നേറ്റം കൈവരിക്കാവുന്നതാണ്. പ്രതിശീർഷക വരുമാനത്തിന്റെ 10.58% മൃഗസംരക്ഷണ മേഖലയിൽ നിന്നുമാണ്. എന്നാൽ ഇതിനുവേണ്ടി ചിലവാക്കുന്നത് 1.33% സാമ്പത്തികം മാത്രമാണ്.

തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഇപ്പോൾ സങ്കരയിനം കറവമാടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുകയും നാടൻ കറവമാടുകളുടെ എണ്ണം കുറഞ്ഞു വരികയുമാണ്. തിരുവൻവണ്ടൂർ പഞ്ചായത്തിലെ കർഷകർ 1995 വരെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി വെറ്റിനറി പോളിക്ലിനിക്ക് ചെങ്ങന്നൂരിനെയാണ് ആശ്രയിച്ചിരുന്നത്. ഈ പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾ പ്രധാനമായും പശു, ആട് എന്നിവയാണ്. ചുരുക്കമായി എരുമകളെയും വളർത്തുന്നുണ്ട്. പ്രധാന പക്ഷികൾ, കോഴികളാണ്.

മൃഗങ്ങളുടെ ഇനം	സങ്കരയിനം പശു	നാടൻ പശു	എരുമ	ആട്	കോഴി	താറാവ്	പ്രോൾട്രി ഉൾപ്പെടാത്ത മൃഗങ്ങളുടെ മൊത്തം സംഖ്യ
എണ്ണം	740	376	6	300	ലഭ്യമല്ല	ലഭ്യമല്ല	4453

(1987-ലെ കാനേഷ്മാരി കണക്കു പ്രകാരം)

വിരളമായി താറാവ് കൃഷി ചെയ്യുന്നവരുമുണ്ട്. കാളവണ്ടി, കലപ്പ എന്നിവയുടെ ഉപയോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. തിരുവൻവണ്ടൂർ പഞ്ചായത്തിലെ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ. ഡി. ഡി. പി. സബ് സെന്ററാകുന്നു. 1995 മാർച്ച് 31-മ് തീയതി മുതൽ വെറ്റിനറി ഡിസ്പൻസറി പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്തിലെ മൃഗ സംരക്ഷണ സ്ഥാപനങ്ങൾ

1990 മെയ് 2-ാം തീയതി ആരംഭിച്ച ഐ. സി. ഡി. പി. സബ് സെന്ററാണ് ഈ മേഖലയിലെ മൃഗ

സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	സ്റ്റാഫ്	ശരാശരി ഒരു ദിവസം കേസ്	ഇൻസമിനേഷൻ
മൃഗാശുപത്രി	31-3-1995	3	6	ഇല്ല
ഐ. ഡി. ഡി. പി. സബ് സെന്റർ	2-5-1990	1	ഇല്ല	2

സംരക്ഷണ വകുപ്പിന്റെ ആദ്യത്തെ സ്ഥാപനം. ഇത് തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ ഏഴാം വാർഡിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നു. ഈ സ്ഥാപനത്തിൽ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പക്ടർ മാത്രമേ ഇപ്പോഴുള്ളൂ. പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക ഒഴിവാണ്. മേൽ പറഞ്ഞ സ്ഥാപനങ്ങൾ കറന്റ്, വെള്ളം മറ്റ് പ്രാഥമിക സൗകര്യങ്ങൾ ട്രവിഡ് മുതലായവയില്ല.

1995 മാർച്ച് 31-ാം തീയതി ഈ പഞ്ചായത്തിലെ വെറ്റിനറി ഡിസ്പൻസറി പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനം ഇപ്പോൾ തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ ഒൻപതാം വാർഡിലെ സംസ്കാരിക നിലയത്തിന്റെ ഒരു ഭാഗത്ത് പ്രവർത്തിച്ചു വരുന്നു. ഇത് പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിൽ ആയതിനാൽ പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ളവർക്ക് ഈ സ്ഥാപനത്തിലെ സേവനങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഈ വെറ്റിനറി ഡിസ്പൻസറിയിൽ വെറ്റനറി സർജൻ-1, അറ്റന്റൻറ് -1, പാർട്ട് ടൈം സ്വീഷർ -1 എന്നീ തസ്തികളിൽ ആളുണ്ട്. ലൈവ് സ്റ്റോക്ക് ഇൻസ്പക്ടർ തസ്തിക ഒഴിവാണ്. ഈ സ്ഥാപനത്തിൽ കറന്റ്, വെള്ളം, പ്രാഥമിക സൗകര്യങ്ങൾ, ബീജസങ്കലനത്തിനുള്ള സംവിധാനം, ട്രവിസ് മുതലായ സൗകര്യങ്ങളില്ല. പ്രതിരോധ കുത്തിവെയ്പിനുള്ള വാക്സിനുകൾ സൂക്ഷിക്കുവാൻ വേണ്ടി റഫ്രിജറേറ്റർ വളരെ അത്യാവശ്യമായ കാര്യമാണ്. കൂടാതെ സ്റ്റെറി ലൈസർ, ലബോറട്ടറി സൗകര്യങ്ങൾ, മൈ ക്രോസ് കോപ്പ് എന്നിവയും പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളാണ്. ആശുപത്രിക്ക് സ്വന്തമായ ഒരു കെട്ടിടം ഒരു അത്യാവശ്യ ഘടകമാണ്. ആശുപത്രിയിലെ ഡോക്ടർക്ക് താമസിക്കുവാൻ ഒരു വീടും ആശുപത്രി പരിസരത്തുണ്ടായിരിക്കുന്നപക്ഷം ഡോക്ടറുടെ സേവനം 24 മണിക്കൂറും പഞ്ചായത്ത് നിവാസികൾക്ക് ലഭ്യമാകും. ആശുപത്രിയിൽ ഫോൺ സൗകര്യവും ആവിശ്യമാണ്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് പഞ്ചായത്തിൽ നടപ്പാക്കിയ സ്കീമുകൾ

പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇരമല്ലിക്കര കോളനിയിൽ ഇരുപത്തിയേഴ് ഗുണഭോക്താക്കൾക്ക് രണ്ട് ആട് അടങ്ങുന്ന 27 യൂണിറ്റ് സൗജ

ന്യമായി ഇൻഷ്വർ ചെയ്ത് വിതരണം ചെയ്തു.

രണ്ട് ഗോരക്ഷാ ക്യാമ്പുകൾ നടത്തി.

പേവിഷബാധ നിർമാർജ്ജന യജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു.

കുളമ്പു രോഗത്തിനെതിരെയുള്ള വാക്സിനേഷൻ നടത്തി.

ആട് വളർത്തൽ, പശുവിനെ വളർത്തൽ, സ്ഥല പരിമിതിയുള്ളവർക്ക് ലാഭകരമായി ചെയ്യുവാൻ സാധിക്കുന്ന ഒരു മേഖലയാണ്. പ്ലാവ്, സൂബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ പദ്ധതി പ്രദേശത്ത് കൂടുതൽ പ്രചരിപ്പിച്ചാൽ ഇത് ലാഭകരമാക്കാവുന്നതാണ്.

സംസ്ഥാനത്ത് പടർന്ന് പിടിക്കാൻ സാധ്യതയുള്ള കാലിവസന്ത, കുളമ്പ് രോഗം തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും ചെയ്യുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരികയും ചെയ്യേണ്ടതാണ്.

ജന്തുജന്യരോഗങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന രോഗമാണ് പേവിഷബാധ. പഞ്ചായത്തിലെ എല്ലാ നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പു നൽകുന്നതിനും കുത്തി വെച്ച നായ്ക്കൾക്ക് ലൈസൻസ് നിബന്ധമാക്കേണ്ടതാണ്. അലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ വേണ്ട നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

പാലുൽപ്പാദന രംഗം

പഞ്ചായത്തിലെ പാൽ വിപണ സഹകരണ സംഘം തിരുവൻവണ്ടൂരിൽ ആണ്. തിരുവൻവണ്ടൂർ ക്ഷീരോൽപാദക സഹകരണ സംഘം. ഈ സംഘത്തിൽ പ്രതിവർഷം 81250 ലി. പാൽ അളക്കപ്പെടുന്നു. ഈ പഞ്ചായത്തിൽ നിന്നും അടുത്ത പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പ്രതിവർഷം 7300 ലി. അളക്കപ്പെടുന്നു. ഉൽപാദകർ അടുത്ത വീടുകളിലും ഹോട്ടലുകളിലും വിൽക്കുന്ന പാൽ 31000 ലി. ഉല്പാദകന്റെ വീട്ടിൽ ഉപയോഗിക്കുന്ന പാൽ 6200 ലി. / വർഷം

പഞ്ചായത്തിലെ ആകെ ഉൽപാദനം മൊത്തലുപാദനം 125750 ലി. / വർഷം

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാലിന്റെ മൂല്യം 125750 x 11 = Rs. 1283250/-

തിരുവൻവണ്ടൂർ പഞ്ചായത്തിലെ ഒരാൾക്ക് 250 ml എന്ന കണക്കിൽ 3916 ലിറ്റർ പാൽ പ്രതിദിനം ആവശ്യമാണ്. എന്നാൽ ഇപ്പോഴത്തെ ഉത്പാദനം 344 ലി. മാത്രമാണം. ഈ അവസ്ഥയിൽ ദിവസവും 3572 ലി. പാൽ ഉത്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനായി 10 ലി. പാൽ തരുന്ന 357 പശുക്കളെ വളർത്തണം. ഇതിനായി മൂന്ന് പശുക്കൾ അടങ്ങുന്ന 120 യൂണിറ്റ് 120 കർഷകർക്ക് തുടങ്ങാവുന്നതാണ്. ഇതുമൂലം ഒരു കർഷകന് പ്രതിവർഷം 38000 രൂപ ആദായം ലഭിക്കുകയും ചെയ്യും. ഇതിന് ബാങ്ക് വായ്പയും സബ്സിഡിയും ഏർപ്പെടുത്തേണ്ടതാണ്.

10.05 sq. കി. മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഒരു ക്ഷീരസഹകരണസംഘം പ്രവർത്തിക്കുന്നത് കൊണ്ട് എല്ലാ വീടുകളിലെയും പാൽ സമാഹരിക്കാൻ കഴിയുന്നില്ല. കൂടാതെ ഉല്പാദകർക്ക് ന്യായമായ വിലയും നൽകാൻ സാധിക്കുന്നില്ല. ഇത് ഒഴിവാക്കാൻ വേണ്ടി പഞ്ചായത്തിൽ സഹകരണടിസ്ഥാനത്തിൽ മൂന്ന് സ്ഥലങ്ങളിൽ പാൽ സമാഹരണവും വീട്ടുപടിക്കൽ വിതരണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

പാലുൽപാദന രംഗത്തെ നിലവിലുള്ള മറ്റ് പ്രശ്നങ്ങൾ

a) കാലിത്തീറ്റയുടെ അമിതവില. ഇതിനു പരിഹാരമായി ഒഴിഞ്ഞ് കിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, കനാൽ വരമ്പുകൾ, ഓഫീസ്, സ്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ തീറ്റപ്പുൽ കൃഷി പഞ്ചായത്തിന്റെയോ കർഷകസംഘടനകളുടേയോ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്. ആവശ്യമായ സന്ദർഭങ്ങളിൽ പച്ച പുല്ല് സംഭരിച്ച് വേനൽക്കാലത്തേക്കു വെയ്ക്കുന്നതിന് സയിലേജ് യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. തിരുവൻവണ്ടൂർ പഞ്ചായത്തിൽ 539 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. ആയതിനാൽ ഇവിടെ നിന്നുമുള്ള വെയ്ക്കോൽ ശാസ്ത്രീയമായി സംഭരിച്ച് ഉപയോഗിക്കാവുന്നതാണ്. നെല്ല് കുത്തുമ്പോൾ കിട്ടുന്ന തവിട് ഒരു നല്ല കാലിത്തീറ്റയാണ്. ജില്ലാ തലത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഉത്പാദന യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

(b) ഉൽപ്പാദന രോഗങ്ങൾ. ഉൽപാദനത്തെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ

കുത്തിവെയ്പ് കാലാകാലങ്ങളിൽ എടുക്കേണ്ടതാണ്. ശാസ്ത്രീയടിസ്ഥാനത്തിൽ പോഷകഗുണമുള്ള തീറ്റ നൽകേണ്ടതാണ്.

(c) അകിടുവീക്കം, വന്ധ്യത. ഈ രണ്ട് സ്ഥിതി വിശേഷങ്ങളും ക്ഷീര കർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്ന അവസ്ഥകളാണ്. ഇതിനെ ഫലപ്രദമായി നേരിടാൻ താലൂക്കടിസ്ഥാനത്തിലെങ്കിലും അകിടുവീക്ക നിയന്ത്രണകോശം, വന്ധ്യത നിവാരണ കോശം എന്നിവയുണ്ടാക്കുന്നത് നന്നായിരിക്കും. മറ്റൊരു പ്രധാന വിഷയം ജനങ്ങളെ ഇതിനെക്കുറിച്ച് ബോധവൽക്കരിക്കുക എന്നതാണ്.

മാംസോൽപാദന രംഗം

തിരുവൻവണ്ടൂർ പഞ്ചായത്തിലെ ഏകദേശം 60% മാംസഭുക്കുകളാണ്. എന്നാൽ ഈ പഞ്ചായത്തിലെ മാംസ ഉപഭോഗത്തിൽ 80% പുറത്ത് നിന്നും കൊണ്ടുവരുന്നവയാണ്. ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിരിക്കുന്നത് പ്രതിദിനം 15gm മാംസമെങ്കിലും കഴിച്ചിരിക്കണമെന്നാണ്. എന്നാൽ നമ്മൾക്ക് ഈ അളവിൽ ശുദ്ധമായ മാംസം ലഭിക്കുന്നില്ല.

ശുദ്ധമായ മാംസം ലഭിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുകയും അറവുശാലകളിൽ മാംസ പരിശോധനയ്ക്കായി വെറ്ററിനറി സർജന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. അടുത്ത പടിയായി ശ്രദ്ധിക്കേണ്ടത് ശാസ്ത്രീയമായ രീതിയിലുള്ള സമാഹരണവും വിതരണവുമാണ്. ഇതിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. തിരുവൻവണ്ടൂർ പഞ്ചായത്തിന് ശരാശരി 234 kg മാംസം പ്രതിദിനം ആവശ്യമാണ്. ഇതിന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമ്മുടെ പഞ്ചായത്തിൽ തന്നെ ലാഭകരമായി മാംസം ഉത്പാദിപ്പിക്കാവുന്നതാണ്. ഇതിനായി ശാസ്ത്രീയമായി കാളകുട്ടികളെ വളർത്തൽ, ബ്രോയിലർ കോഴി യൂണിറ്റുകൾ, ആടു വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവ ആരംഭിക്കാവുന്നതാണ്. ഇതിനായി ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകേണ്ടതാണ്. ഈ സംരഭം തുടങ്ങുന്നതിന് വേണ്ട ബാങ്ക് വായ്പ, മൃഗങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ചുരുങ്ങിയ ചിലവിൽ തീറ്റ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതുമാണ്.

മുട്ടയുൽപാദനം

ഒരാൾക്ക് ഒരു ദിവസം അര മുട്ട എന്നതാണ് കണക്ക്. അങ്ങനെയെങ്കിൽ 15663

ആളുകൾ ഉള്ള ഈ പഞ്ചായത്തിൽ 7833 മുട്ട ദിവസവും ഉത്പാദിക്കപ്പെടണം. എന്നാൽ ഇവിടെ മുട്ടയുടെ ഭൂരിഭാഗവും വെളിയിൽ നിന്നും വരുന്നവയാണ്. ഇത് ഈ പഞ്ചായത്തിന് പ്രസ്തുത മേഖലയിൽ കൂടിയുള്ള വരുമാനം ഗണ്യമായി കുറയ്ക്കുന്നു. ഇത് പരിഹരിക്കാൻ വേണ്ടി അടുക്കളമുറ്റത്ത് പത്ത് കോഴികളുള്ള ഒരു യൂണിറ്റ് ശാസ്ത്രീയമായ രീതിയിൽ വളർത്താവുന്നതാണ്. കോഴികുഞ്ഞുങ്ങളെ ലഭിക്കുവാൻ ബ്ലോക്ക് അടിസ്ഥാനത്തിൽ ഹാച്ചറി ആരംഭിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ എഗ്ഗർ നേഴ്സറികൾ ആരംഭിക്കാവുന്നതുമാണ്. കോഴിയെ കൂടാതെ താത്പര്യമുള്ളവർക്ക് കാട, താറാവ്, ടർക്കി, ഗിനി കോഴി എന്നിവയെയും വിജയകരമായി വളർത്താവുന്നതാണ്. മുട്ടയുടെ സമാഹരണവും വിപണനവും സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. ഈ പഞ്ചായത്തിൽ 9600 കോഴികളും 450 താറാവുകളും ഉണ്ട്.

ഊർജ്ജം

കന്നുകാലികളിൽ നിന്നും കിട്ടുന്ന ചാണകം നല്ലൊരു ഊർജ്ജത്തിന്റെ ഉറവിടമാണ്. രണ്ട് പശുക്കളിൽ നിന്നും കിട്ടുന്ന ചാണകം കൊണ്ട് ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിൽ നിന്നും ഒരു വീടിനാവശ്യമുള്ളയത്രയും ഗ്യാസ് ലഭിക്കുന്നതാണ്. ഗ്യാസ് ഉത്പാദിപ്പിച്ചതിന് ശേഷം കിട്ടുന്ന ചാണകം നല്ലൊരു ജൈവവളം കൂടിയാണ്.

നഷ്ടപരിഹാരം

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകന് പരിരക്ഷ നൽകേണ്ടതാണ്. ഇതിനായി സമഗ്ര കന്നുകാലി ഇൻഷുറൻസ് മാസ്റ്റർ പോളിസി നിലവിൽ വരണ്ടതാണ്. നിലവിലുള്ള പ്രീമിയം വളരെ വലുതാണ്.

കർഷക പരിശീലനം.

ശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ എങ്ങനെ ലാഭകരമായി വളർത്തും എന്നതിന് കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്. കന്നുകാലികളിലും പക്ഷികളിലും ഉണ്ടാകുന്ന രോഗങ്ങൾക്ക് കൃത്യമായും താമസംവിനാ ഒരു വെറ്ററിനറി സർജനെ സമീപിക്കേണ്ടതാണ്. പഞ്ചായത്തുതലത്തിൽ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകരെ ആദരിക്കേണ്ടതാണ്.

ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ

(i) അത്യുൽപാദന ശേഷിയുള്ള പശുക്കളെ നൽകുക.

(ii) മൃഗാശുപത്രി സ്ഥാപിക്കുക.

(iii) സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കുക.

മറ്റ് പ്രശ്നങ്ങൾ

1) ഗുണഭോക്താക്കൾക്ക് മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളെ കുറിച്ച് നേട്ടങ്ങളെ കുറിച്ചുള്ള അജ്ഞത.

2) കാലാകാലങ്ങളിലുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുക്കാനുള്ള വിമുഖത. (കോഴി വസന്ത, കുളമ്പ്, രോഗം എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്)

3. മൃഗാശുപത്രി പഞ്ചായത്തിന്റെ വടക്കേ അറ്റത്തായതിനാൽ പഞ്ചായത്തിലെ എല്ലാ കർഷകർക്കും മൃഗാശുപത്രിയുടെ സേവനം ലഭിക്കുന്നില്ല.

4. മൃഗസംരക്ഷണ മേഖലയിലെ ഉത്പാദകരുടെ ഉരുക്കളെ ഇൻഷ്യുവർ ചെയ്യാത്തത്.

5. വളർത്തു നായ്ക്കൾക്ക് (പ്രതിരോധ കുത്തിവെയ്പ് നൽകിയതിന്) ലൈസൻസ് കൊടുക്കുകയും തെരുവു നായ്ക്കളെ നശിപ്പിക്കുകയും ചെയ്യാത്തത്.

6. ധനകാര്യസ്ഥാപനങ്ങൾ കന്നുകാലികളെ വളർത്തുന്നതിന് വായ്പ കൊടുക്കുന്നതിനുള്ള വിമുഖത കാണിക്കുന്നു. കിട്ടുന്ന സഹായങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

7. അശാസ്ത്രിയമായ കന്നുകുട്ടി പരിപാലനം

8. ചികിത്സയുടെ ഭാരിച്ച ചെലവും സാങ്കേതിക പരിജ്ഞാനവും വിദ്യാഭ്യാസ യോഗ്യതയുമില്ലാത്തവരുടെ ചികിത്സ.

9. നല്ലയിനം ഉരുക്കളുടെ ദൗർലഭ്യം

10. സ്ത്രീ പങ്കാളിത്വം പ്രസ്തകമായ രീതിയിൽ ഇല്ലാത്തത്.

പരിഹാര മാർഗ്ഗങ്ങൾ

1) മൃഗാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ആശുപത്രിക്ക് സ്വന്തമായ കെട്ടിടം, ഡോക്ടർക്ക് താമസ സൗകര്യം, റഫ്രിജറേറ്റർ, സ്റ്ററിലൈസർ, മൈക്രോസ്കോപ്പ്, റിയേജന്റുകൾ, ട്രവിസ് (ഇടികൂട്) ചികിത്സയ്ക്ക് ആവശ്യമുള്ള മരുന്നുകൾ, ആശുപത്രിയിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം, വെള്ളം, വിദുച്ഛക്തി, മറ്റ് പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ എല്ലാവർക്കും ഉപയോഗ പ്രദമായ സ്ഥലത്ത് സ്ഥാപിക്കുക.

2) കുറഞ്ഞ വിലയ്ക്കു കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കുക.

ഇതിനായി പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ സമാഹരിച്ച് ചുരുങ്ങിയ ചെലവിൽ ഗുണമേന്മയുള്ള തീറ്റ സഹകരണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാവുന്നതാണ്. ഇത് പ്രാദേശിക തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുന്നു.

3. വൈക്കോൽ, പുല്ല് എന്നിവ സമാഹരിക്കുന്നതിനും ഗുണമേന്മയുള്ള രീതിയിൽ സ്റ്റോക്ക് ചെയ്യുന്നതിനുള്ള പരിശീലനം നൽകുക. തീറ്റ പുല്ലിനുള്ള വിത്തും, വളവും സൗജന്യ നിരക്കിൽ നൽകുക. തരിശു ഭൂമികളിലും, പുറമ്പോക്ക് സ്ഥലങ്ങളിലും, കനാൽ ഓരോന്നും, തെങ്ങിന്റെ ഇടയിലും തീറ്റപ്പുൽ കൃഷി നടത്തുക.

4. എല്ലാ കന്നുകാലികളെയും ഇൻഷ്യൂർ ചെയ്യുക.

5. കാലാകാലങ്ങളിലുള്ള പ്രതിരോധ കുത്തിവെയ്പ് എടുക്കുക.

6. അലഞ്ഞു തിരയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പിനുശേഷം പഞ്ചായത്തു ലൈസൻസ് ഏർപ്പെടുത്തുക.

7. മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികളെക്കുറിച്ച് ബ്പാതുജനങ്ങളെ ബോധവൽക്കരിക്കുക. കർഷകർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുക.

8. ശാസ്ത്രിയമായ രീതിയിലുള്ള മൃഗസംരക്ഷണവും പരിപാലനവും, വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കൊണ്ട് മൃഗങ്ങളെ ചികിത്സിപ്പിക്കുക.

9. കർഷകരുടെ ആവശ്യത്തിനുള്ള ഗുണമേന്മ


യുള്ള പക്ഷി മൃഗാദികളെ സബ്സിഡി നിരക്കിൽ നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. കന്നുകാലി ചന്ത ആരംഭിക്കുക.


10. ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കുക.

മത്സ്യബന്ധനം

തിരുവൻവണ്ടൂർ പഞ്ചായത്തിൽ മത്സ്യഫാമുകൾ നടത്താനുള്ള സാധ്യത വളരെയധികം ഉണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരു മത്സ്യ ഫാം ഉണ്ട്. നന്നാട്ട്, ഇരമല്ലിക്കര എന്നീ സ്ഥലത്തെ ഭൂപ്രകൃതി മത്സ്യ ഫാം ആരംഭിക്കുന്നതിന് അനുയോജ്യമായതാണ്. ഈ സ്ഥലത്തെ താത്പര്യമുള്ള നിവാസികൾക്ക് ഈ സംരംഭം ആരംഭിക്കുവാൻ വേണ്ട ശാസ്ത്രിയമായ ഉപദേശങ്ങളും സബ്സിഡിയും നൽകേണ്ടതാണ്.

മത്സ്യ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന മത്സങ്ങളെ പഞ്ചായത്ത് സഹകരണാടിസ്ഥാനത്തിൽ സമാഹരണത്തിനും സംഭരണത്തിനും, വിപണനത്തിനുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. കൂടാതെ ഒരു മത്സ്യ മാർക്കറ്റ് ആരംഭിക്കുകയും ചെയ്യണം.





7

വ്യവസായം

വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ചെറുകിട ഫാക്ടറികൾ അധികവും 1, 2, 3, 4 വാർഡുകളിൽ മാത്രമാണുള്ളത്. S.S.I യൂണിറ്റുകൾ 12 എണ്ണമുണ്ട്.

വ്യവസായത്തിന് അനുപേക്ഷണീയമായ വൈദ്ദ്ധ്യമുള്ള തൊഴിലാളികളും വൈദ്യുതിയുടെ അപര്യാപ്തതയും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള തിരുവൻവണ്ടൂരിൽ കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. കാർഷീക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ ആരംഭിച്ചാൽ കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കുന്നതിനും അതുമൂലം കൃഷിയോടുള്ള ജനങ്ങളുടെ അഭിമുഖ്യം വളർത്തുകയും ചെയ്യാം. ഇത്തരത്തിൽ കൃഷിയും വ്യവസായവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നത് പഞ്ചായത്തിന്റെ ത്വരിത ഗതിയിലുള്ള സാമ്പത്തിക വളർച്ചക്ക് സഹായകരമാക്കുകയും ചെയ്യും.

ഇഷ്ടിക നിർമ്മാണം ശർക്കര തുടങ്ങിയ സീസണിൽ വ്യവസായങ്ങൾ പലതും പ്രതിസന്ധിയിലാണ്. പരമ്പരാഗത വ്യവസായങ്ങളായ കളിമൺ പാത്ര നിർമ്മാണം പനമ്പ് നിർമ്മാണം എന്നിവ നിലനില്പിനായി ബുദ്ധിമുട്ടുന്നു. കൊപ്രയാട്ടുനന മില്ലുകളും കരിമ്പ് ആട്ടി ശർക്കരയാക്കുന്ന വ്യവസായവും പണ്ട് നല്ല രീതിയിൽ നടന്നിരുന്നു. കരിമ്പ് കൃഷി കുറഞ്ഞതു മൂലം കരിമ്പ് ആട്ടി ശർക്കരയാക്കുന്ന വ്യവസായം ലാഭകരമല്ല. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഇരമല്ലിക്കര വനവാതുക്കര പ്രദേശങ്ങളിൽ കരിമ്പാട്ട് ഇപ്പോഴുമുണ്ട്. പഞ്ചായത്തിലെ ചെറുകിട ഫാക്ടറികളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് നിരവധി സാധ്യതകൾ ഉള്ള പ്രദേശമാണ് നമ്മുടേത്. കറി പൗഡർ നിർമ്മാണത്തിന്റെ രണ്ട് യൂണിറ്റുകളും ബേക്കറി സാധനങ്ങൾ, കർപ്പൂരം എന്നിവയുടെ ഓരോ യൂണിറ്റുകളും പ്രവർത്തിക്കുന്നു. S.S.I രജിസ്ട്രേഷനുള്ള മറ്റ് നിരവധി ചെറുകിട യൂണിറ്റുകളും ഉണ്ട്. ഗേറ്റ്, ഗ്രിൽ ഇവ നിർമ്മിക്കുന്ന നാല് യൂണിറ്റുകളും വിവിധ വർക്ക് ഷോപ്പുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിനകത്തുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ നിലവിലില്ല. വ്യവസായ രംഗത്ത് ഇവിടെ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

വ്യവസായ സംരംഭകർ നിരവധി പ്രശ്നങ്ങളെ നേരിടുന്നു. സ്ഥല സൗകര്യത്തിന്റെ അഭാവം, മൂലധന വായ്പാ സൗകര്യങ്ങളുടെ കുറവ്, വിവിധ ലൈസൻസുകൾ ലഭിക്കാനുള്ള തടസ്സങ്ങൾ തുടങ്ങി അനവധി പ്രശ്നങ്ങളുണ്ട്.

പ്രശ്നങ്ങൾ

1. വലിയ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം ഇല്ലായ്മ.

2. വൈദ്യുതി കണക്ഷനുള്ള താമസം

3. വിവിധ ലൈസൻസുകൾ കിട്ടുന്നതിന് താമസം നേരിടുന്നു.

4. വിദഗ്ദ തൊഴിലാളികളുടെ അഭാവം.

5. കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട സാങ്കേതിക പരിശീലനം നൽകുന്നില്ല.

സാധ്യതകൾ

1.വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

2. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.


3. വ്യവസായ സംരംഭകർക്കും തൊഴിലാളികൾക്കും പഞ്ചായത്തു തലത്തിൽ പരിശീലനം നൽകുക.

4. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

5. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

ഫാക്ടറി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത ഫാക്ടറികൾ
(അവലംബം, ഫാക്ടറി ഇൻസ്പെക്ടർ ആഫീസ് ചെങ്ങന്നൂർ)

ക്രമ നമ്പർ	ഫാക്ടറിയുടെ പേര്	തൊഴിലാളികളുടെ എണ്ണം	ഉപയോഗിക്കുന്ന KW	നിർമ്മാണ പ്രക്രിയ
1	പമ്പാ സോമിൽ, കല്ലിശ്ശേരി	4	38	തടി അറക്കൽ
2	സതേൺ ലാക്റ്റക് പ്രോഡക്ട്സ്, കല്ലിശ്ശേരി	9	6	റബർ ബാന്റ്
3	സതേൺ റബേഴ്സ്, കല്ലിശ്ശേരി	9	6.75	ഇലാസ്റ്റിക് ത്രഡ്
4	മിഡ്ലാന്റ് ടയേഴ്സ്, കല്ലിശ്ശേരി	2	5	ടയർ റീട്രേയിഡിംഗ്
5	ഓട്ടോ ട്രഡ്സ്, കല്ലിശ്ശേരി	3	8	ടയർ റീട്രേയിഡിംഗ്
6	റ്റി. ട്രഡ്സ്,, കല്ലിശ്ശേരി	2	8	ടയർ റീട്രേയിഡിംഗ്
7	റ്റി. കെ. റ്റി ഹോളോ ബ്രിക്സ്, കല്ലിശ്ശേരി	3	7	സിമന്റ് ഇഷ്ടിക
8	കടക്കലേത്ത് ഇൻഡ്രസ്ട്രിക്സ്, കല്ലിശ്ശേരി	9	18.75	കരിങ്കൽ മെറ്റൽ നിർമ്മാണം
9	ജേക്കബ് മെറ്റൽ ഇൻഡ്രസ്ട്രിക്സ്, മഴുക്കീർ	6	8	റോളിംഗ് ഷട്ടേഴ്സ്
10	ഏഷ്യാ മെറ്റൽസ്, മഴുക്കീർ	5	30	കരിങ്കൽ മെറ്റൽ നിർമ്മാണം
11	യൂണിയൻ ബ്ലോക്സ്, മഴുക്കീർ	19	37	സിമന്റ് ഇഷ്ടിക
12	സുപ്രീം സ്റ്റീൽ മഴുക്കീർ	20	183	ഇരുമ്പ് കമ്പി നിർമ്മാണം
13	താമര റബേഴ്സ്, കല്ലിശ്ശേരി	20	102	റബർ



8

വിദ്യാഭ്യാസം

തിരുവൻവണ്ടൂർ പഞ്ചായത്തിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പുതിയ ഒരു ഹൈസ്ക്കൂളും, ഒരു കോളേജും പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. 120 വർഷങ്ങൾ പഴക്കമുള്ള വടക്കേക്കര ഗവ. യു. പി. എസ്സും (ഇപ്പോൾ മഴുക്കീർ ഗവ. യു. പി. എസ്സ്) ആണ് ആദ്യത്തെ വിദ്യാലയം. വിദ്യാഭ്യാസം ചെയ്യുന്നതിനുവേണ്ടി തിരുവല്ല എം. ജി. എം. സ്കൂളും അതുപോലെ മണിപ്പുഴ ദേവസ്വം ബോർഡ് സ്കൂളിനെയും 50 വർഷം മുമ്പ് വരെ ആശ്രയിച്ചിരുന്നുവെങ്കിൽ ഇന്ന് ഇംഗ്ലീഷ് മീഡിയം തുടങ്ങി കോളേജ് വിദ്യാഭ്യാസം വരെ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രൈമറി സ്കൂളുകൾ അൺ ഇക്കണോമിക് വിഭാഗത്തിൽപ്പെടുന്നു. എല്ലാ സ്കൂളുകൾക്കും പൊതുവായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു. പഠന നിലവാരത്തകർച്ച, പഠനോപകരണങ്ങളുടെ കുറവ്, ആധുനിക ഉപകരണങ്ങളുടെ കുറവ് ഇവയെല്ലാം തിരുവൻവണ്ടൂർ പഞ്ചായത്തിലെ സ്കൂളുകളിലുമുണ്ട്. മിക്ക സ്കൂളിന്റെയും കെട്ടിടങ്ങൾ തകർച്ചയിലാണ്. പി. റ്റി. എ.യുടെ പ്രവർത്തനം എല്ലായിടത്തും കാര്യക്ഷമമല്ല.

തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ മൂന്ന് ഹൈസ്ക്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളും അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും ഒരു കോളേജും നിരവധി നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ശ്രീ അയ്യപ്പാ കോളേജ്

1995-96 അദ്ധ്യായവർഷത്തിൽ ഇരമല്ലിക്കരയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അയ്യപ്പാ കോളേജ് സ്ഥാപിതമായി ഇത് സ്വാശ്രയ കോളേജ് ആണ്. ഈ സ്ഥാപനത്തിൽ 82 വിദ്യാർത്ഥികൾ പഠിക്കുന്നു. 8 അദ്ധ്യാപകരും 16 അനദ്ധ്യാപകരും ഉണ്ട്. സ്വന്തം കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കോളേജിലേക്കുള്ള യാത്രാക്ലേശം രൂക്ഷമാണ്.

എച്ച്. എസ്സ്. കല്ലിശ്ശേരി

1922-ൽ പ്രവർത്തനം ആരംഭിച്ചു. കിഴിയത്ത് ബംഗ്ലാവിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയിട്ടാണ് തുടക്കം. അഞ്ചു പേരടങ്ങിയ പ്രാദേശീക കമ്മറ്റിയാണ് പ്രാരംഭത്തിൽ ഈ സ്കൂൾ നടത്തിയത്. സ്ഥലം കൊടുക്കുവാൻ തയ്യാറായ മുത്തേടത്തു പണ്ഡാരത്തിൽ കുടുംബക്കാരുടെ വകയാണ് ഈ സ്കൂൾ. യു. പി. സെക്ഷനും ഹൈസ്കൂൾ സെക്ഷനും കൂടി ഇപ്പോൾ 731 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇപ്പോഴത്തെ മാനേജർ ശ്രീ. ഗോപാലകൃഷ്ണരു പണ്ഡാരത്തിൽ ആണ്. 25 അദ്ധ്യാപകരും നാല് അനദ്ധ്യാപകരും ഈ സ്കൂളിൽ പ്രവർത്തിക്കുന്നു.

ഒരു കാലത്ത് ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്തിയിരുന്ന സരസ്വതീ ക്ഷേത്രമായിരുന്നു ഇത്. മറ്റു സ്കൂളുകളിലേപ്പോലെത്തന്നെ ഇവിടെയും അദ്ധ്യായന നിലവാരം പിറകോട്ടാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ എസ്. എസ്. എൽ. സി. വിജയ ശതമാനത്തിൽ നിന്നും ഇത് വ്യക്തമാകും.

നിരവധി പ്രശസ്ത വ്യക്തികൾ ഈ സ്കൂളിൽ അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആഗ

മാനന്ദസ്വാമികൾ ഒരു കാലത്ത് പ്രധാന അദ്ധ്യാപകനായിരുന്നു. പ്രശസ്തരായ ഒട്ടനവധി പൂർവ്വ വിദ്യാർത്ഥികളും ഇവിടെ ഉണ്ടായിട്ടുണ്ട്. സുപ്രീം കോടതി ജഡ്ജി ആയിരുന്ന ഡോ. കൊച്ചു തൊമ്മൻ ഇപ്പോഴത്തെ ഗാന്ധിജി സർവ്വകലാശാല വൈസ് ചാൻസലർ, ഡോ. വി. എൻ. രാജശേഖരൻപിള്ള, രാജ്യസഭാംഗമായിരുന്ന ശ്രീ. തോമസ് കുതിരവട്ടം, എസ് രാമചന്ദ്രൻപിള്ള Ex. M. L. A. എന്നിവർ ഈ സ്കൂളിന്റെ സംഭാവനയാണ്.

വിശാലമായ കളിക്കളവും മറ്റ് അനുബന്ധ സൗകര്യങ്ങളുമുള്ള പ്രശസ്തമായ ഒരു വിദ്യാലയമാണിത്.

ഗവ. എച്ച്. എസ്. തിരുവൻവണ്ടൂർ

മലയാളം എൽ. പി. സ്കൂളായി തുടങ്ങി ഇന്നു കാണുന്ന തിരുവൻവണ്ടൂർ ഹൈസ്കൂളായി പ്രവർത്തിക്കുന്നു. സ്ഥല പരിമിതി മൂലം ഒരു കാലത്ത് ഷിഫ്റ്റ് സമ്പ്രദായം നിലനിന്നിരുന്നു. 1000 ത്തിലധികം കുട്ടികളും പഠിച്ചിരുന്നു. ഒരു കാലത്ത് തിരുവൻവണ്ടൂർ ഗവ. മോഡൽ ഹൈസ്ക്കൂൾ എന്നായിരുന്നു പേർ.

തിരുവൻവണ്ടൂരിലും പരിസര പ്രദേശങ്ങളിലുമുള്ള അനേകായിരങ്ങൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം ഉണ്ടായത് ഈ സ്കൂളിന്റെ ആവിർഭാവത്തോടെയാണ്. തിരുവൻവണ്ടൂരിന്റെ വിദ്യാഭ്യാസ സാംസ്കാരിക നവോത്ഥാനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുവാൻ ഈ മഹത്തായ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. തിരുവൻവണ്ടൂർ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിന് പുതിയ ഇരുനില മന്ദിരവും വിശാലമായ ഒരു കളിസ്ഥലവുമുണ്ട്. വൈദ്യുതി, ഫോൺ കഷക്ഷനും ഉണ്ട്. ശുദ്ധജല വിതരണത്തിനുള്ള സംവിധാനവും ലൈബ്രറി, ലാബോട്ടറി തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉണ്ട്.

20 അദ്ധ്യാപകരും 5 അനദ്ധ്യാപകരും ഉണ്ട്. പി. റ്റി. എ. തൃപ്തികരമായി പ്രവർത്തിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ വിജയശതമാനം ചുവടെ ചേർക്കുന്നു.

1992-93	-	35%
1993-94	-	42%
1994-95	-	29%
1995-96	-	30%

ഈ സ്കൂളിൽ ഇപ്പോൾ 731 വിദ്യാർത്ഥികൾ പഠിക്കുന്നു. നിരവധി പ്രശസ്തരായ അദ്ധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും ഉണ്ടായിട്ടുണ്ട്. അദ്ധ്യായന നിലവാരം മെച്ചമാക്കുവാൻ പരമാവധി പരിശ്രമം ആവശ്യമാണ്. ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കുവാനുള്ള സ്ഥല സൗകര്യം ഉണ്ട്.

എബനേസർ ഹൈസ്ക്കൂൾ, കല്ലിശ്ശേരി

2-6-1981-ൽ ഈ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളാണ്. 159 വിദ്യാർത്ഥികൾ ഈ സ്ക്കൂളിൽ പഠിക്കുന്നു. ഏഴ് അദ്ധ്യാപകരും ഒരു അനദ്ധ്യാപകനും ജോലി ചെയ്യുന്നു. പി. റ്റി. എ. തൃപ്തികരമായി പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ ഏക ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളാണ്.

ഗവ. യു. പി. സ്കൂൾ, കല്ലിശ്ശേരി

ഇത് ഒരു സ്വകാര്യ വ്യക്തി 1904ൽ തുടങ്ങിയ സ്കൂളാണ്. പിന്നീട് ഗവ. ഏറ്റെടുക്കുകയും ഇപ്പോൾ ഗവ. അപ്പർ പ്രൈമറി സ്കൂളായി പ്രവർത്തിക്കുകയും ചെയ്യുന്നു. 11 അദ്ധ്യാപകരും ഒരു അനദ്ധ്യാപകനും ഉണ്ട്. 190 വിദ്യാർത്ഥികൾ പഠിക്കുന്നു. പി. റ്റി. എ തൃപ്തികരമായി പ്രവർത്തിക്കുന്നു. കളിസ്ഥലം അപര്യാപ്തമാണ്.

ഗവ. യു. പി. സ്കൂൾ മഴുക്കീർ

ഈ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ ആണ്. ഈ അടുത്ത കാലം വരെ വടക്കേക്കര യു. പി. എസ്സ് എന്നായിരുന്നു പേർ. ഉദ്ദേശം 120 വർഷത്തെ പഴക്കമുണ്ട്. 141 വിദ്യാർത്ഥികൾ പഠിക്കുന്നു. ഒൻപത് അദ്ധ്യാപകരും, രണ്ട് അനദ്ധ്യാപകരുമുണ്ട്. സ്കൂൾ കെട്ടിടം വളരെ പഴയതാണ്. പ്രധാന കെട്ടിടത്തിന്റെ തെക്കുഭാഗം തകർച്ചയെ നേരിടുന്നു. വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ചുറ്റു മതിൽ ഇല്ല. ശുദ്ധജല വിതരണത്തിനുള്ള സംവിധാനവും, ലൈബ്രറി, ലാബോറട്ടറി, വൈദ്യുത കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളുമുണ്ട്. എം. സി. റോഡ് അരികിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ മുൻവശമുള്ള

മതിൽ ഒരു ഭാഗം തകർന്നു കിടക്കുന്നു. വാഹനങ്ങൾ അമിതവേഗത്തിൽ പോകുന്ന റോഡായതിനാൽ എത്രയും വേഗം മതിലു കെട്ടേണ്ടിയിരിക്കുന്നു.

ഹിന്ദു യു. പി. സ്കൂൾ, ഇരമല്ലിക്കര

ഇത് ഇരമല്ലിക്കര ദേവസ്വം വക സ്കൂളായിരുന്നു. സമീപ കാലത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഭരണചുമതല ഏൽപ്പിച്ചു. ഇവിടെ എട്ട് അദ്ധ്യാപകരും ഒരു അനദ്ധ്യാപകനും ജോലി ചെയ്യുന്നു. 149 വിദ്യാർത്ഥികൾ പഠിക്കുന്നു.

ഈ പഞ്ചായത്തിൽ മുകളിൽ പറഞ്ഞ വിദ്യാലയങ്ങൾക്കു പുറമെ അഞ്ച് എൽ. പി. സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയം ആണ്. തിരുവൻവണ്ടൂർ ഗവ. എൽ. പി. എസ്സിന് നിരവധി പ്രശ്നങ്ങളുണ്ട്. ഓഫീസ് മുറിയിൽ പോലും ക്ലാസ് നടത്തുന്നു. സ്കൂളിലേക്ക് പൊതു വഴിയില്ല. ഹൈസ്കൂളിന്റെ ഗ്രൗണ്ടിലൂടെയാണ് ഇപ്പോഴത്തെ വഴി. പി. ഐ. പി. കനാൽ സമീപത്തുകൂടി പോകുന്നുണ്ട്. സ്കൂളിന്റെ വകയായുള്ള കിണർ ഉപയോഗ ശൂന്യമാണ്.

ഇവ കൂടാതെ നിരവധി നേഴ്സറി സ്കൂളുകളും, ആശാൻ കളരികളും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യായന നിലവാരം മെച്ചമല്ല.

2. പല വിദ്യാലയങ്ങളിലും പഠനോപകരണങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, ഫർണീച്ചർ മുതലായവയുടെ അപര്യാപ്തത.

3. P.T.A. കളുടെ പ്രവർത്തനം മെച്ചമല്ല.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.

5. കലാ കായിക വിനോദങ്ങൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

6. തൊഴിലാധിഷ്ഠിത വിദ്യാലയങ്ങളുടെ കുറവ്.

7,.. വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ അഭാവം.

8. വേണ്ടത്ര സൗകര്യങ്ങൾ ഉള്ള ബാലവാടികളും നേഴ്സറി വിദ്യാലയങ്ങളും ഇല്ല.

9. സ്കൂളുകളിൽ നൽകുന്ന ഉച്ചഭക്ഷണം തൃരെ അപര്യാപ്തമാണ്.

10, പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം ക്രമേണ കുറയുന്നു.

സാധ്യതകൾ

1. പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.

2. എല്ലാ സ്ക്കൂളുകളിലേയും P.T.A. ശക്തിപ്പെടുത്തണം: P.T.A. യോഗം ചടങ്ങാക്കി മാറ്റാതെ അദ്ധ്യയന നിലവാരം ഉയർത്താൻ P.T.A. യുടെ എല്ലാ സഹായങ്ങളും ഉണ്ടാകണം.

3. L.P. സ്കൂളുകളിൽ പഠനോപകരണങ്ങൾ നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം.

4. പഞ്ചായത്തിന് പുറത്തു പോയി പഠിക്കുന്ന L.P.U.P. കുട്ടികളെ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ ത്തന്നെ പഠിപ്പിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണം.

5. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുക.

6. അദ്ധ്യയനത്തിൽ ദൃശ്യ ശ്രവ്യ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക.

7. തിരുവൻണ്ടൂർ ഗവഃ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സ്ക്കണ്ടറി സ്കൂൾ ആരംഭിക്കണം, അതിനു വേണ്ട സ്ഥലവും സൗകര്യവും നിലവിലുണ്ട്. അധിക സാമ്പത്തീക ബാധ്യത ഇല്ലാതെ ആരംഭിക്കാവുന്നതാണ്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.

8. പ്രൈമറി സ്കൂളിൽ ഉച്ച ഭക്ഷണം മെച്ചപ്പെടുത്തുക ഉച്ചഭക്ഷണ വിതരണം പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാക്കുക.

9. കൃഷി, കൈത്തൊഴിൽ എന്നിവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകാൻ പഞ്ചായത്ത് മുൻകൈയെടുക്കുക


10. തിരുവണ്ടൂർ H.S ലേക്കും ഇരമല്ലിക്കര ദേവസ്വം ബോർഡ് കോളജിലേക്കുമുള്ള യാത്രാക്ലേശം പരിഹരിക്കണം.

തിരുവൻവണ്ടൂർ പഞ്ചായത്തിലെ വിദ്യാലയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം ആൺ	പെൺ	ആകെ	SC/ST കുട്ടികളുടെ എണ്ണം	അദ്ധ്യാപകർ	അനദ്ധ്യാപകർ	മാനേജ്മെന്റ്	സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം
1	എച്ച്. എസ്സ്. തിരുവൻവണ്ടൂർ	398	333	731	116	20	5	ഗവ.		
2	എച്ച്. എസ്സ്. കല്ലിശ്ശേരി	281	202	483	113	25	4	എയ്ഡഡ്	2.5	0.5
3	എബനേസർ ഇംഗ്ലീഷ് മീഡിയം എച്ച്. എസ്സ്. കല്ലിശ്ശേരി	124	45	169		7	1അൺ	എയ്ഡഡ്	2	1.75
4	ഗവ. യു. പി. സ്ക്കൂൾ, കല്ലിശ്ശേരി	108	82	190	27	11	1	ഗവ.	.62	Nil
5	ഗവ. യു. പി. എസ്, മഴുക്കീർ	66	75	141	37	9	2	ഗവ.	1.25	1
6	ഹിന്ദു യു. പി. എസ്, ഇരമല്ലിക്കര	82	67	149	48	8	1	എയ്ഡഡ്		
7	എൽ. പി. എസ്, തിരുവൻവണ്ടൂർ			250	52	7		ഗവ.	0.36	
8	എം. റ്റി. എൽ. പി. എസ്,, ഉമയാറ്റുകര	42	54	96	11	4		എയ്ഡഡ്	0.25	
9	എസ്. എ. പി. ജി. എസ്, ഉമയറ്റുകര	48	58	106	18	4		എയ്ഡഡ്	.25	Nil
10	സെന്റ് മേരീസ് എൽ. പി. എസ്, കല്ലിശ്ശേരി	159	120	179	Nil	11	Nil	uaided	.50	.52
11	പരിപാലന എൽ. പി. എസ്							unaided		
12	അയപ്പ കോളേജ്, ഇരമല്ലിക്കര	55	27	82	Nil	8	16	D. B.		

തിരുവൻവണ്ടൂർ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1	H. S. Thiruvandoor	3.4	Yes	Yes	Yes	Yes	Yes	Yes	Yes	Yes	Yes	Yes
2	H. S. Kallissery	2.5	"	"	"	"	"	"	"	"	"	"
3	Ebenezer H. S.	1.75	"	"	"	"	"	"	"	"	"	"
4	G. U. P. S., Kallissery	62	"	"	Nil	Nil	"	"	"	"	"	"
5	G. U. P. S., Mazhukeer	1.25	"	"	"	"	"	"	"	"	"	"
6	H. U. P. S, Eramallikkara	50	"	"	"	"	"	"	"	"	"	"
7	L. P. S. Thiruvandoor	36	Nil	Nil	Nil	Nil	Nil	Nil	Nil	Nil	"	Nil
8	M. T. L. P. S., Umayattukara	25	Yes	"	"	"	Yes	"	Yes	"	"	Yes
9	S. A. P. G. S, "	20	Nil	"	"	"	"	Yes	"	Yes	"	"
10	St. Mary's L. P. S., Kallissery	50	Yes	"	"	Yes	"	"	"	"	"	"
11	Paripalana L. P. S.											



9

കുടിവെള്ളവും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യമാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ആശുപത്രിക്കും ഡോക്ടർമാർക്കും ആസൂത്രണരംഗത്ത് വളരെ പ്രാധാന്യമാണുള്ളത്. ആരോഗ്യ രംഗത്ത് തിരുവൻവണ്ടൂർ പഞ്ചായത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. ഇരമല്ലിക്കര P.H.C.
2. P.H.C. സബ് സെന്റർ തിരുവൻവണ്ടൂർ
3. P.H.C. സബ് സെന്റർ കല്ലിശ്ശേരി
4. ഗവ. ഹോമിയോ ആശുപത്രി മഴുക്കീർ
5. ഗവ. ആയൂർ വേദ ആശുപത്രി തിരുവൻവണ്ടൂർ

കൂടാതെ കല്ലിശ്ശേരിയിൽ രണ്ടു സ്വകാര്യ ആശുപത്രികളും സ്ഥിതി ചെയ്യുന്നു. തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ സമീപ പ്രദേശത്ത് പത്ത് സ്വകാര്യ ആശുപത്രികളുണ്ട്. ഇവയാകെത്തന്നെ ആരോഗ്യരംഗത്ത് പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നു. ജനങ്ങളുടെ ആരോഗ്യ സ്ഥിതി പൊതുവെ മെച്ചമാണ്. ആയുർ ദൈർഘ്യം, മാതൃമരണനിരക്ക്, ശിശു മരണ നിരക്ക് എന്നിവയിൽ പഞ്ചായത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല. ഗവ. ഉടമയിലുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ താഴെ നൽകുന്നു.

ഇരമല്ലിക്കര PHC തിരുവൻവണ്ടൂർ പഞ്ചായത്തിൽ VII -ാം വാർഡിൽ 1979 ൽ സ്ഥാപിതമായി. ഇതിന്റെ കീഴിൽ രണ്ട് സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഒൻപത് ജീവനക്കാർ ജോലി ചെയ്യുന്നു. ഒരു ദിവസം എത്തുന്ന ശരാശരി രോഗികൾ എൻപതിയഞ്ച് ആണ്.

ഗവ. ആയൂർ വേദ ഡിസ്പൻസറി, തിരുവൻവണ്ടൂർ

ഈ പഞ്ചായത്തിലെ ആറാം വാർഡിൽ 1980-ൽ സ്ഥാപിച്ചു. ഇവിടെ മൊത്തം നാല് പേർ ജോലി ചെയ്യുന്നു. ഒരു വർഷം 20000 രൂപായുടെ മരുന്നാണ് സർക്കാർ നൽകുന്നത്. ദിവസേന ശരാശരി 45 രോഗികൾ എത്തുന്നുണ്ട്.

ഗവ. ഹോമിയോ ആശുപത്രി, തിരുവൻവണ്ടൂർ

മൂന്നാം വാർഡിൽ 1980ൽ സ്ഥാപിതമായി. മൂന്നുപേർ ജോലി ചെയ്യുന്നു. പഞ്ചായത്ത് ആണ് ഈ സ്ഥാപനത്തിന് സ്ഥലം നൽകിയത്. ശരാശരി 150 രോഗികൾ ദിവസേന എത്തുന്നു.

എം. സി. റോഡരുകിൽ പഞ്ചായത്തിലെ മൂന്നാം വാർഡിൽ (മഴുക്കീർ) 1980-ൽ സ്ഥാപിതമായി. മൂന്നു ജീവനക്കാരുണ്ട്. ശരാശരി 150 രോഗികൾ ദിവസേന എത്തുന്നു. ഹോമിയോ ആശുപത്രി നിൽക്കുന്ന സ്ഥലം മാന്ദനാ മഠത്തിൽ ശ്രീ. എം. കെ. രാഘവൻ പിള്ള അവറുകൾ മഴുക്കീർ നാഷണൽ ലൈബ്രറിക്കു വേണ്ടി എഴുതി കൊടുത്തതും ലൈബ്രറി കമ്മറ്റി പഞ്ചായത്തിന് കൈമാറിയതുമാണ്. അതോടു കൂടി

ലൈബ്രറിക്ക് സ്ഥലവും ഇല്ലാതാവുകയും പ്രവർത്തനം സ്തംഭിക്കുകയും ചെയ്തു.

നിർദ്ദേശങ്ങൾ

(1) ഇരമല്ലിക്കര P.H.C. കിടക്കകളോടു കൂടിയ ആശുപത്രി ആക്കണം.

(2) ആയുർ വേദ ആശുപത്രിക്ക് ഇപ്പോൾ നൽകുന്ന allotment 20000 രൂപാ തീരെ അപര്യാപ്തമാണ്. ഈ തുക കുറഞ്ഞത് ഒരു ലക്ഷമാക്കി ഉയർത്തി മരുന്നിന്റെ ലഭ്യത വർദ്ധിപ്പിക്കണം.

(3) ഹോമിയോ ആശുപത്രി എം. സി. റോഡിന്റെ അരികിലാണ് സ്ഥിതി ചെയ്യുന്നത്. രോഗികൾക്ക് യാത്രാ സൗകര്യമുണ്ട്. ഇപ്പോൾ തന്നെ മറ്റ് ആശുപത്രികളേക്കാളും കൂടുതൽ രോഗികൾ ദിവസേന എത്തുന്നുണ്ട്. വേണ്ടത്ര കിടക്കകളോടു കൂടി ഈ ഡിസ്പൻസറി ചെങ്ങന്നൂർ താലൂക്ക് ഹോമിയോ ആശുപത്രി ആക്കി ഉയർത്തുക.

കുടിവെള്ളം

പൊതുജനാരോഗ്യ രക്ഷയിൽ ഏറ്റവും പ്രാധാന്യമുള്ളത് കുടിവെള്ളത്തിനാണ്. ജലത്തിൽ കൂടി പകരുന്ന രോഗങ്ങൾ നിയന്ത്രിക്കുവാൻ കഴിഞ്ഞാൽ രോഗികളുടെ എണ്ണം കുറയ്ക്കുവാൻ കഴിയും.

ശുദ്ധജലത്തിന്റെ ലഭ്യത തിരുവൻവണ്ടൂർ പഞ്ചായത്തിൽ പ്രധാനമായും കിണറുകളിൽ നിന്നും പൈപ്പുകളിൽ നിന്നുമാണ് ലഭിക്കുന്നത്. കേരള വാട്ടർ അതോറിട്ടിയുടെ കല്ലിശ്ശേരിയിൽ നിന്നും ജല വിതരണം നടത്തുന്നു. 66 പൊതു ടാപ്പുകളും 330 വീടു കണക്ഷനുകളുമാണ് വാട്ടർ അതോറിട്ടിക്ക് ഉള്ളത്.

കൂടുതൽ ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. വേനൽക്കാലത്ത് കിണറുകളിലെ ജലനിരപ്പ് കുറയുന്നു. ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. പഞ്ചായത്തിലെ കിഴക്കൻ പ്രദേശങ്ങളിലും നദീതീരങ്ങളിലും ശുദ്ധ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. അനിയന്ത്രിതമായ മണൽവാരൽ മൂലമാണ് ജല നിരപ്പ് താഴുവാനുള്ള കാരണം. ഇഷ്ടികക്കളങ്ങളുടെ താഴ്ച കൂടുന്തോറും ജലനിരപ്പും താണുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ നിന്നും നാളിതു വരെ നൽകിയിട്ടുള്ള കിണറുകളുടെ എണ്ണം ലഭ്യമല്ല. വിവിധ സ്കീമുകൾ അനുസരിച്ച് ദാരിദ്ര രേഖയ്ക്കു താഴെ കഴിയുന്ന നിരവധിയാളുകൾക്ക് കിണറുകൾ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. 500 കിണറുകൾ കൂടി നിർമ്മിച്ചു നൽകാൻ 100% ജനങ്ങൾക്കും കിണറുകൾ ആകും.

കല്ലിശ്ശേരിയിലെ നിലവിലുള്ള വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി 90,000 ലിറ്റർ ആണ്. ഇതുകൊണ്ടു മാത്രം നമ്മുടെ ആവശ്യം തീരില്ല. പുതിയ ടാങ്കു നിർമ്മിച്ച് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പൈപ്പുവെള്ളം എത്തിക്കാനുള്ള നടപടി കൈക്കൊള്ളണം.

ശുചിത്വം

പൊതുജനാരോഗ്യ സംരക്ഷണത്തിൽ സുരക്ഷിതമായ കക്കൂസുകൾക്ക് സുപ്രധാനമായ പങ്കാണുള്ളത്. പഞ്ചായത്തിലെ പുതുതായി നിർമ്മിച്ച വീടുകൾ അടക്കം നിരവധി വീടുകളിൽ ഇനിയും കക്കൂസുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്.

CRSP കക്കൂസുകൾ 100 എണ്ണം മാത്രമാണ് ഇതേവരെ നിർമ്മിച്ചിട്ടുള്ളത്. തുറസ്സായ സ്ഥലങ്ങളിലെ മല വിസർജ്ജനം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആരോഗ്യ സംരക്ഷണത്തിനും പകർച്ച വ്യാധികൾ തടയുന്നതിനും ഇത് ആവശ്യമാണ്. കോളനികളിലെ കക്കൂസുകൾ സുരക്ഷിതമല്ല. ഇരട്ടക്കുഴി കക്കൂസുകൾ വേണ്ടത്ര ഇല്ല. സെപ്റ്റിക് ടാങ്കുകൾ പൊട്ടി മഴക്കാലത്ത് വൻ ഭീഷണിയാണ്. ഗ്രാമസഭകളിൽ ഇതേക്കുറിച്ച് നിരവധി പരാതികൾ ഉയർന്നിരുന്നു.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള waste Bin കല്ലിശ്ശേരി, മഴുക്കീർ, തിരുവൻവണ്ടൂർ തുടങ്ങിയ പ്രധാന ജംഗ്ഷനുകളിൽ സ്ഥാപിക്കുകയും ചപ്പുചവറുകൾ അലക്ഷ്യമായി റോഡിൽ ഇടുന്ന വ്യാപാരികളെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളണം.

കല്ലിശ്ശേരിയിലെയും തിരുവൻവണ്ടൂരിലെയും മത്സ്യ മാർക്കറ്റുകൾ പ്രധാന റോഡിന്റെ സൈഡിൽ നിന്നും സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം.

പൊതുവിതരണം

തിരുവൻവണ്ടൂരിൽ പത്ത് പൊതുവിതരണ കേന്ദ്രമാണുള്ളത്. ഇവയിലാകെ കൂടി കഴിഞ്ഞ അഞ്ചു വർഷം വിതരണം ചെയ്തിട്ടുള്ള സാധനങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.


പൊതുവിതരണ സമ്പ്രദായം ശക്തമാണെങ്കി

ലും പഞ്ചായത്തിലെ ഒരു വാർഡിൽ റേഷൻ കട പ്രവർത്തിക്കുന്നില്ല. ഏഴാം വാർഡിൽ ഒരു പൊതുവിതരണ കേന്ദ്രം സ്ഥാപിക്കുവാൻ അധികാരികൾ ശ്രദ്ധിക്കണം.

അതുപോലെ തന്നെ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കണമെന്നതും ഗ്രാമസഭകളിൽ ഉയർന്നു കേട്ടതാണ്. സഹകരണ മേഖലയിലുള്ള കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടിയുണ്ടാകണം. തിരുവൻവണ്ടൂർ കേന്ദ്രമാക്കി ഒരു മാവേലി സ്റ്റോർ ആരംഭിക്കണം.

ഇന്നുള്ള അപാകതകൾ പരിശോധിച്ച് പൊതുവിതരണ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ ജനകീയ പങ്കാളിത്തമുള്ള പുതിയ മാർഗ്ഗം കണ്ടെത്തണം.





10

ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ വളരെ വർഷങ്ങൾക്കുമുമ്പ് തന്നെ റോഡുകൾ ഉണ്ടായിരുന്നു. പഞ്ചായത്തിൽ ആദ്യമായി നിർമ്മിക്കപ്പെട്ട റോഡ്. എം. സി. റോഡ് തന്നെയാണ്. ഇപ്പോൾ state Highway No.1 ആയി പ്രഖ്യാപിച്ച എം. സി. റോഡ് പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്.

പ്രാവിൻകൂട് ജംഗ്ഷൻ ഇരമല്ലിക്കര റോഡ് ആദ്യകാല പഞ്ചായത്തിന്റെ റോഡായിരുന്നു. തലച്ചുമടായി കൊണ്ടുപോയിരുന്ന സാധനങ്ങൾ ഇടയ്ക്കിറക്കിവെച്ച് വിശ്രമിക്കുന്നതിനുള്ള ചുമടുതാങ്ങികൾ ഇടയ്ക്കിടെ ഉണ്ടായിരുന്നു. അതിന്റെ അവശിഷ്ടങ്ങൾ കുറെനാൾ മുമ്പു വരെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണാമായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ അവയൊക്കെ അപ്രത്യക്ഷമായി.

ടാർ ചെയ്തതും മെറ്റൽ ചെയ്തതും ചെമ്മൺ പാതയുമായി 85. 83 km റോഡുകൾ പഞ്ചായത്തിൽ ഉണ്ട്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ഏറ്റവും വലിയ പരാതി റോഡുകളെക്കുറിച്ച് മാത്രമായിരുന്നു. റോഡുകളുടെ പുരോഗതിയിലൂടെ മാത്രമേ വികസനം സാധ്യമാകൂ എന്നുള്ള ചർച്ചപോലും ഗ്രാമസഭകളിൽ ഉയർന്നിരുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് സന്നദ്ധ പ്രവർത്തനം നടത്തുന്നതിനും ജനങ്ങൾ തയ്യാറാണ്.

പഞ്ചായത്തിലെ ഇന്നത്തെ റോഡു ലഭ്യത സംസ്ഥാന ശരാശരിയുടെ ഇരട്ടി വരും എന്നിട്ടും നിലവിലുള്ളത്രയും റോഡുകൾക്ക് കൂടി പുതിയ നിർദ്ദേശങ്ങൾ ഉയർന്നു വന്നിരിക്കയാണ്.

നേരത്തെ ലഭിച്ചിരുന്ന ഫണ്ടിന്റെ ഏതാണ്ട് മുക്കാൽ പങ്കും ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താനായിരുന്നു നീക്കി വെച്ചിരുന്നത്. റോഡുകൾക്കായുള്ള ഓട്ടത്തിനിടയിൽ നാം സ്വാഭാവിക ജല നിർഗ്ഗമന മാർഗ്ഗങ്ങളായിരുന്ന തോടുകളെയും മറ്റും മറന്നു. സ്വകാര്യ വ്യക്തികളുടെ മതിലുകളും നമ്മുടെ റോഡുകൾക്ക് ഭീഷണിയാണ്. റെയിൽവേ ലൈൻ പഞ്ചായത്തിലെ രണ്ടാം വാർഡിലൂടെ കടന്നുപോകുന്നു. വെള്ളം ഒഴുകിപ്പോകാനുള്ള യാതൊരു സൗകര്യവും സൃഷ്ടിക്കാതെ റോഡുകൾ നിർമ്മിച്ചതുമൂലം മഴക്കാലം നമ്മുടെ പഞ്ചായത്തു റോഡുകളിലൂടെയുള്ള യാത്ര ദുരിതപൂർണ്ണമാണ്.

PWD Road കളും തകർച്ചയിലാണ്. പഞ്ചായത്ത് റോഡുകളുടെ സംരക്ഷണം ജനപങ്കാളിത്തം കൂടിയുണ്ടെങ്കിൽ മാത്രമേ സാധ്യമാകൂ.

ഏറ്റവും അത്യാവശ്യം വേണ്ട റോഡുകൾ തിരിച്ചറിഞ്ഞ് അവ ജനപങ്കാളിത്തത്തോടെ പൂർത്തികരിക്കുന്നതിനാവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്യണം. നിലവിലുള്ള റോഡുകൾ എല്ലാം തന്നെ ടാറിട്ട് സഞ്ചാരയോഗ്യമാക്കണം എന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന നിർദ്ദേശം.

കല്ലിശ്ശേരി കുത്തിയതോട് റോഡ് നിർമ്മാണത്തിൽ അന്നത്തെ പഞ്ചായത്തംഗം ശ്രീ. പി. എസ്. ഏബ്രഹാം വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല.

പല വാർഡുകളിലും പാടശേഖരങ്ങളിലേക്കുള്ള റോഡുകൾ ഇല്ലാത്തതുമൂലം കർഷകർ ബുദ്ധി

മുട്ടുന്നുണ്ട്.

റോഡുകളുടെ ലിസ്റ്റിൽ കാണിച്ചിരിക്കുന്ന നടപ്പാതകൾ വീതി കൂട്ടേണ്ടതായിട്ടുണ്ട്. നിരവധി പുതിയ റോഡുകൾ വെട്ടേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1) റോഡുകളുടെ പണിയിൽ ജനപങ്കാളിത്തം ഇല്ല.

2) പഞ്ചായത്തിലെ വരുമാനകുറവ് റോഡുപണികൾക്ക് തടസ്സമാകുന്നു.

3) പഞ്ചായത്തു റോഡുകളിലെ മഴവെള്ളം കെട്ടിക്കിടന്ന് റോഡുകൾ താറുമാറാകുന്നു. വെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യമില്ല.

4) റോഡുപണിയിൽ ഇടത്തരകാരുടെ ചൂഷണം ഒഴിവാക്കി ജനങ്ങളുടെ സഹകരണം തേടുന്നില്ല.

5) പൊതുവഴികളുടെ അഭാവം നിമിത്തം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ താമസിക്കുന്നവർ അന്യരുടെ പറമ്പിൽ കൂടി യാത്ര ചെയ്ത് ഭവനങ്ങളിൽ എത്തേണ്ട സ്ഥിതി നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായ ഇരമല്ലിക്കരയിലേക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിക്കണം. നന്നാട് മേഖലയിലേക്കും ബസ്സ് സർവ്വീസുകൾ ആരംഭിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കണ്ടത്തിൽപടി തിക്കേക്കാട് റോഡിൽ കൂടിയും ബസ് സർവ്വീസ് ആരംഭിക്കണം. ഇരമല്ലിക്കരയിൽ ഒരു പുതിയ കോളേജ് ആരംഭിച്ചതിനാൽ വികസന സാധ്യതകൾ വളരെയാണ്. പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയണം. ഇരമല്ലിക്കര കീച്ചേരി വാൽ കടവിൽ പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തണം. തിരുവൻവണ്ടൂരിലേക്ക് നേരത്തെ ഉണ്ടായിരുന്ന എല്ലാ ബസ്സുകളും പുനഃസ്ഥാപിക്കണം. തിരുവൻവണ്ടൂർ തിരുവനന്തപുരം ഫാസ്റ്റ് പുനഃസ്ഥാപിക്കണം.

പഞ്ചായത്തിലെ റോഡുകളിലും അപകടകരമായ രീതിയിൽ നിൽക്കുന്ന വൈദ്യുതപോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ ഇവ റോഡിന്റെ പരമാവധി സൈഡിലേക്ക് മാറ്റുവാനുള്ള ശ്രദ്ധയുണ്ടാവണം.


ജലഗതാഗതം

വർഷങ്ങൾക്കു മുൻപ് നമ്മുടെ പഞ്ചായത്തിലെ ഇറപ്പുഴകടവിൽ ചെങ്ങന്നൂർ ബോട്ടുജെട്ടി പ്രവർത്തിച്ചിരുന്നു. ജല ഗതാഗത വകുപ്പിന്റെ സ്വന്തമായ ഒരു ഓഫീസ് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നു. യാത്രക്കാരുടെ അഭാവം നിമിത്തം ചെങ്ങന്നൂർ ആലപ്പുഴ ബോട്ട് സർവ്വീസ് നിർത്തലാക്കി.

നമ്മുടെ പഞ്ചായത്തിലെ ജലഗതാഗതമാർഗ്ഗം എന്നു പറയുവാൻ രണ്ടു മൂന്ന് കടത്തു വള്ളങ്ങൾ മാത്രമാണുള്ളത്. ഇരമല്ലിക്കരയുള്ള മദിനശ്ശേരി കടവും കീച്ചേരി വാൽക്കടവും ഈ പഞ്ചായത്തിലാണ്.

20 കൊല്ലങ്ങൾക്കു മുൻപുവരെ വരട്ടാറിലൂടെ കരിമ്പ് വള്ളങ്ങളും മറ്റ് ചരക്ക് വള്ളങ്ങളും കടന്നുപോയിരുന്നുവെങ്കിൽ ഇന്ന് വരട്ടാർ ഭൂരിഭാഗവും കൃഷിയിടങ്ങളായി മാറി.

കല്ലിശ്ശേരി ഇറപ്പുഴക്കടവിലെ ജലഗതാഗതവകുപ്പിന്റെ കെട്ടിടം മറ്റെതിങ്കിലും ഓഫീസിനു കൈമാറുകയോ പുതിയ ഓഫീസുകൾ ആരംഭിക്കുകയോ ചെയ്യണം.




നിലവിലുള്ള റോഡുകളുടെ വിവരങ്ങൾ

വാർഡ് I

റോഡിന്റെ പേര്	നീളം	വീതി	
റെയിൽവേ ഓവർ ബ്രിഡ്ജ് പാരുംമൂട്ടിൽ കടവ് (കല്ലിശ്ശേരി ഇരവിപേരൂർ റോഡ്)	2 KM	8 M	Tarring
റെയിൽവേ ഓവർബ്രിഡ്ജ് പുന്നക്കാട്ടുപടി (കല്ലിശ്ശേരി വെണ്ണിക്കുളം റോഡ്)	1.5 KM	8M	Tarring
റെയിൽവേ ചിറ മുതൽ കളീക്കൽ പടി വരെ	1.5km	8.m	
പള്ളിപ്പടി മുതൽ കല്ലുപാലത്തിങ്കൽ പടി	1.5km	6 m	ചെമ്മൺപാത
നെടിയുഴത്തിൽ പടി മുതൽ ആരോളിപടി വരെ	700m	6.m	ചെമ്മൺപാത
അമ്പാട്ടു പടി മുതൽ കുറിയറ്റോടത്തുപടി വരെ	500 m	6. m	"
തുണ്ടിൽ പടി മുതൽ വരട്ടാർ റോഡു വരെ	200.m	6.m	"
വെന്നു വെള്ളിൽ പടി മുതൽ തറയില്ലാത്തുപടി വരെ	300 m	4.m	"
മാങ്കൂട്ടത്തിൽ പടി മുതൽ നെല്ലിശ്ശേരി പാറപടി	150 m	4.m	
കുറ്റിയിൽ പടി P.I.P. കനാൽ	250m	4.m	
P.I.P കനാൽ മുരിങ്ങശ്ശേരി	250m	4.m	
കുളങ്ങരക്കൽ പടി തുണ്ടിപടി	150 m	4 m	
ആറോളിപടി കൊടിയത്തു പടി വരട്ടാർ	150m	4.m	
നെടുവേലിപ്പടി വരട്ടാർ	250m	4.m	
അമ്പാട്ടു പടി അടിശ്ശേരി പടി	300.m	4.m	
പടിപ്പുരപ്പടി കുരിയാസ് പടി	150m	4m	
I.C. പടി കയ്യാലയ്ക്കകത്ത് പടി	250m	4m	
ചക്കുംമൂട്ടിൽ പടി കുളങ്ങര പടി	150m	4m	
കല്ലൂർപടി പട്ടരുമഠത്തിൽ പടി	200m	4m	
കുരിയയ്ക്കൽ പടി മട്ടയ്ക്കൽ പടി	100m	4m	
മുണ്ടോലി പടി വരട്ടാർ വരെ	150 m	4m	
P.I.P. കനാൽ മുതൽ മാങ്കോട്ടുതറ പടി വരെ	200 m	4m	
കനാൽ റോഡ് പുന്നയ്ക്കാട്ടുപടി മുതൽ കയ്യാലയ്ക്കകത്തുപടി	1500m	4m	
കുളങ്ങരയ്ക്കൽ പടി വേലാംപറമ്പിൽ പടി	150 m	4m	

വാർഡ് II

മണലേത്ത് കിഴക്കേപുറത്ത് നടപ്പാത	100m	2m	Gravelled
പുത്തൻപീടിക പടി അഴയകാവിൽ കടവ്	225 m	4m	
കുന്നുംപുറം മുതൽ മുൻസിപ്പാലിറ്റി വരെ നടപ്പാത	200m	3m	
കിഴക്കേപെരുയ്ക്കൽ പടി സെന്റ് മേരീസ് പള്ളി കടവ്	400m	5m	മെറ്റൽ
പടിഞ്ഞാറേത്ത്പടി മാളിയേക്കൽ പടി	300m	3m	ഗ്രാവൽ
പടിഞ്ഞാറേപടി റ്റി. ബി. ജംഗ്ഷൻ റോഡ്	400m	4m	"
പടിഞ്ഞാറേപടി റ്റി. ബി. ജംഗ്ഷൻ റോഡ്	100m	6m	Tar



റ്റി. ബി. ജംഗ്ഷൻ കൊച്ചുമഠത്തിൽപടി	100m	6m	ഗ്രാവൽ
കോട്ടവാതുക്കൽ മുതൽ പൊട്ടക്കുളത്തിൽ പഴയ പീടിക റോഡ്	500m	5m	Metalled
നമ്പുമഠത്തിൽ മുതൽ വല്ലത്ത് റോഡ് വരെ നടപ്പാത	200m	2m	Gravelled
കല്ലിശ്ശേരി സെന്റ് മേരീസ് സ്കൂൾ പടി പാറയിൽപടി വരെയുള്ള നടപ്പാത	100m	2m	Gravelled
കല്ലിശ്ശേരി ജംഗ്ഷൻ ബോട്ടു ജെട്ടി കടവുവരെ	300m	8m	
T.B. ജംഗ്ഷൻ ചേനയ്ക്കൽ കടവ് വരെ	200m	6.m	Mettled
താഴത്തേതിൽപടി പാലേക്കുന്നിൽ പടി	900 m	3.m	Grvelled
പ്ലാംപറമ്പിൽപടി മോഡീസ്കൂൾ പടി	200 m	3m	Gravelled

വാർഡ് III

പറയനകുഴി ഐക്കരേത്തുപടി വരെ	400m	4m	Tar
ഐക്കരേത്ത്പടി മാറേകാട്ടുപടി വരെ	200 m	3m	-
പഴയുംപള്ളിൽ പടി ഐക്കരപ്പള്ളം	200m	4m	Gravelled
ഐക്കരേത്ത് പടി വരട്ടാർ വരെ	150 m	3m	"
ഈരയിൽപടി കീളാത്തറപടി	300m	3m	"
കാരയ്ക്കാണ്പടി പൗവ്വത്തിൽ പടി വരെ	150m	3m	"
ചാങ്ങയിൽപടി വല്ല്യത്തുപടി വരെ	200m	3m	"
മാരാമിറ്റത്തു പടി കൊച്ചുവീട്ടിൽ തുണ്ടിയിൽപടി	300m	3.5m	"
പുത്തേടത്തുപടി കൊമ്പിക്കുഴിപ്പടി വരെ	300m	3.5m	"
മരാമിറ്റത്തുപടി വരട്ടാർ വരെ	150m	5.m	"
മഴുക്കീർ സെന്റ് മേരീസ് പള്ളി പടി റയിൽവേച്ചിറ വരെ	1000m	6m	Mettelled
പ്രാവിൻകൂട് മുതൽ തൃക്കയിൽക്കടവ് വരെ	250m	5m	"
പ്ലാമ്പറമ്പിൽ പടി ഉമയാറ്റുകര എൽ. പി. സ്കൂൾ വരെ	150m	3.5m	Gravelled
ക്ണാമ്പറമ്പിൽ പടി പെരുമിറ്റത്തുപടി	700m	4.5	Gravelled
കടയ്ക്കേത്തു പടി കാരയ്ക്കാട്ടുപടി	300m	3.5m	"
പെരുമിറ്റത്തുപടി തെള്ളിപ്പള്ളം റോഡുവരെ	150m	4.00m	"
പഴയപീഠികപ്പടി റയിൽവേച്ചിറവരെ	350m	3.5	
പഴയപീഠികപടി മഴുക്കീർ മേൽവിഷ്ണുക്ഷേത്രം	200m	4m	Gravelled
വിഷ്ണു ക്ഷേത്രം മുതൽ റയിൽവേച്ചിറ വരെ	150m	4m	Gravelled

വാർഡ് IV

മുണ്ടയ്ക്കൽപടി തുരുത്തിശ്ശേരി പടി നടപാത	750m	2m	
നെടുങ്ങാട്ടേത്തുപടി കണ്ണന്താനത്തുകടവ് വരെ	600m	4m	Gravelled
ഇലഞ്ഞിക്കൽ പടി വഞ്ചിമൂട്ടിൽ കടവ് വരെ	700m	4m	Mettalled
ഉപ്പുകുളത്തിൽപടി ഹരിജൻ ശ്മശാനം വരെ	750m	5m	"
ഇടവക്കാട്ടിൽ പടി കൈലാത്ത് പടി വരെ	750m	5m	"
കോവിലാൽപടി കൊച്ചിത്രപടി കല്ലുപറമ്പ് കോളനി വഴി തുണ്ടിയിൽ പടി റോഡ്	1000m	5m	Tarring

താമരപ്പള്ളിൽ പടി വെട്ടിക്കോടുക്ഷേത്രം	600m	6m	"
വെട്ടിക്കോട് ക്ഷേത്രം കൊച്ചിത്രപടി	250m	3m	Gravelled
വെട്ടിക്കോട് ക്ഷേത്രം കുരക്കുവേലിപ്പടി മുട്ടാണിശ്ശേരിപടി പറയനാകുഴി എം. സി. റോഡ് വരെ	1000m	4m	"
വെട്ടിക്കോട് ക്ഷേത്രം കൊമ്പിക്കുഴിപ്പടി മഴുക്കീർ പാടശേഖരം വാരിക്കോട് ലക്ഷംവീട് കോളനി റോഡ്	2000m	6m	Gravelled
മണക്കണ്ടത്തിൽ പടി മഴുക്കീർ പാടശേഖരം നടപ്പാത	300M	2M	Gravelled
പാലശ്ശേരിപടി മഠത്തിൽ കടവ്	150m	2m	"
മഴുക്കീർ പ്രാവിൻകൂട് ജംഗ്ഷൻ ഇരമല്ലിക്കര	5.km	8m	Tar-PWD

വാർഡ് V

തിരുവൻവണ്ടൂർ എച്ച്. എസ് ഈരടിച്ചിറ	2500m	8m	Tarring
പുന്നാറ്റുശേരി ജംഗ്ഷൻ മുണ്ടടിച്ചിറ വരെ	200m	8m	"
കുരീക്കപ്പുറമ്പിൽ പടി വാഴയിൽ പടി വരെ	600	4m	Gravelled
നന്നാട് ഹെൽത്ത് സെന്റർ റോഡ്	400m	4m	"
ആനക്കുഴിപ്പടി മുതൽ മാലിയിൽ കടവ് റോഡ് വരെ	400m	3m	"
ആറ്റുമാലിപ്പടി പൂവത്തുംമൂട്ടിൽ പടി	150m	3m	"
ഒഴുക്കുതാരപ്പടി ചേക്കോട്ടിൽ പടി റോഡ്	1000m	5m	"
തോപ്പിൽപടി മുണ്ടടിച്ചിറ പുഞ്ച റോഡു വരെ	500m	4m	"
തോപ്പിൽപടി കള്ളിക്കാട്ടിൽ പടി	300m	3.5m	"
കനാൽമുക്ക് പുത്തൻതോട്	250	3.5m	"
മണലിത്രപടി കോടിക്കൽ പടി	150m	3.00m	"
മണലിത്രപടി മാണന്തറപടി	200m	2.5m	"

വാർഡ് VI

തുണ്ടത്തിൽ പടി മുതൽ പി. ഐ. പി കനാൽ വരെ	200m	4m	Gravelled
തറവിലേത്തുപടി മുതൽ വാരണത്തുപടി റോഡ്	200m	4m	Gravelled
ഇടക്കല്ലിൽ പടി പ്ലാന്നികുന്നേൽപടി	300m	6m	"
തെക്കുറിഞ്ഞി പടി പുത്തൻതോട് വരെ	600m	6m	"
കുന്നത്തേത്തുപടി താഴ്ചയിൽ വീട് വരെ	350m	3m	Gravelled
തെക്കേടത്തുപടി ഇട്ടിയാവടക്കേതിൽ പടി	400m	6m	Gravelled
മാടപ്പള്ളിപടി ഇട്ടിയ വടക്കേതിൽ പടി	500m	6m	"
തെക്കുംതറ പടി കീച്ചേരി കോളനി	600m	6m	"
മുല്ലപറമ്പിൽ പടി കീച്ചേരി കോളനി	400m	4m	"
മഞ്ഞിപുഴത്തുകോളനി തോണ്ടപുറത്തുപടി	500m	3.5m	"
തിരുവൻവണ്ടൂർ ക്ഷേത്രം തയ്യിൽപടി	650m	8m	"
കുരിശുംതൊട്ടിമുതൽ തയ്യിൽപടിവരെ	300m	6m	"
വടുതലപടി തിരുവൻവണ്ടൂർക്ഷേത്രം വടക്കേ നടവരെ	250m	5m	"
വടുതലപടി വലേത്തുപടി	800m	9m	"


തിരുവൻവണ്ടൂർ ക്ഷേത്രം കിഴക്കേനട പാവൂർപടി പുഴക്കരശ്ശേരി റോഡുവരെ	700m	6m	"
വാർഡ് VII			
പാലൂർപടി മുതൽ തുണ്ടത്തിൽപടി റോഡ്	200m	6m	Gravelled
വനവാതുക്കര ഇരമല്ലിക്കര വാളത്തോട്	PWD റോഡ്	2250m	8m
പൗർണ്ണമി ജംഗ്ഷൻ വെളുത്തേടത്ത് കടവ്	300m	4m	Gravelled
മഠത്തിലയ്യത്തു കളിയ്ക്കൽ കടവ്	150m	8m	"
മദനശ്ശേരി കടവ് ക്ഷേത്രജംഗ്ഷൻ	300m	8m	"
ക്ഷേത്രജംഗ്ഷൻ വാഴുവേലികടവ് റോഡ്	150m	2m	"
ഹിന്ദു യു. പി. സ്കൂൾ കടവിലേത്ത്	250m	3.5m	"
കൊട്ടാരത്തിൽ പടി ആറ്റുതിട്ട	500m	2m	"
ലക്ഷംവീട് കോളനി തട്ടാവളത്തുപടി	600m	4m	"
കുഴിയന്തറപടി തട്ടാവളത്ത്റോഡ്	400m	4m	"
പൊറ്റത്തിൽപടി ചക്കാലത്തറ കണ്ടത്തിൽ പടി	800M	2M	"
കയ്യാലയ്ക്കകത്ത് പടി ഒട്ടത്തിൽപടി റോഡ്	250m	4m	"
വനവാതുക്കര ക്ഷേത്ര ജംഗ്ഷൻ തറവക്കാട്ടു പടി	800m	4.5m	"
ചെറിയന്തര പടി മൂരിക്കോട്ടുപടി	300m	4m	"
ഇരമല്ലിക്കര കൊട്ടാരത്തിൽപടി കൊട്ടാരത്തിൽകടവ്	200m	4m	"
വനവാതുക്കര ക്ഷേത്ര ജംഗ്ഷൻ കാക്കത്തോട് റോഡ്	400m	4m	"
വാർഡ് VIII			
കണ്ടത്തിൽപടി തിക്കൈകോട് റോഡ്	1800m	8m	Tar
കറയക്കള്ളിൽ പടി വാരിക്കോട്ട് തറ	950	3m	Gravelled
ഐരാണത്തറ പടി വണ്ടകത്തറ റോഡ്	800m	3m	"
കറയകള്ളിപടി ഉണ്ടാപറമ്പിൽ പടി	780m	3m	"
മുണ്ടയ്ക്കൽപടി മുതൽ കരിമ്പിൽ പടി	400m	2.5m	"
വാലേത്തുപടി വടുതലപടി വരെ	750m	8m	"
തോണ്ടറപടി മാണിക്കശ്ശേരി പടി	1500m	5m	"
തുണ്ടത്തിൽപടി ഇടിക്കണംപറമ്പിൽ പടി	900m	6m	"
താമരപ്പള്ളിപടി അട്ടക്കുഴി റോഡു വരെ (കലുങ്ക്)	600m	8m	Tar
അത്തിക്കുഴി പടി ക്ണാപ്പോടത്തു പടി	350m	4m	Gravelled
പാവുപള്ളത്ത് പടി മരങ്ങാട്ടുമഠം പടി	300m	4m	"
മാന്തോപ്പിൽപടി മന്നത്തുപടി	300m	4m	"
ഇടിക്കണം പറമ്പ് വാണിപ്പുഴേത്ത് കോളനി	800m	4m	"
മാണിയ്യശ്ശേരി പടി പ്ലാന്തറപ്പടി (6-ാം വാർഡ് വരെ)	300m	5m	"
മാലിത്തറ കോളനി തോണ്ടുതറ റോഡ്	500m	5m	"
പള്ളത്തുപടി കീച്ചേരി പടി റോഡ്	600m	4m	"
മാമ്പറത്തോട്ടത്തിപടി മുതൽ പുത്തേത്ത് പടി വരെ	150m	4m	"

തോണ്ടപ്പുറത്ത് പടി മാലിയിൽ പടി	500m	3m	"
തോണ്ടപ്പുറത്ത് പടി മിച്ചഭൂമി കോളനി റോഡ്	300m	2.5m	"

വാർഡ് IX

കല്ലിശ്ശേരി ജംഗ്ഷൻ കുത്തിയതോട്	7KM	8m	PWD
എം. സി. റോഡു മുതൽ തുരുത്തിക്കാട്ടുതറ കോളനി	500m	5m	Tar
തുരുത്തിക്കാട്ടുതറ മുതൽ കല്ലുപറമ്പിൽ പടി	300	3.5m	Gravelled
പരുവത്തറപടി വാഴത്തറ കോളനി	250	3m	"
പരുവത്തനപടി ഇരുപാറപടവ് വയൽ റോഡ്	350	2m	"
തട്ടാരുഴത്തിൽ പടി ഉമയാറ്റുകര ക്ഷേത്ര് ചെങ്കലാത്തു പടി വരെ	1500	7m	"
ആക്കൽപടി വേങ്ങാട്ടു പടി മുതൽ തുണ്ടത്തിൽ മുക്കു റോഡുവരെ	600	5m	"
ആക്കൽ പടി വേങ്ങാട്ടു പടി മുതൽ തുണ്ടത്തിൽ മുക്കു റോഡു വരെ	200	4m	"
മാങ്കണത്തിൽപടി കോലാപുറത്തുവീട് വരെ	350m	6m	"
പേങ്ങാട്ടു ജംഗ്ഷൻ കോളഭാഗം	300m	4m	"
ഉമയാറ്റുകര ക്ഷേത്രം മുതൽ തെക്കോട്ട് പമ്പാ നദീതീരം	350m	3m	"
ഉമയാറ്റുകര ക്ഷേത്രം കോമടത്തുശ്ശേരി	700m	6m	"
കള്ളിക്കാട്ടു പടി കോലപ്പുറത്തുതോട്	400m	4m	"
ഇടശ്ശേരി തുണ്ടി പടി വള്ളിയിൽപടി	450m	4m	"
ചെത്തിനാടത്തുപടി പടിഞ്ഞാട്ട് തോപ്പിൽ കിഴക്ക്	400m	3m	"
തട്ടാരുഴത്തിൽ പടി ശ്മശാനം അമ്പലത്തറ പടി	650m	3m	"
ഉണ്ടിച്ചെത്തിനാടത്തുപടി തുണ്ടിയിൽ പടി വരെ	400m	3m	"
കിഴക്കേ കുറ്റുപടി മുതൽ തോണ്ടിയത്തു പടി വരെ	300m	4m	Gravelled
കാഞ്ഞിരക്കാട്ടുപടി പാടിത്തിൽ കുളി കടവ് റോഡ്	350m	3m	Gravelled
പുഴയിൽപടി മാവേലിത്തറ കോളനി കനാൽ വരെ	700m	5m	"
പാട്ടത്തിൽ പടി പമ്പാതീരം ഇടശ്ശേരിയത്തു റോഡ്	600m	4m	"
അംബിരേത്ത് ജംഗ്ഷൻ ഇടശ്ശേരിയത്ത് കടവ് വരെ	500m	6m	"
പാലത്തിനാൽപടി കോയിപ്പുറത്തു പടി	350m	5m	"
മുഞ്ഞിനാട്ടുപടി MTLP. School	200m	5m	"
മുളയ്ക്കൽപടി കടയിലാമഠം	300m	3m	"
വാലുപറമ്പിൽ പടി തലയിണത്തറ വരെ (നടപാത)	300m	3m	"
പാണക്കാട്ട്പടി മുതൽ തലയത്തറ തോട്ടിൻകര കനാൽ	450m	4m	"
വള്ളിയിൽപടി മുതൽ വില്ലുകുന്നിൽപടി വരെ	400m	2m	"
മുല്ലശ്ശേരി പടി വളയൻകണ്ടംവരെ	250m	4m	"
വാവല്ലൂർ പടി തുമുഖം വയൽ റോഡ്	1000m	4m	"
പുത്തൻതറ പടി പണിക്കശ്ശേരി നടപ്പാത	300m	2m	"
വാലുപറമ്പിൽ പടി തലയിണത്തറ	300m	3m	"

(അവലംബം പഞ്ചായത്ത് റോഡ് രജിസ്ട്രേർ)



11

ഊർജ്ജം

തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഊർജ്ജത്തിന്റെ പ്രധാന സ്രോതസ് വിറകും വൈദ്യുതിയുമാണ്. മണ്ണെണ്ണയും പാചകവാതകവും 25% ആളുകൾ ഉപയോഗിക്കുന്നുണ്ട്. ഏറ്റവും വലിയ ഊർജ്ജ സ്രോതസ് വൈദ്യുതി തന്നെയാണ്.

പഞ്ചായത്തിലെ 4964 വീടുകളിൽ വൈദ്യുതിയുണ്ടെങ്കിലും വോൾട്ടേജ്ക്ഷാമം രൂക്ഷമാണ്. വലിയ വ്യവസായ സ്ഥാപനങ്ങളോ, കൂടിയ അളവിൽ വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനങ്ങളോ തിരുവൻവണ്ടൂർ പ്രദേശത്ത് ഇല്ലെങ്കിലും വോൾട്ടേജ് ഇല്ല എന്നത് വിരോധാഭാസമാണ്. അപ്രഖ്യാപിത കരണ്ടുകട്ടും ജനങ്ങളെ വലയ്ക്കുന്നുണ്ട്.

വിറക്

വിറകിന്റെ ലഭ്യത താരതമ്യേന കുറഞ്ഞു വരികയാണ്. നമ്മുടെ നാട്ടിലെ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണ് ഉപയോഗിക്കുന്നത്. വിറക് അടുപ്പ് ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്ന ആരോഗ്യ പ്രശ്നത്തെപ്പറ്റി ജനങ്ങൾ ബോധവാൻമാരല്ല. വളരെ ചെറിയ ശതമാനം വീടുകളിൽ മണ്ണെണ്ണ ഉപയോഗിച്ചും ഉയർന്ന സാമ്പത്തിക ശേഷിയുള്ളവർ എൽ. പി. ജി. യും ഉപയോഗിക്കുന്നു. വിറകിന്റെ വിലക്കയറ്റം സാധാരണക്കാർക്കു താങ്ങാവുന്നതിലും അധികമായിക്കൊണ്ടിരിക്കുന്നു. ലഭ്യത കുറയും തോറും വിലക്കയറ്റം ഉണ്ടാവുക സ്വാഭാവികമാണെങ്കിലും പകരം എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയേ മതിയാവൂ. നമ്മുടെ പഞ്ചായത്തിലെ 4000 ത്തോളം വീടുകളിൽ ഭൂരിപക്ഷവും വിറകടുപ്പ് ഉപയോഗിക്കുന്നവരാണ്. വിറകടുപ്പ് ഒന്നു കൂടി പരിഷ്കരിച്ച് ദക്ഷത കൂട്ടുവാനുള്ള ശ്രമം പഞ്ചായത്തു കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

(1) വിറകടുപ്പുകൾ ശാസ്ത്രീയ പരിഷ്കരിക്കുന്നതിന് സംവിധാനമില്ല.

(2) പുരയിടങ്ങളിൽ വിറകിന്റെ ആവശ്യത്തിനു വേണ്ടി മാത്രം പാഴ്മരങ്ങൾ വളർത്തുന്നില്ല.

സാധ്യതകൾ

(1) വിറകടുപ്പുകൾ ഭക്ഷത കൂട്ടുന്നതിന് എല്ലാ വീടുകളിലും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

(2) വിറകിന്റെ ആവശ്യത്തിനു മാത്രമായി പുരയിടങ്ങളിലും പുറമ്പോക്കു ഭൂമികളിലും മറ്റ് അനുയോജ്യമായ സ്ഥലത്തും പാഴ്മരങ്ങൾ നട്ടു വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

വൈദ്യുതി

വൈദ്യുതിയുടെ കാര്യത്തിൽ ഇന്നു നമ്മുടെ സംസ്ഥാനം ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തിരുവൻവണ്ടൂർ പഞ്ചായത്തിലും അതിന്റെ ഭാഗമായ പ്രയാസങ്ങൾ അനുഭവിക്കുന്നു. പവർകട്ടും അപ്രഖ്യാപിത പവർകട്ടും എല്ലാം പ്രശ്നങ്ങൾ തന്നെയാണ്. വൈദ്യുതി എത്താത്ത നിരവധി

വീടുകളും പഞ്ചായത്തിലുണ്ട്. ഏകദേശം പന്ത്രണ്ട് വർഷങ്ങൾക്കു മുൻപ് തിരുവൻവണ്ടൂർ പഞ്ചായത്തിൽ വെളിച്ച വിപ്ലവം എന്ന പേരിലുള്ള വൈദ്യുതി കണക്ഷന്റെ സംസ്ഥാന തല ഉദ്ഘാടനം നടന്നിരുന്നു. അന്ന് തുരുത്തിക്കാട്ടു തറ കോളനി ഭാഗത്ത് വൈദ്യുതി എത്തിക്കുന്നതിന് കഴിഞ്ഞു. തുടർന്ന് ഇതേപോലെ ഒരു പരിപാടി നടത്തുവാൻ കഴിഞ്ഞില്ല.

ഭൂരിഭാഗം പഞ്ചായത്തു റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. സ്ട്രീറ്റ് ലൈറ്റുകളുടെ പേരിൽ പഞ്ചായത്ത് ഭീമമായ തുക നൽകുന്നുണ്ടെങ്കിലും പല ലൈറ്റുകളും പ്രകാശിക്കുന്നില്ല. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ ഓരോ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ഇപ്രകാരമാണ്.

ബൾബ് - 532

ട്യൂബ് - 84

മറ്റിനം - Nil

വീടുകളിൽ വെളിച്ചത്തിനും ടി. വി തുടങ്ങിയ ആധുനിക ഗൃഹോപകരണങ്ങൾക്കുമാണ് വൈദ്യുതി ഉപയോഗിക്കുന്നത്. ഈ രംഗത്ത് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

പ്രശ്നങ്ങളും സാധ്യതകളും

1) വീടുകളിലേയും മറ്റു ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെയും അമിതമായ വൈദ്യുതി മോഷണം തടയുന്നതിനുവേണ്ടി നിലവിലുള്ള മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

2) പ്രസരണ നഷ്ടം കുറയ്ക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക. (Tuching വെട്ടിമാറ്റൽ ജനങ്ങളുടെ സഹകരണത്തോടെ ചെലവുകുറഞ്ഞരീതിയിൽ)

3) കാര്യക്ഷമതയില്ലാത്തതും പഴകിയതുമായ വൈദ്യോതോപകരണങ്ങൾ മാറ്റുക.

4) വൈദ്യുത കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർക്ക് എത്രയും പെട്ടെന്ന് കണക്ഷൻ നൽകുക.

5) സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുവാനുള്ള ചുമതലക്കാരെ നിശ്ചയിച്ച് പഞ്ചായത്ത് ബോർഡിനെ അറിയിക്കുക.

കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി പൂർണ്ണമായും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക.

വൈദ്യുതിയുടെ ഇന്നത്തെ ക്ഷാമം പരിഹരിക്കുന്നതിന് വമ്പിച്ച ജനകീയ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ കെ. എസ്. ഈ. ബി. ശ്രദ്ധിക്കുക.

ട്രാൻഫോർമറുകൾ മാറ്റി സ്ഥാപിക്കുക. പഴകിയ പോസ്റ്ററുകൾ മാറ്റി സ്ഥാപിക്കുക. പുരയിടങ്ങളുടേയും കൃഷിയിടങ്ങളുടേയും നടുക്കു നിൽക്കുന്ന വൈദ്യുത പോസ്റ്ററുകൾ മാറ്റി സ്ഥാപിക്കുക. ലൈനുകൾ വലിക്കേണ്ടത് റോഡിലൂടെയോ നടവഴികളിലൂടെയോ ആക്കുക. ശാസ്ത്രീയമായ രീതിയിൽ വൈദ്യുത ലൈനുകൾ പുനഃക്രമീകരിച്ചാൽ ധാരാളം പോസ്റ്റും കമ്പിയും അതുവഴി വൈദ്യുതിയും ലാഭിക്കാം. ഇവയൊക്കെ വർദ്ധിച്ച ജനപിന്തുണയുണ്ടെങ്കിൽ നടത്താവുന്നതേയുള്ളൂ.

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

വൈദ്യുതി സംബന്ധിച്ച് വിവരങ്ങൾ

1) നിലവിലുള്ള ഉപഭോക്താക്കൾ

(a) ഗാർഹികം 4964 Nos.

(b) വ്യാപാരം 491 Nos.

(c) വ്യാവസായികം 92 Nos.

(d) കാർഷീകം 31 Nos.

2) പുതിയതായി വൈദ്യുത കണക്ഷനുവേണ്ടിയുള്ള അപേക്ഷകരുടെ എണ്ണം 250 Nos.

3) തെരുവ് വിളക്കുകളുടെ എണ്ണം

ട്യൂബുകൾ 84

ബൾബുകൾ	25	40w	60w	100w
	30	360	30	112

4) വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

a) മാലിത്തറ (ഒരു ഭാഗം)

b) കോലടത്തുശ്ശേരി (വടുതല കോളനി)

c) മിച്ചഭൂമി കോളനി

5) നടപ്പുവർഷം വൈദ്യുതി നൽകിയത്

സാധാരണ	O.T.P	OYET
58	15	95

6) പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ. റ്റി. ട്രാൻസ്ഫോർമറുകൾ

യൂണിയൻ ബ്ലോക്ക്

മഴുക്കീർ

മഴുക്കീർ ചർച്ച്

പോൾ കാസ്റ്റിംഗ്

കല്ലിശ്ശേരി No.1

കല്ലിശ്ശേരി No.2

കല്ലിശ്ശേരി No.3

കല്ലിശ്ശേരി T.B.

പറയനാകുഴി

തുരുത്തിക്കാട്ടുതറ

കോലടത്തുശ്ശേരി

തിരുവൻവണ്ടൂർ

നന്നാട്

നന്നാട്

കീച്ചേരിവാൽ

കല്ലുങ്കൽ

ഇരമല്ലിക്കര

പാട്ടത്തിൽ തോട്

7 തെരുവു വിളക്കിനുവേണ്ടി പഞ്ചായത്തിന്റെ പ്രതിമാസ ചിലവ് -7,774.

(അവംബം വൈദ്യുതി ബോർഡ് ഓഫീസ്, കല്ലിശ്ശേരി)

മാർക്കറ്റ്

ഈ പഞ്ചായത്തിൽ വർഷങ്ങൾക്ക് മുമ്പ് കല്ലിശ്ശേരിയിലെ ബോട്ടു ജെട്ടിക്കു സമീപം ഒരു മാർക്കറ്റ് പ്രവർത്തിച്ചിരുന്നു. ഇപ്പോൾ മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല.

കാർഷികോൽപ്പന്നങ്ങൾ ധാരാളമായി കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ ഒരു മാർക്കറ്റിന്റെ അഭാവമുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി കിലോമീറ്ററുകൾ അകലെയുള്ള മാർക്കറ്റുകളെ സമീപിക്കേണ്ട സ്ഥിതിയാണിന്നുള്ളത്.

തിരുവൻവണ്ടൂർ കേന്ദ്രമാക്കി ഒരു മാർക്കറ്റ് സ്ഥാപിച്ചാൽ ഈ പ്രയാസം ഒഴിവാക്കാം.

കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൽ മാർക്കറ്റിന് നിർണ്ണായക സ്വാധീനം ചെലുത്തുന്നതിന് കഴിയും. നമ്മുടെ നാടിന്റെ വളർച്ചക്ക് മാർക്കറ്റ് ആരംഭിക്കേണ്ടതുണ്ട്. പച്ചക്കറികളും, വാഴക്കുല, തേങ്ങ തുടങ്ങി എല്ലാ കാർഷിക ഉൽപ്പന്നങ്ങളും ഇപ്പോൾ വിപണനം നടത്തുന്നത് ഇടത്തരക്കാരുടെ ചൂഷണ വിധേയമായ മാർഗ്ഗത്തിലൂടെയാണ്. ഇടത്തരകാരെ ഒഴിവാക്കി കാർഷികോൽപ്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് മാർക്കറ്റ് അത്യന്താപേക്ഷിതമാണ്.

അതുപോലെ തന്നെ ഒരു കന്നുകാലി ചന്ത ആരംഭിക്കേണ്ടതും നമ്മുടെ പഞ്ചായത്തിന്റെ ഒരു ആവശ്യമാണ്.

പരമാവധി പുറമ്പോക്കു ഭൂമികൾ കണ്ടെത്തി ഷോപ്പിങ്ങ് കോപ്ലക്സുകൾ ആരംഭിക്കുകയും, കാർഷികോൽപ്പന്നങ്ങളും പഴവർഗ്ഗങ്ങളും സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1) ഒരു മാർക്കറ്റ് ഇല്ലാത്തതുമൂലം കർഷകർ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നു.

2) ഇടത്തട്ടുകാരുടെ ഇടപെടൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിന് തടസ്സമാകുന്നു.

3) കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് വ്യാപാരികളാണ്.

4) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

5) പഞ്ചായത്തിൽ ഒരു മാർക്കറ്റ് ഇല്ലാത്തതു മൂലം കാർഷീക വിളകളുടെ വൻതോതിലുള്ള ഉത്പാദനം നടക്കുന്നില്ല.

6) പഞ്ചായത്തിനു പുറത്തു നിന്നും സാധന

ങ്ങൾ വാങ്ങുന്നതിലൂടെ സാമ്പത്തീക നഷ്ടം ഉണ്ടാവുന്നു.

സാധ്യതകൾ


1) കല്ലിശ്ശേരിയിൽ ഒരു മാർക്കറ്റ് ആരംഭിക്കുക.


2) തിരുവൻവണ്ടൂരിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി മാർക്കറ്റ് ആരംഭിക്കാവുന്നതാണ്.

3) കർഷകരുടെ കൂട്ടായ പരിശ്രമം ഉണ്ടെങ്കിൽ മാർക്കറ്റ് ആരംഭിക്കാവുന്നതേയുള്ളൂ.

4) വൻ തോതിലുള്ള വ്യാപാരം നടക്കുന്നതിലൂടെ കുറെയധികം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നു.

5) പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നു.





12

പാർപ്പിടവും സാമൂഹ്യക്ഷേമവും

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം 3274 ആകുന്നു. പഞ്ചായത്തിലെ ആകെ കെട്ടിടങ്ങൾ 4462 (Building Tax Register പ്രകാരം) ആണ്. എല്ലാ കുടുംബങ്ങൾക്കും വീടുകൾ ആയിട്ടില്ല. കോളനികളിലെ വീടുകളിൽ അടിസ്ഥന സൗകര്യങ്ങൾ അപര്യാപ്തമാണ്. 600 ഓളം കുടിലുകൾ ഈ പഞ്ചായത്തിലുണ്ട്. ഭവന നിർമ്മാണ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ നില നിൽക്കുന്നു. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭവന ധന സഹായം വേണ്ടത്ര ലഭിക്കുന്നില്ല. ഇന്നു ലഭിച്ചു കൊണ്ടിരിക്കുന്ന ധനസഹായം പരിമിതമാണ്.

വിവിധ വാർഡുകളിൽ സാമൂഹ്യക്ഷേമത്തിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള വീടുകൾ

കോളനികളിലെ വീടുകൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ചവയാണ് അവ അടിയന്തിരമായ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

ഭവന നിർമ്മാണ രംഗത്ത് ഒട്ടേറെ പോരായ്മകൾ നിലനിൽക്കുന്നു. നമ്മുടെ പ്രകൃതിക്കു ചേരാത്ത നിർമ്മാണ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഗൾഫിലെ വരുമാനത്തിന്റെ നല്ലൊരു പങ്ക് പഞ്ചായത്തിലെ കോൺക്രീറ്റു മന്ദിരങ്ങൾക്കു വേണ്ടി ചില വഴിച്ചിരിക്കുന്നതായി കാണാം. ഒരു ഭാഗത്ത് സ്വന്ത

വാർഡ്	ആകെ	പൂർത്തീകരിച്ചവ	നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നവ
I	2	1	1
II	2	1	1
III	3	2	1
IV	18	17	1
V	25	21	4
VI	24	22	2
VII	31	22	9
VIII	32	32	-
IX	20	16	4
Total	157	134	23

പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം

വാർഡ്	ഇരുനില	ഒറ്റനില വാർപ്പ്	ഒറ്റനില ഓട്	കുടിൽ	ആകെ
1	21	150	128	33	332
2	25	263	290	18	596
3	19	213	220	40	492
4	12	195	219	60	486
5	6	101	226	97	430
6	8	231	245	69	553
7	7	99	275	112	493
8	6	241	257	85	589
9	9	176	221	85	491

(അവലംബം Building Tax Register)

മായി കൂര വെയ്ക്കുവാൻ നിവൃത്തിയില്ലാത്ത നിരവധിയാളുകളും ഈ പഞ്ചായത്തിലുണ്ട്.

സെറ്റിൽ മെന്റ് കോളനികൾ ലക്ഷം വീട് കോളനികൾ ഇവയിലെ വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗത്തിനും സ്വന്തം പേരിൽ സ്ഥലമില്ലെന്നതാണ് മുഖ്യ പ്രശ്നം. കുടികിടപ്പ് അവകാശം ഉണ്ടെങ്കിലും ആധാരം സ്വന്തം പേരിൽ ഇല്ല എന്ന കാരണത്താൽ ധനസഹായം ലഭിക്കുന്നതിന് ഇവർക്ക് തടസ്സമാകുന്നു. ഇവർക്കുവേണ്ടി പഞ്ചായത്ത് തലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം. പുറമ്പോക്കുകളിൽ കുടിൽ കെട്ടി താമസിക്കുന്നവരുടെ എണ്ണം ലഭ്യമല്ല. അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

കെട്ടിട നിർമ്മാണ രംഗത്ത് ആധുനീക സമ്പ്രദായം വ്യാപകമാണ്. ഇടത്തരക്കാരിലുള്ള കോൺക്രീറ്റ് കമ്പം വൻ സാമ്പത്തീക ബാദ്ധ്യത സൃഷ്ടിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് ഇന്നുള്ള അനാവശ്യ ചെലവുകൾ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ദുർവ്യയം ഒഴിവാക്കിയുള്ള ചെലവു കുറഞ്ഞ നിർമ്മാണ ശൈലിക്ക് തിരുവൻവണ്ടൂർ പഞ്ചായത്തിൽ പ്രചാരം ലഭിച്ചിട്ടില്ല. നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം സാധാരണക്കാരുടെ ഭവന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് തടസ്സകമാകുന്നു.

തമിഴ്നാട് സ്വദേശികളായ കെട്ടിട നിർമ്മാണ തൊഴിലാളികളാണ് കൂടുതലും. കോൺട്രാക്ടർ ഇവരെ ചൂഷണം ചെയ്യുന്നുമുണ്ട്. നാട്ടുകാർ ഈ രംഗത്ത് വിരളമായേ കാണുന്നുള്ളൂ. നാട്ടിലെ തൊഴിലാളികൾ കൂടുതലും സ്ത്രീകളാണ്. ഇവർക്കു വേണ്ടിയുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച അറിവില്ലായ്മയും നില നിൽക്കുന്നു. കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ യൂണിയനുകളിൽ ഇവർ അംഗങ്ങൾ ആകേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സാങ്കേതിക വൈദഗ്ധ്യക്കുറവ് നിർമ്മാണ ചെലവ് കൂടാൻ കാരണമാകുന്നു.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടേയും വിലക്കയറ്റം.

3. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഇന്നു നൽകുന്ന വായ്പയുടെ പരിമിതി.

4. കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്ക്.

5. വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്. ലഭിച്ച വായ്പകൾ കൊണ്ടു തന്നെ പൂർത്തീകരണം സാധ്യമാവാതെ വരുന്നു.

സാധ്യതകൾ

1. കാഴ്ചയിൽ ഭംഗി തോന്നിക്കുന്ന ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുവാനുതകുന്ന പരിപാടികൾ ആവിഷ്കരിക്കുക.

3. തൊഴിലാളികളുടെ സാങ്കേതിക ജ്ഞാനം ഉയർത്താനുള്ള പരിശീലനം നൽകുക.

4. ഭൂരഹിതർക്കും നിർദ്ധനർക്കും പ്രത്യേക ഭവന നിർമ്മാണ പരിപാടി.

5. ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്താനുതകുന്ന നികുതി സംവിധാനം ഏർപ്പെടുത്തുക.

6. പഞ്ചായത്തു തലത്തിൽ ഹൗസിംഗ് സഹകരണസംഘം ആരംഭിക്കുക.

7. സർക്കാർ ഭവന നിർമ്മാണ വായ്പകളുടെ പരിധി ഉയർത്തുക. സങ്കീർണ്ണതകൾ ഒഴിവാക്കുക.

സാമൂഹ്യക്ഷേമം

തിരുവൻവണ്ടൂർ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിൽ രംഗങ്ങൾ സൃഷ്ടിക്കുന്നതിന് IRDP മുഖേന കുറെ കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. കുറച്ച് കുടുംബങ്ങളെ ദാരിദ്ര രേഖയ്ക്കു മുകളിൽ എത്തിക്കാനും സാധിച്ചിട്ടുണ്ട്. 1992-93ലെ IRDP സർവ്വേ പ്രകാരം 139 പട്ടികജാതി കുടുംബങ്ങളും 814 മറ്റുള്ളവരും ഉൾപ്പെടെ 953 കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

DWCRAയുടെ രണ്ട് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അത് എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കണം. IRDP സഹായം കൂടുതൽ ലഭിക്കുന്നതിന് ഒരു പുതിയ സെൻസസ് എടുക്കണം.

ട്രൈസം

ഇതുവരെ 22 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇനിയും പുതിയ ആൾക്കാർക്ക് പരിശീലനം നൽകുന്നതാണ്.

ജന പങ്കാളിത്തം ഏറ്റവും കൂടുതലുണ്ടാകേണ്ട ഒരു മേഖലയാണ് സാമൂഹ്യക്ഷേമം. മനുഷ്യരുടെ പ്രാഥമീക ആവശ്യങ്ങളായ ഭക്ഷണം, വിദ്യാഭ്യാസം, പാർപ്പിട സൗകര്യം എന്നീ മൂന്നു കാര്യങ്ങളിൽ ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരെ ഉദ്ദേശിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന പദ്ധതികളാണ് പ്രധാനമായും നമ്മുടെ പഞ്ചായത്തിലുള്ളത്.


ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നവരിൽ ഭൂരിപക്ഷത്തിനും തൊഴിൽ കണ്ടെത്താൻ കഴിയുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സാധ്യതയുള്ള തൊഴിലുകളിൽ പരിശീലനം നൽകുവാനുള്ള സംവിധാനം ഉണ്ടാകണം.

പൊതുവിവരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും, ആവശ്യ സാധനങ്ങൾ ന്യായ വിലയ്ക്കു ലഭ്യമാക്കുന്നതിനും പഞ്ചായത്ത് നടപടി കൈക്കൊള്ളണം. ദാരിദ്ര നിർമ്മാർജ്ജനം ലക്ഷ്യമാക്കി കൂടുതൽ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തണം.

വികലാംഗക്കാർ പുതിയ ക്ഷേമ പദ്ധിതികൾ ആരംഭിക്കണം. വികലാംഗർക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

IRDP സഹായം ലഭിച്ചിട്ടുള്ളവർ

വർഷം	പട്ടികജാതി	മറ്റുള്ളവർ	ആകെ	വനിതകൾ	വികലാംഗർ
1992-93	8	17	25	8	Nil
93-94	12	23	35	19	1
94-95	9	16	25	11	2
95-96	16	29	45	26	1
96-97	26	24	50	11	-
71	104	180	75		



13

സംസ്കാരം

തിരുവൻവണ്ടൂർ പഞ്ചായത്തിന് സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകമാണുള്ളത്.

പുണ്യ നദിയായ പമ്പയുടെ സാമീപ്യം നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരീക പൈതൃകം വിളിച്ചറിയിക്കുന്നു.

സാംസ്കാരീകമായി വളരെ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു ജനതയാണ് നമ്മുടേത്. തിരുവൻവണ്ടൂർ എന്ന പേരു തന്നെ ഒരു കാലഘട്ടത്തിലെ സംസ്കാരത്തിന്റെ സംഭാവനയായിരുന്നു. വിദ്യാഭ്യാസവും ഉയർന്ന ജീവിത നിലവാരവും നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

പ്രസിദ്ധരായ നിരവധി കലാകാരൻമാർക്കു ജന്മമേകിയ നാടാണു നമ്മുടേത്. ആദ്യകാല നാടക നടനായ ശ്രീ. മൂരിത്തിട്ട പരമേശ്വരൻ പിള്ളയും സുപ്രസിദ്ധകാഥികൻ പി. സി. ഏബ്രഹാമും നിരവധി പടയണി കലാകാരൻമാരുടേയും നാടാണിത്. "കരുണ" എന്ന സുപ്രസിദ്ധ നാടകത്തിൽ വാസവദത്തയെ വിസ്തരിക്കുന്ന വക്കീലായി ശ്രീ. മൂരിത്തിട്ട പരമേശ്വരൻ പിള്ള അഭിനയിച്ചിട്ടുണ്ട്.

സുപ്രസിദ്ധനായ ഓട്ടൻതുള്ളൽ കലാകാരനായിരുന്ന വലിയപറമ്പിൽ നാണുപിള്ളയും നമ്മുടെ പഞ്ചായത്തു നിവാസിയായിരുന്നു. പഞ്ചായത്തിൽ ഒന്നാംവാർഡുനിവാസി ആറുവള്ളിൽ ഗുരു ഗോപാല പിള്ള പ്രസിദ്ധനായ പടയണി ആശാൻ ആയിരുന്നു. കലാ കായിക രംഗങ്ങളിൽ നിരവധി പ്രമുഖ വ്യക്തികളെ സംഭാവന ചെയ്തിട്ടുള്ള നാടാണ് നമ്മുടേത്.

ഇരമല്ലിക്കര ശ്രീ അയ്യപ്പാ കോളേജും മൂന്ന് ഹൈസ്ക്കൂളുകളും നിരവധി യു. പി. എൽ. പി. സ്ക്കൂളുകളും വിദ്യാഭ്യാസ മേഖലയെ സമ്പുഷ്ടമാക്കുന്ന യുവജനങ്ങളിൽ നല്ലൊരു പങ്ക് ഉയർന്ന വിദ്യാഭ്യാസമുള്ളവരാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്കാരീക നിലയങ്ങളും ഒരു നാടിന്റെ സംസ്കാരത്തെ സമ്പുഷ്ടമാക്കുന്നു.

നാനാജാതി മതസ്ഥർ സൗഹാർദ്ദ പുരസ്സരം ഇവിടെ അധിവസിക്കുന്നു. ക്ഷേത്ര ഉൽസവങ്ങളിലും പള്ളി പെരുന്നാളുകളിലും വിഭിന്ന ജാതി മതസ്ഥർ സഹവർത്തിത്തോടെ കഴിയുന്നു.

ജാതി പരമായ ഉച്ച നീചത്വങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരു കാലത്ത് നിലനിന്നിരുന്നു. മഹാത്മാഗാന്ധിയുടെയും, മന്നത്ത് പത്മനാഭന്റെയും ശ്രീനാരായണ ഗുരുദേവന്റെയും, അയ്യൻകാളിയുടെയും സന്ദേശങ്ങൾ ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങളും ദുരാചാരങ്ങൾ ഇല്ലാതാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

ജന്മി കുടിയാൻ വ്യവസ്ഥിതി ഒരു കാലത്ത് ഇവിടെ നില നിന്നിരുന്നു. എന്നാൽ ഭൂപരിഷ്കരണവും മറ്റു സാമൂഹിക പരിവർത്തന പ്രക്ഷോഭങ്ങളും നിമിത്തം അവ അവസാനിച്ചു.

സ്വാതന്ത്ര സമരത്തിൽ നമ്മുടെ നാട്ടിലെ പല പ്രമുഖരും പങ്കെടുത്തിട്ടുണ്ട്. പറയാനാകുഴി പാലം

തകർക്കലും തട്ടി വെട്ടു കേസുകളിലും നമ്മുടെ നാട്ടിലെ നിരവധിയാളുകളും പ്രതിയായിരുന്നു.

തുടർന്നു ചെങ്ങന്നൂർ മിൽസ് മൈതാനിയിൽ നടന്ന പ്രകടനത്തിലും യോഗങ്ങളിലും പ്രമുഖ വ്യക്തികളും പങ്കെടുത്തിട്ടുണ്ട്.

120 വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ച മഴുക്കീർ സ്ക്കൂളും, 75 ഓളം വർഷങ്ങൾ പഴക്കമുള്ള കല്ലിശ്ശേരി ഹൈസ്ക്കൂളും ഈ നാടിന്റെ അഭിമാന സ്തംഭങ്ങളാണ്. വിദ്യാഭ്യാസ വിചക്ഷണൻമാരുടേയും, പണ്ഡിതൻമാരുടേയും, സാംസ്കാരിക നായകൻമാരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.

തിരുവാറൻമുള, പള്ളിയോടങ്ങളായ ഉമയാറ്റുകര പള്ളിയോടവും, മഴുക്കീർ പള്ളിയോടവും തിരുവൻവണ്ടൂർ പഞ്ചായത്തിലാണ്. നമ്മുടെ നാടിന്റെ സാംസ്കാരികത്തനിമ വിളിച്ചോതുന്നവയാണ് പള്ളിയോടങ്ങൾ. ഇറപ്പുഴ ചതയം ജലോൽസവത്തിലടക്കം നിരവധി ജലോൽസവങ്ങളിൽ പങ്കെടുത്ത് അഭിമാനകരമായ വിജയം നേടിയിട്ടുള്ളവയാണ് ഉമയാറ്റുകര, മഴുക്കീർ പള്ളിയോടങ്ങൾ.

ഉത്സവങ്ങളും പെരുന്നാളുകളും നമ്മുടെ നാടിന്റെ സാംസ്കാരിക ചരിത്രത്തെ മികവുറ്റതാക്കുന്നു.

സാക്ഷരതാ പ്രസ്ഥാനവും, സന്നദ്ധസംഘടനകളും, ഗ്രന്ഥശാലകളും നമ്മുടെ പഞ്ചായത്തിലെ സാംസ്കാരീക നവോത്ഥാനത്തിന് പുത്തനുണർവേകിയിട്ടുണ്ട്.

ഗ്രന്ഥശാലകൾ

1. സാംസ്കാരിക നിലയം
2. പബ്ലിക് ലൈബ്രറി & റീഡിങ്ങ്റൂം തിരുവൻവണ്ടൂർ
3. നാഷണൽ ലൈബ്രറി മഴുക്കീർ
4. ശ്രീമൂല വിലാസം ലൈബ്രറി കല്ലിശ്ശേരി
5. ഹരിജൻ വെൽഫെയർ ലൈബ്രറി, നന്നാട്

സന്നദ്ധ സംഘടനകൾ

1. യൂണിയൻ ക്രിസ്ത്യൻ അസോസിയേഷൻ, തിരുവൻവണ്ടൂർ
2. Victory Childrens Club, കല്ലിശ്ശേരി
3. ജൂണിയർ ചേമ്പർ, തിരുവൻവണ്ടൂർ
4. ഭാവനാ മാതൃഭൂമി സ്റ്റഡി സർക്കിൾ മഴുക്കീർ
5. ജയ്ഹിന്ദ് ബാലജനസംഖ്യം
6. Travancore Social Cultural Cheritable Society (TRACS) തിരുവൻവണ്ടൂർ
7. യുവധാര ആർട്സ് & സ്പോർട്ട്സ് ക്ലബ്, മഴുക്കീർ
8. ചെറുപുഷ്പം ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് ഉമയാറ്റുകര
9. വിന്നേഴ്സ് ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് തിരുവൻവണ്ടൂർ
10. നവോദയാ ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് തിരുവൻവണ്ടൂർ
11. ശാസ്ത്രസാഹിത്യ പരിഷത് മഴുക്കീർ യൂണിറ്റ്.
12. വിവേകാനന്ദാ ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ്
13. അരങ്ങ് കലാ സാംസ്കാരിക വേദി


പത്ര മാസികകൾ

80 ശതമാനം ജനങ്ങളും പത്രം വായിക്കുന്നവരാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വൻതോതിൽ വിറ്റഴിയുന്ന പ്രദേശമാണ്. മലയാള മനോരമ, മംഗളം, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി തുടങ്ങി നിരവധി പത്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. മാസികകളും ആനുകാലികങ്ങളും നിരവധിയുണ്ട്. ഇവയാകെത്തന്നെ നമ്മുടെ സാംസ്കാരീക നവോത്ഥാനത്തിന് മുതൽക്കൂട്ടാണ്.

ഇലക്ട്രോണിക് മാധ്യമങ്ങൾ

25 ശതമാനം വീടുകളിലും ടെലിവിഷൻ സൗകര്യം ഉണ്ട്. കേബിൾ ടി. വി. (Vania Satvision) തുടങ്ങിയ ആധുനിക വാർത്താ മാധ്യമങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. കല്ലിശ്ശേരിയിലെ റ്റി. വി. റിലേ കേന്ദ്രം ജനങ്ങൾക്ക് യാതൊരു ഉപകാരവുമില്ലാത്ത സ്ഥാപനമാണ്. പഞ്ചായത്തിൽ ഒരിടത്തും പരിപാടികൾ കാണുന്നതിന് സാധിക്കുന്നില്ല.

തിരുവൻവണ്ടൂർ പഞ്ചായത്തിൽ വ്യാജ വാറ്റും നിലവിലുള്ള മദ്യഷാപ്പുകളും ഇല്ലാതാക്കുവാൻ വമ്പിച്ച ജനകീയ മുന്നേറ്റം സംഘടിപ്പിക്കുവാൻ കഴിയണം. സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തിന്റെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് സഹായകമാണ്.



14

വനിതാക്ഷേമം

തിരുവൻവണ്ടൂർ പഞ്ചായത്തിലും പുരുഷൻമാരേക്കാൾ കൂടുതൽ വനിതകളാണ്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 7955 വനിതകളുണ്ട്. പുരുഷൻമാരേക്കാൾ 247 സ്ത്രീകൾ കൂടുതലുണ്ട്.

വനിതാ ക്ഷേമ പ്രവർത്തനങ്ങളിൽ നേതൃസ്ഥാനത്തേക്ക് അധികമായ പങ്കാളിത്തം കുറവാണ്. വനിതകൾക്കായി ബ്ലോക്കു തലത്തിൽ നിന്നും ലഭിക്കുന്ന D W CRA Unit കൾ മാത്രമാണുള്ളത്. കല്ലിശ്ശേരിയിൽ രണ്ട് വനിതാ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നല്ല നേതൃത്വം ഉണ്ടെങ്കിൽ D W C R A Unit പോലുള്ള വനിതാ തൊഴിൽ സംരംഭങ്ങൾ വാർഡു തോറും നടത്താവുന്നതാണ്. ഇപ്പോൾ തിരുവൻവണ്ടൂർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 5 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ആഭിമുഖ്യത്തിൽ ഫീഡിംഗ് സെന്ററുകളും നടത്തിയിരുന്നു. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. അമ്മമാരുടേയും കുട്ടികളുടെയും ക്ഷേമത്തിനുതകുന്ന കർമ്മ പരിപാടികൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടത്തിയെ തീരൂ.


വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനും, വനിതകളെ തൊഴിൽ രംഗത്തു കൊണ്ടു വരുന്നതിനുള്ള തീവ്രയത്നപരിപാടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ തൊഴിൽ രഹിതരിൽ കൂടുതലും വനിതകളാണെന്നിരിക്കെ നിരവധി തൊഴിലവസരങ്ങൾ വനിതകൾക്കു മാത്രമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

പൊതു പ്രവർത്തനരംഗത്ത് പഞ്ചായത്തിലെ വനിതകളുടെ നേതൃത്വം ഇല്ലെന്നു തന്നെ പറയാം. പൊതുവായ ചില പ്രശ്നങ്ങൾ നിമിത്തമാണിത്. വ്യവസായ രംഗത്തും വനിതാക്ഷേമ പ്രവർത്തനങ്ങളിലും വനിതതകളുടേതായ ഉയർന്ന നിലവാരത്തിലുള്ള പങ്കാളിത്തം ഉണ്ടാവണം. I.R.D.P.യുടേയും മറ്റ് കേന്ദ്ര സംസ്ഥാന പദ്ധതികളുടേയും സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ മാത്രമാണ്. ഈ രംഗത്ത് നാളിതുവരെ നടന്നിട്ടുള്ളത്.

മദ്യത്തിനും, മയക്കുമരുന്നിനും എതിരായി സാമൂഹ്യ മുന്നേറ്റം ഉണ്ടാക്കിയെടുക്കുവാൻ വനിതകൾ മുന്നിട്ടിറങ്ങണം. വ്യാജവാറ്റും ചാരായ വിൽപ്പന തടയുവാനും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള വനിതാ സ്കാഡുകൾ രൂപീകരിക്കണം. പഞ്ചായത്തിലെ ഇരമല്ലിക്കരയിൽ മദ്യവർജ്ജനത്തിനായി വനിതകളുടെ ഒരു യൂണിറ്റ് പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലാകമാനം ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം.

വനിതാ വ്യവസായ യൂണിറ്റുകളിലൂടേയും ക്ഷേമ പ്രവർത്തനങ്ങളിലൂടെയും വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ക്രിയാത്മക പരിപാടികൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കണം.



15

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

തിരുവൻവണ്ടൂർ പഞ്ചായത്തിൽ ആകെ ഉള്ള ജനസംഖ്യയിൽ 1461 പേർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. മറ്റു പ്രദേശങ്ങളെപ്പോലെ നമ്മുടെ പഞ്ചായത്തിലും കഴിഞ്ഞ കാലങ്ങളിൽ സാമൂഹ്യ അനീതിയും ഉച്ചനീചത്വവും നില നിന്നിരുന്നു. ജാതിയുടെയും, മതത്തിന്റെയും, വർഗ്ഗത്തിന്റെയും പേരിൽ എല്ലാ മേഖലകളിലും മേധാവിത്വമായിരുന്നു. വഴി നടക്കുവാൻ, വിദ്യാഭ്യാസം ചെയ്യുവാൻ വെളുത്ത വസ്ത്രം ഉടുക്കുവാൻ, സ്ത്രീകൾക്ക് മാറ് മറക്കുവാൻ, കൂലി ചോദിക്കുവാൻ ഒന്നും ഈ അവർണ്ണവിഭാഗത്തിനു സ്വാതന്ത്ര്യമില്ലായിരുന്നു. സവർണ്ണമേധാവികൾ ജാതി തിരിച്ച് ജാതിപ്പേര് കൂടി അധിക്ഷേപിക്കുന്നതിനും മർദ്ദിക്കുന്നതിനും തയ്യാറായിരുന്നു.

സവർണ്ണന്റെ വഴിയേ പോയിരുന്ന അവർണ്ണന് കൊടിയ മർദ്ദനം ശിക്ഷ-സ്ക്കൂളുകളിൽ അവർണ്ണനു പ്രത്യേകം ഇരിപ്പിടം, തല്ലുവാൻ പ്രത്യേകം വടി ചെയ്തിരുന്ന ജോലിക്കു കൂലി തുച്ഛം, നടമുറ്റത്തിനും വിളിപ്പാടകലം കുഴി കുഴിച്ച് ഇലയിൽ കഞ്ഞി, പുത്തൻ വസ്ത്രങ്ങൾ വാങ്ങിയാൽ കരി പുരട്ടിയേ ഉടുക്കുവാൻ പാടുള്ളൂ.

ഒരു കാലത്ത് എല്ലായിടത്തു നിന്നും വഴി മാറ്റി നിർത്തി സമൂഹം മൃഗ തുല്ല്യരായി കണ്ടിരുന്ന ഇക്കൂട്ടർ രാജ്യത്ത് നടത്തിയ തൊഴിലാളി വർഗ്ഗ സമരത്തിന്റെയും, പുരോഗമന സാംസ്കാരിക മുന്നേറ്റത്തിന്റെയും ഫലമായ് സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കടന്നു വരുവാൻ കഴിഞ്ഞിട്ടുണ്ട്.

അയിത്തത്തിന്റെയും, വർണ്ണ വിവേചനത്തിന്റെയും നാളുകളുടെ കറുത്ത അനുഭവങ്ങൾ പേറുന്ന ഒരു തലമുറയുടെ ഭാഗം ഇന്നും നമുക്ക് കൂട്ടായ്മയുണ്ട്. നിർഭാഗ്യവശാൽ ശരീരത്തിന്റെ നിറം കറുപ്പായതിന്റെ ഫലമായി സവർണ്ണ വിഭാഗത്തിന്റെ മർദ്ദനമേൽക്കേണ്ടി വന്ന സവർണ്ണനായ അവർണ്ണനും കൂട്ടത്തിലുണ്ട്.

സമൂഹം കഴിഞ്ഞ കാലങ്ങളിൽ ഈ വിഭാഗത്തിനു നൽകിയ അജ്ഞതയുടെയും, അന്ധകാരത്തിന്റെയും, ദാരിദ്ര്യത്തിന്റെയും ചുമടും പേറി ഒരായുസ്സു മുഴുവൻ ഹോമിക്കേണ്ടി വന്നവരുടെ പിൻതലമുറയും വേദനകളിൽ നിന്നും അന്യരല്ല. തന്റേതെന്നതിനേക്കാളുപരി ഒരു സമൂഹത്തിന്റെ സമൂലമായ മാറ്റത്തിനു വേണ്ടി എല്ലാറ്റിനോടും പൊരുതി ജീവിതം ഹോമിച്ച് തിരിഞ്ഞു നോക്കുമ്പോൾ നഷ്ടങ്ങളുടെ കണക്കും മുമ്പിൽ ഇല്ലായ്മകളുടെ കഥകളും മാത്രം.

സമ്പന്നമായ കാർഷിക മേഖലയുടെ മുന്നേറ്റത്തിന്റെ പാതയിൽ കാർഷക തൊഴിലാളികളായ പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിയർപ്പിന്റെ ഗന്ധം ഉണ്ട്. ഇന്ന് ഈ വിഭാഗം തൊഴിൽ, വീട്, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം, സംസ്കാരം, കക്കൂസ്, കുളിമുറി തുടങ്ങിയ പ്രാഥമികവും അടിസ്ഥാനപരവും ആയ ഒട്ടനവധി പ്രശ്നങ്ങളെ നേരിടുകയാണ്.

പ്രശ്നങ്ങളും സാധ്യതകളും

1. പട്ടിക വിഭാഗം ഭൂരിപക്ഷം പേരും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. കർഷക തൊഴിലാളികൾ എന്ന നിലയിൽ ഇന്ന് ആ മേഖലയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭൂവിനയോഗനിയമം ലംഘിച്ചു കൊണ്ട് നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായ് പരിവർത്തനം ചെയ്യുന്നതിലൂടെ വിസ്തൃതി കുറയുന്നതും, നെൽവയൽ തരിശിടുന്നതും ഇതിനു കാരണമാകുന്നു. 1980നു ശേഷം ഏകദേശം 600 ഏക്കറിലധികം കൃഷിഭൂമി കുഴിച്ചും, നികത്തിയും ഇത്തരത്തിൽ പരിവർത്തനം ചെയ്ത് വിസ്തൃതി കുറച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ മുന്നേറ്റം സമ്പന്നമായ കാർഷിക മേഖലയാണ്. ഇത്തരത്തിൽ കാർഷിക മേഖല സംരക്ഷിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, കാർഷിക മേഖല സമ്പുഷ്ടമാക്കി പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടു വരുവാൻ കഴിയണം.

2. പട്ടിക വിഭാഗങ്ങൾ കേന്ദ്രീകരിച്ച് താമസിക്കുന്ന കോളനികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയണം. പ്രധാനമായും എല്ലാ പട്ടികജാതി-പട്ടിക വർഗ്ഗ കോളനി നിവാസികൾക്കും വീടുണ്ടാവണം. ഇന്നിപ്പോൾ നന്നാട്, മഴുക്കീർ, ഇരമല്ലിക്കര എന്നീ പ്രദേശങ്ങളിലടക്കം നില നിൽക്കുന്ന ഇരട്ട വീടുകൾ എല്ലാം ഒറ്റ വീടുകൾ ആക്കണം. കാല വർഷത്തിന്റേയും, കാറ്റിന്റേയും ഭീഷണിയെ നേരിടുന്ന പഴക്കം ചെന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായ് ചെയ്ത് തീർക്കണം. ഓല മേഞ്ഞ മുഴുവൻ വീടുകളും നിർമ്മാണം പൂർത്തിയാക്കി. ഓടു മേഞ്ഞു നൽകണം.

3. ഭൂരഹിതരായ മുഴുവൻ പട്ടികജാതി-വർഗ്ഗ-കർഷകതൊഴിലാളി വിഭാഗത്തെ പുറമ്പോക്ക്, മിച്ച ഭൂമികളിലോ, പഞ്ചായത്ത് ഭൂമി വാങ്ങിയോ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

4. നൂറു കണക്കിന് കോളനി നിവാസികളും അല്ലാത്തവരും ആയ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് സ്വന്തമായി പട്ടയം ഇല്ല. ഇതിനാവശ്യമായ സത്വര നടപടി ഉണ്ടാവണം.

5. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത എല്ലാ വീടുകൾക്കും വൈദ്യുതീകരിച്ച് വൈദ്യുതി നൽകണം.

6. കോളനികളിലേക്കുള്ള ശോചനീയമായ റോഡിന്റെ ഇന്നത്തെ അവസ്ഥയിൽ നിന്നും മാറ്റം ഉണ്ടാകണം. കോലടത്തുശ്ശേരി, തിരുവൻവണ്ടൂർ മിച്ച ഭൂമി കോളനികളിലേക്ക് വഴി ഇല്ല. മറ്റ് കോളനികളിലേക്കുള്ള വഴികൾ യോഗ്യമല്ലാത്തതരത്തിൽ കണ്ടും, കുഴിയും നിറഞ്ഞതാണ്. കാലവർഷങ്ങളിൽ കുഴികളിലെല്ലാം വെള്ളം നിറഞ്ഞ് ചെളിയും, മറ്റും ആണ്. ഈ ദുർഘടമായ വഴികളെല്ലാം ടാർ ചെയ്ത് യാത്രാ യോഗ്യമാക്കണം.

7. കോളനികളിലേക്കും, പട്ടിക വിഭാഗം കേന്ദ്രീകരിച്ച് താമസിക്കുന്നിടത്തേക്കും വഴി വിളക്കുകൾ സ്ഥാപിക്കണം. ഒരു പ്രദേശത്ത് പോലും ഇത്തരത്തിൽ വഴി വിളക്കില്ല എന്നതാണ് സ്ഥിതി.

8. പട്ടിക വിഭാഗങ്ങളുടെ പൂർണ്ണ ആരോഗ്യം ഉറപ്പു വരുത്തുവാൻ കക്കൂസും, കിണറും, കുളിമുറിയും നൽകേണ്ടതാണ്.

9. പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് സാധ്യത വളർത്തി യുവതി-യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നവയാണ്.

10. പട്ടിക വിഭാഗങ്ങളുടെ താമസസ്ഥലം കേന്ദ്രീകരിച്ചും കോളനികൾ കേന്ദ്രീകരിച്ചും അംഗൻവാടികളും, ഫീഡിംഗ് സെന്ററുകളും സ്ഥാപിക്കാവുന്നതാണ്.

11. പട്ടിക വിഭാഗങ്ങളുടേയും, കോളനിനിവാസികളുടെയും വിദ്യാഭ്യാസവും, സാംസ്കാരിക നിലവാരവും ഉയർത്തിക്കൊണ്ടു വരുന്നതിനായി ഈ ഭാഗങ്ങൾ കേന്ദ്രീകരിച്ച് ഗ്രാമീണ വായനശാലകളും, ടി. വി. കേന്ദ്രങ്ങളും, സാക്ഷരതാ കേന്ദ്രങ്ങളും ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ ഏറ്റവും കുടുതൽ നിരക്ഷരർ പട്ടിക വിഭാഗത്തിലുള്ളതാണ്. ഇവരുടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായ് സാക്ഷരതാ കേന്ദ്രങ്ങൾ തുടർന്ന് ആരംഭിക്കേണ്ടതാണ്.

12. നിർദ്ദനരായ പട്ടിക വിഭാഗത്തിന് മരണപ്പെട്ടവരെ സംസ്കരിക്കുന്നതിനായ് പൊതുവായ ശ്മശാനങ്ങൾ ആവശ്യമാണ്. ഇരമല്ലിക്കരയിൽ ഒരു ശ്മശാനം ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല. നന്നാട്, വനവാതുക്കര, മഴുക്കീർ, ഉമ്മയാറ്റുകര എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പൊതു ശ്മശാനങ്ങൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

13. പട്ടിക വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രംഗം പ്രോത്സാഹിപ്പിക്കുന്നതിനായ് ഗ്രാമ നി പഞ്ചായത്ത് തലത്തിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ തലത്തിൽ സ്കോളർഷിപ്പുകളും, ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് സമ്മാനവും നൽകാവുന്നതാണ്. നിർദ്ദനരായ വിദ്യാർത്ഥികൾകക്ക് വേണ്ട പഠന സാമഗ്രികൾ നൽകേണ്ടതാണ്.

14. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന്റെയും, കർഷക തൊഴിലാളി വിഭാഗത്തിന്റെയും വിവിധ തലങ്ങളിലുള്ള പെൻഷനുകൾ (കർഷകതൊഴിലാളി,, വിധവ, വാർദ്ധക്യ....) കൃത്യമായി കാലാകാലം അർഹരായവക്ക് ലഭിക്കുന്നതിനുള്ള നടപടിയായ പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

15. പട്ടിക വിഭാഗത്തിന്റേയും, കർഷകതൊഴിലാളി വിഭാഗത്തിന്റെയും പല ക്ഷേമപദ്ധതികളുടേയും പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ത്വരിതപ്പെടുത്തണം.

16. പട്ടിക വിഭാഗങ്ങളും, കർഷക തൊഴിലാളികളും കൂട്ടായി താമസിക്കുന്ന ഉമയാറ്റുകര തയ്യിൽ ഭാഗം ഉൾപ്പടെ കോളനികളായ് അംഗീകരിച്ച് പ്രഖ്യാപിച്ച് വേണ്ട ആനുകൂല്യങ്ങൾ അനുവദിക്കേ ണ്ടതാണ്.

17. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക്

ചെയ്യുന്ന തൊഴിൽ മേഖലയുടെ അടിസ്ഥാനത്തിൽ വിഭാഗിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ ഇൻഷ്വറ് ചെയ്യാവുന്നതാണ്.

18. പട്ടിക ജാതിക്കാർക്ക് വികസന ബ്ലോക്കിൽ നിന്നും അനുവദിക്കുന്ന കക്കൂസിന്റെ പണി തീർന്നതിനു ശേഷമാണ് ഇപ്പോൾ തുക അനുവദിക്കുന്നത്. ഈ തുക ആകെ ചെലവാകുന്ന തുകയുടെ 1/4 പോലും വരുകയില്ല. ഈ സംവിധാനം മാറി ഈ തുകക്കു പകരം കക്കൂസ് നിർമ്മാണത്തിനാവശ്യമായ സാധനങ്ങളായി വിതരണം ചെയ്യുന്നതാണ് ഗുണകരവും, ആശ്വാസകരവും.

കോളനികളുടെ ലിസ്റ്റ്

1. നടുവിലത്തറ ഹരിജൻ സെറ്റിൽമെന്റ് കോള


നി

2. കല്ലുപറമ്പിൽ ലക്ഷം വീട് കോളനി
3. ഉദിച്ചംതറ കോളനി
4. ചേകോട്ടിൽതറ കോളനി
5. മിച്ചഭൂമി കോളനി- തിരുവൻവണ്ടൂർ
6. മാലീത്ര കോളനി
7. കൂലികടവിൽ HDP കോളനി
8. ഇരമല്ലിക്കര ലക്ഷം വീട് കോളനി
9. വാഴിക്കോട്ടിൽതറ കോളനി
10. വണ്ടാത്ര കോളനി
11. മിച്ചഭൂമി കോളനി- കോലടത്തുശ്ശേരി
12. തോണ്ടറപടി കോളനി
13. വഞ്ഞിപ്പുഴേത്ത് കോളനി
14. വടുതലപ്പടി കോളനി
15. തുരുത്തിക്കാട്ടു കോളനി

പട്ടികജാതിപട്ടിക വർഗ്ഗ ജനസംഖ്യ

വാർഡ്	പട്ടിക ജാതി		പട്ടിക വർഗ്ഗം		കർഷക തൊഴിലാളി	
	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
1	31	25			29	
2					83	1
3	25	20			58	1
4	81	103			90	
5	139	134	2	2	147	76
6	53	74			89	31
7	139	133	1	2	175	108
8	145	145			79	35
9	95	102			128	80
	708	736	3	4	888	332

(അവലംബം 1991 Census Report)



16

സഹകരണമേഖല

ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തെ ശാസ്ത്രീയമായും വസ്തുതു നിഷ്ഠമായും പഠിച്ച് വിലയിരുത്തിയത് റൂറൽ ക്രെഡിറ്റ് സർവ്വേ കമ്മറ്റിയാണ്. ഈ കമ്മറ്റിയുടെ ശുപാർശ പ്രകാരമുള്ള സംയോജിത വായ്പാ സമ്പ്രദായം രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കിത്തുടങ്ങി. അംഗസംഖ്യയുടെ 15-20 ശതമാനം വരുന്ന ന്യൂനപക്ഷത്തിന്റെ നിയന്ത്രണത്തിലാണ് സഹകരണ സംഘങ്ങളെന്ന് ലോകസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മറ്റി അവരുടെ 106-ാംമത്തെ റിപ്പോർട്ടിൽ അഭിപ്രായപ്പെടുകയുണ്ടായി.

നമ്മുടെ ഗ്രാമത്തിൽ സഹകരണ പ്രസ്ഥാനത്തിനു നിർവ്വഹിക്കാനുള്ള കടമ വളരെ വലുതാണ്. ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവിത ഗുണനിലവാരത്തെ ഉയർത്തുന്നതിനും സഹകരണ മേഖലയ്ക്കു കഴിയേണ്ടതുണ്ട്. അതിലേക്ക് സഹകരണ മേഖലയുടെ പ്രവർത്തനം പുനഃക്രമീകരിക്കണം. വാർഷീക പൊതുയോഗം ഔപചാരിക ചടങ്ങിനപ്പുറത്തേക്ക് അംഗങ്ങളുടെ അവകാശങ്ങൾ പ്രതിഫലിപ്പിക്കുന്ന വേദികളായി തീരണം. കക്ഷി രാഷ്ട്രീയത്തിനതീതമായി സംഘത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ഡയറക്ടർ ബോർഡ് പ്രവർത്തിക്കണം. ഇന്നത്തെ ആലസ്യം വിട്ടൊഴിഞ്ഞ് നാടിന്റെ വികസന പ്രവർത്തനങ്ങളിലും ദാരിദ്ര നിർമ്മാർജനത്തിലും ഊന്നിയുള്ള ക്രിയാത്മക പരിപാടികൾ സംഘടിപ്പിക്കണം.

തിരുവൻവണ്ടൂർ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ ഏറ്റവും പ്രമുഖമായ സ്ഥാനമുള്ളത് ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 499 നാണ്. ഏകദേശം 73 വർഷങ്ങൾക്കു മുമ്പ് (മലയാള വർഷം 1099) പരസ്പര സഹായ സഹകരണ സംഘമായി ആരംഭിച്ച സ്ഥാപനമാണിത്.

തിരുവൻവണ്ടൂർ പഞ്ചായത്തിലും പാണ്ടനാട് പഞ്ചായത്തിലെ പമ്പാനദിക്കു വടക്കുള്ള മൂന്നു വാർഡുകളിലും ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയുടെ ഒന്നും രണ്ടും വാർഡുകളിലായി പടർന്നു പന്തലിച്ച ബാങ്കാണ് ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക്.

12079 അംഗങ്ങളുള്ള മഹത്തായ ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്. തിരുവൻവണ്ടൂർ പഞ്ചായത്തിലെ ഏക സർവ്വീസ് സഹകരണ ബാങ്കും ഇതു തന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഹെഡ്ഡാഫീസും VI-ാം വാർഡിൽ ബാങ്കിന്റെ തിരുവൻവണ്ടൂർ ശാഖയും പ്രവർത്തിക്കുന്നു.

വിവിധ ഇനം നിക്ഷേപങ്ങൾ സർക്കാർ പ്രഖ്യാപിച്ച നിരക്കിൽ അംഗങ്ങളിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും സ്വീകരിക്കുക. വിവിധ ഇനം വായ്പകൾ അംഗങ്ങൾക്ക് നൽകുക. ബാങ്കിംഗ് ഇടപാടുകൾ നിക്ഷേപകർക്കുവേണ്ടി നടത്തുക. വളം, കീടനാശിനി, കൺസ്യൂമർ സ്റ്റോറുകൾ നടത്തുക. 25000 രൂപ വരെയുള്ള ചിട്ടികൾ നടത്തുക എന്നിവയാണ് ബാങ്കിന്റെ പ്രവർത്തനങ്ങൾ.

ആകെ നിക്ഷേപം

സ്ഥിരം:- 18800040

ഹൃസ്വകാലം:- 4995174

ഉമയാറ്റുകര സഹകരണബാങ്കിൽ നിന്നും നൽകിയിട്ടുള്ള വായ്പകൾ

ഇനം	തുക
സാധാരണ വായ്പ	66,86,928
സ്വർണ്ണപ്പണയവായ്പ	32,45,168
മദ്ധ്യകാല വായ്പ	26,37,811
കാർഷീക വായ്പ (മുൻവർഷം)	3,87,688

പ്രത്യേക വായ്പകൾ

ഇനം	തുക
ഹയർ പർച്ചയിസ്	4,35,00,056
IRDP	37,347
ദത്തെടുക്കൽ വായ്പ സ്കീം നിലവിലില്ല	24,110
പ്രതിദിന നിക്ഷേപ ഈടിൻമേൽ	99,057
സ്ഥിര നിക്ഷേപ ഈടിൻമേൽ	60,9175

നിർദ്ദേശങ്ങൾ

1. നിക്ഷേപ സമാഹരണം എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ യത്നത്തിൽ ലക്ഷ്യം നിറവേറ്റണം. 5 കോടി രൂപയുടെയെങ്കിലും നിക്ഷേപം സമാഹരിക്കാൻ കഴിയണം. കാരണം മറ്റു ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപത്തിന്റെ 30% മാത്രമേ വായ്പയായി നൽകുന്നുള്ളൂ. കേരളത്തിന്റെ നിക്ഷേപം കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടേണ്ടതുണ്ട്. സഹകരണ ബാങ്കുകൾ നിക്ഷേപത്തിന്റെ 100% വും പ്രദേശത്തു തന്നെ വായ്പയായി നൽകുന്നത് നമ്മുടെ നാടിന്റെ പുരോഗതിക്ക് സഹായകമാണ്.

2. നമ്മുടെ പണം നമ്മുടെ ബാങ്കിൽത്തന്നെ നിക്ഷേപിക്കണം.

3. കാർഷീക മേഖലയ്ക്കു മുൻതൂക്കം നൽകുന്ന വായ്പകൾ നൽകുവാൻ ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് ശ്രദ്ധിക്കണം.


4. കുടിശ്ശിഖ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ താൽപ്പര്യം കാണിക്കണം.


5. സഹകരണ മാവേലിസ്റ്റോറുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിക്കണം.

6. പഞ്ചായത്തിന്റെ ബാങ്കായി സർവ്വീസ് സഹകരണ ബാങ്കിനെ അംഗീകരിക്കണം. പഞ്ചായത്തിന്റെ പണമിടപാടുകൾ ഈ ബാങ്കു വഴി നിർവ്വഹിക്കാൻ സാധിക്കണം.

7. മഴുക്കീറിലും, ഇരമല്ലിക്കരയിലും ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്കിന്റെ ഓരോ ശാഖകൾ കൂടി ആരംഭിക്കണം.

8. ക്ഷീരോൽപ്പാദന രംഗത്ത് പുതിയ ഒരു സഹകരണ സ്ഥാപനം കൂടി ഉണ്ടാവണം.





17

വിഭവസമാഹരണം

തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനങ്ങൾ തുലോം കുറവാണ്. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ വരുമാനം ഇല്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും അൺടൈഡ് ഫണ്ടുകളും മാത്രമാണ് ആകെയുള്ള വരുമാനം.

പഞ്ചായത്തു നിവാസികളുടെ മുഖ്യ വരുമാന മാർഗ്ഗം കൃഷിയിൽ നിന്നുമായിരുന്നു. വിഭവ സമാഹരണത്തിൽ വളരെ പിറകിൽ നിൽക്കുന്ന പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം ഇവിടുത്തെ ജനത തന്നെയാണ്. വൻകിട വ്യവസായ സ്ഥാപനങ്ങളുടെ അഭാവവും കാർഷിക മേഖലയിലെ മുരടിപ്പും കൊണ്ട് വരുമാനത്തിൽ കാര്യമായ പുരോഗതിയില്ല.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗൾഫിൽ ജോലി ചെയ്യുന്നവരുണ്ട്. ഇവരുടെ വരുമാനത്തെ ആശ്രയിച്ചാണ് പല കുടുംബങ്ങളും കഴിയുന്നത്. ആണ്ടു തോറും പഞ്ചായത്തിന്റെ വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു വളരെ കുറവാണ്. ഓരോ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ പഞ്ചായത്തിന്റെ വരുമാനം കൂടിയേ തീരൂ. വളരെ ശുഷ്കമായ ഒരു ഖജനാവാണ് തിരുവൻവണ്ടൂർ പഞ്ചായത്തിനുള്ളത്. ഈ ഒരു ഖജനാവുമായി പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധ്യമല്ല. നടപ്പു സാമ്പത്തീക വർഷത്തെ വരവ് ചെലവ് കണക്ക് അനുബന്ധമായി ചേർക്കുന്നു.

നടപ്പു സാമ്പത്തിക വർഷത്തിലെ വരവു ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

വരവ്

കെട്ടിട നികുതി	111459.65
സേവന നികുതി	16044.55
തൊഴിൽ നികുതി	10545.00
ലൈസൻസ് ഫീസ്	2256.25
മറ്റുള്ളവ	29384.50
ആകെ	169689.95

ചെലവ്

ഭരണം	268779
പൊതുമരാമത്ത്	206585
വിദ്യാഭ്യാസം	3600
തെരുവു വിളക്ക്	71290
മറ്റുള്ളവ	70075
ആകെ	620329

ഗൾഫ് പണം പഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹ്യ മേഖലയിൽ സമൂലമായ പരിവർത്തനം വരുത്തി.

ധനകാര്യ സ്ഥാപനങ്ങൾ

1. ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക്

പഞ്ചായത്തിൽ Head Officeഉം ഒരു ശാഖയും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വികസനത്തിനുതകുന്ന വായ്പകൾ നൽകിയിട്ടില്ല. വ്യവസായത്തിനും കൃഷിക്കും കൂടുതൽ വായ്പ നൽകുന്നതിനും കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനും കഴിയണം. കാർഷിക മേഖലയ്ക്ക് ആവശ്യമായ വളം, കീടനാശിനി എന്നിവയുടെ വിതരണം കാര്യക്ഷമമാക്കണം.

2. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കല്ലിശ്ശേരി

തിരുവൻവണ്ടൂർ പഞ്ചായത്തിലെ ഏക ദേശസാൽകൃത ബാങ്കാണ്. സ്വയം തൊഴിൽ വായ്പകൾ നൽകാറുണ്ട്. കാർഷിക വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്.

3. കാത്തലിക്ക് സിറിയൻ ബാങ്ക് പ്രാവിൻകൂട് ജംഗ്ഷൻ

കോടിക്കണക്കിനു നിക്ഷേപം ഉണ്ടെങ്കിലും ആനുപാതീകമായി വായ്പ നൽകുവാൻ മടിക്കുന്നു. IRDP സഹായങ്ങളും മറ്റു നിരവധി ക്ഷേമ പ്രവർത്തനങ്ങൾക്കും ലോൺ നൽകിയിട്ടുണ്ട്. വ്യവസായ സംരംഭകർക്കും കാർഷിക മേഖലയ്ക്കും ആവശ്യമായ വായ്പ നൽകുവാൻ ശ്രദ്ധിക്കണം. നിക്ഷേപ വായ്പ അനുപാതം കുറവാണ്.

4. ഫെഡറൽ ബാങ്ക് തിരുവൻവണ്ടൂർ

നിക്ഷേപം കോടികളുണ്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന വായ്പകൾ നൽകാറില്ല. പഞ്ചായത്തിന്റെ മധ്യ ഭാഗത്തായി സ്ഥിതി ചെയ്യുന്നു. അതുകൊണ്ട് വലിയൊരു വിഭാഗം ജനങ്ങളും ആശ്രയിക്കുന്നതും ഈ ബാങ്കിനെയാണ്. ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം.

കൂടാതെ നിരവധി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ചിട്ടിക്കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഇവയാകെത്തന്നെ സാധാരണക്കാരുടെയും ഇടത്തരക്കാരുടേയും സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്ക

2. ഭരണച്ചെലവിലെ വർദ്ധനവ്

3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ

4. സന്നദ്ധ പ്രവർത്തനങ്ങളിലെ ജനങ്ങളുടെ താൽപ്പര്യക്കുറവ്

5. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് ഉള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.

സാധ്യതകൾ

1. നികുതികൾ യഥാസമയം പിരിച്ചെടുക്കുക. അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുക.

2. ഭരണച്ചെലവ് കുറയ്ക്കൽ

3. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതിയധികാരം പൂർണ്ണമായും ഉപയോഗപ്പെടുത്തുക.

4. ജന പങ്കാളിത്തത്തോടെ പ്രാദേശീകമായ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. മഹിളാ പ്രധാൻ ഏജന്റു മുഖേന ഉള്ള നിക്ഷേപം വർദ്ധിപ്പിക്കുവാൻ പഞ്ചായത്തു സമിതിയുടെയും പൊതു പ്രവർത്തകരുടേയും ശ്രമം ഉണ്ടാവണം. ഈ നിക്ഷേപത്തിന്റെ 20% വരെ ഉള്ള തുക ബന്ധപ്പെട്ട പഞ്ചായത്തിനു തന്നെ ലഭിക്കുമെന്ന് ഓർക്കുക.

6. കത്താത്ത തെരുവു വിളക്കുകൾക്കും K.S.E.B ചാർജ് ഈടാക്കുന്നുണ്ട്. ഇത് ഒഴിവാക്കി ഉപയോഗിക്കുന്ന കറന്റിനു മാത്രം ചാർജ്ജ് കൊടുക്കണം. ഇതിനായ് പ്രത്യേക മീറ്റർ സംവിധാനം കൊണ്ടു വരണം.

7. പഞ്ചായത്തിന്റെ സാധ്യമായ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും കൂലി ഇനങ്ങളിൽ വരുന്ന ചെലവ് ശ്രമദാനമായി സംഘടിപ്പിക്കണം. ഇതിനായി സന്നദ്ധ സംഘടനകളുടെ സഹായം തേടണം.

ജനകീയ ആസൂത്രണ പ്രസ്ഥാനം

പഞ്ചായത്തു തല കൺവീനർ & എഡിറ്റർ
ശ്രീകുമാർ മാന്ദനാമഠം

വികസന രേഖാ കോർ ഗ്രൂപ്പ്
ഗോപാലകൃഷ്ണപിള്ള ഉഷസ്സ് (DRP)
ഷാജി മോൻ
തമ്പി മേടയിൽ
മേജർ. അപ്പുക്കുട്ടൻ നായർ
പി. ജി. ശ്രീധരൻനായർ
വി. എം. ജയിംസ്
ദാമോദരൻ നായർ
ടി. എൻ. പുരുഷോത്തമൻ
സണ്ണി കുറിയിടം
പി. എ. തോമസ്
എൻ. സദാശിവൻനായർ
എസ്. നാരായണപിള്ള
മോഹൻ കുമാർ
രശ്മിഗിരി രാമചന്ദ്രൻ നായർ
ടി. എ. ചാക്കോ
രാജമല്ലിക
സരസ്വതിയമ്മ
എം.എം. മാത്യു
സി. ജി. പരമേശ്വരൻ
പി. എസ്. കുട്ടൻ പിള്ള
എം. എസ്. ഹരികുമാർ

ഉപസംഹാരം

പരിമിതമായ സമയവും, കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും നാട്ടറിവിന്റെയും, കേട്ടറിവിന്റെയും, പഠന പര്യടനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ മഹത്തായ സംരംഭം തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ പല തെറ്റുകളും കുറ്റങ്ങളും കണ്ടേക്കാം. ഒന്നും മനഃപൂർവ്വമല്ലെന്നും അറിയിക്കട്ടെ. വികസന രേഖാ രചനയിൽ വിലപ്പെട്ട വിവരങ്ങൾ തന്നു സഹായിച്ച എല്ലാവർക്കും വിശേഷിച്ച് ഈ രേഖ എഡിറ്റു ചെയ്തു പഞ്ചായത്തു തല കൺവീനർ ശ്രീകുമാർ മാന്ദനാമഠം, രചനയിൽ ഞങ്ങളെ സഹായിച്ച ഗോപാലകൃഷ്ണപിള്ള ഉഷസ്സ്, ഷാജി മോൻ, VEO, കൃഷി ഓഫീസർ, വെറ്റിനറിസർജൻ വിവിധ മേധാവികൾ എന്നിവർക്കുള്ള നന്ദി അറിയിച്ചു കൊള്ളട്ടെ. അതുപോലെ തന്നെ വിലപ്പെട്ട വിവരങ്ങൾ തന്നു സഹായിച്ച ആദ്യകാല തിരുവൻവണ്ടൂർ വില്ലേജ് യൂണിയൻ മെമ്പർ ആയിരുന്ന ശ്രീ. പി. വി. ഉണ്ണിത്താൻ സാറിനോടുമുള്ള ഊഷ്മളമായ നന്ദി അറിയിക്കട്ടെ.

ജനകീയ ആസൂത്രണം ജനോപകാര പ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹിക ആയുധമാണ്. ഈ സമഗ്ര വികസന രേഖ തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും, പരിഷ്കരണത്തിനും വേണ്ടി

വിശ്വസ്തതയോടെ

പ്രസിഡന്റ്

ജിജി ഏബ്രഹാം കരുകേലിൽ

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR

423



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം
  ജനകീയവും ശാസ്ത്രീയവ
  ഗ്രാമതല ആസൂത്രണം.
- 9-ാം പദ്ധതി ജനകീയ പ
- 40% പദ്ധതി വിഹിതം
  തുകൾക്ക്
- വികസനപ്രക്രിയ അഴിമതിര
  മാക്കുന്നു.
- ബഹുജനസഹകരണം അനിവാര്യ

Bethany Offset Printers, Tiruvalla. Typesetting at Edessa Computers, Thiruvalla. Ph. 624070